# കൊച്ചി തിരുവിതാംകൂർ
# മഹായിടവകയുടെ
# ൧൯൨൯–ലേക്കുള്ള
# റിപ്പോർട്ട്

# കൊച്ചിതിരുവിതാംകൂർ മഹായിടവക

---

### ബിഷോപ്പു

റൈററ് റവറന്ത് ഇ. എ. എൽ. മൂർ, എം. എ.

### കോട്ടയം ആച്ച്ഡീക്കനും ബിഷോപ്പു കമ്മിസ്സറിയും

വെന. ററി. കെ. ബഞ്ചമിൻ, ബി. എ.

### മാവേലിക്കര ആച്ച്ഡീക്കൻ

വെന. ജെക്കോബ്ബ ചാണ്ടി

### ബിഷോപ്പിന്റെ പരിക്ഷകന്മാരായ ചാപ്ലേന്മാർ

റവ. പി. സി. കോര, ബി. എ.

,, സി. കെ. ജെക്കോബ്ബ, ബി. എ.

### മഹായിടവക രജിസ്ത്രാർ

വെന. ററി. കെ. ബഞ്ചമിൻ, ബി. എ.

### ചർച്ച്മിഷ്യൻസമൂഹപ്രതിനിധി

റവ. ഡബ്ളിയു. എസ്സ്. ഹണ്ട്, എ. കെ. സി.

### പട്ടക്കാർ

വെന. ജെ. ചാണ്ടി, കോട്ടയം
റവ. ഇ. വി. ജോൺ (ഉദ്യോഗം ഒഴിഞ്ഞു)
,, ററി. കെ. ജോസേപ്പു, പൂവത്തൂർ
,, എ. ഒ. മത്തായി, ചങ്ങനാശ്ശേരി
,, എം. സി. തോമ്മാ (ഉദ്യോഗം ഒഴിഞ്ഞു)
,, ററി. ഐ. എബ്രഹാം, തിരുവനന്തപുരം
വെന. ററി. കെ. ബഞ്ചമിൻ, ബി. എ., കോട്ടയം
റവ. ററി. കോശി, (ഉദ്യോഗം ഒഴിഞ്ഞു)
,, കെ. പി. ഉമ്മൻ, കോട്ടകഉഞ്ഞി
,, പി. എ. ശമുവേൽ (ഉദ്യോഗം ഒഴിഞ്ഞു)
,, പി. ഒ. മാത്തൻ ( ,, )
,, സി. സി. തൊമ്മൻ, ആലപ്പുഴ
,, പി. ജെ. ജോഷ്വാ, ബി. എ., ആലുവാ
,, എം. ററി. ചാക്കൊ, തിരുവല്ലാ
,, ററി. ഐ. ചെറിയാൻ, തലവടി
,, പി. ജോൺ ജോസേപ്പു, അയിരൂർ

റവ. ഡബ്ളിയു. ഒ. ഉമ്മൻ, മൂവാററുപുഴ
,, ററി. ജെ. ആണ്ട്റൂ, പീരുമേട
,, സി. എൻ. തോമ്മസ്സ, കുന്നംകുളങ്ങര
,, പി. കെ. ചാണ്ടി, തൃശ്ശൂർ
,, ററി. ഇ. എബ്രഹാം, പുതുപ്പള്ളി
,, കെ. ഒ. ചാക്കൊ, കററാനം
,, കെ. വി. തോമ്മസ്സ, കന്നീററു
,, എം. ജെ. ചാണ്ടി, ബി. എ., മാവേലിക്കര
, പി. സി. കോര, ബി. എ., കോട്ടയം
, സി. കെ. ജെക്കോബു, ബി. എ., കോട്ടയം
,, ജി. എ. എൻ. ഷാക്കിൾ, എം. എ., ചാപ്ലേൻ, തിരുവനന്തപുരം
,, പി. ശമുവേൽ, മൂന്നാർ
,, പി. ഇ. ചാക്കൊ, കാനം
,, കെ. സി. ഡേവിഡ്, റാന്നി
,, എം. വി. ജോർജ്ജ്, ബി. എ., കൊച്ചി
,, എ. പി. ഇട്ടി, മുണ്ടക്കയം
,, കെ. ജെ. ചാക്കൊ, കവിയൂർ
,, ഇ. ജെ. ജോസേപ്പു, പെരുന്തുരുത്തി
,, പി. എബ്രഹാം കോശി, അടൂർ
,, ററി. ജെ. വർക്കി, എലന്തൂർ
,, കെ. പി. എബ്രഹാം, മേലുകാവു
,, കെ. കെ. ചാക്കൊ, നെടുങ്ങാടപ്പള്ളി
,, കെ. വി. വില്യം, കാട്ടാമ്പാക്കൽ
,, എം. കെ. ജോസേപ്പു, മങ്കൊമ്പു
,, ററി. പി. ഡേവിഡ്, കൂത്താട്ടുകുളം
,, പി. ജെ. ജോർജ്ജ്, ബി. എ., ബി. ഡി., എരുമാപ്ര
,, എം. സി. ചാക്കൊ, ബി. എ., ബി. ഡി., കോട്ടയം
,, എ. ജെ. കുഞ്ഞൻ, കോട്ടയം
,, എം. ജെ. ഫ്രാൻസിസ്സ്, മുട്ടുചിറ
,, കെ. ഒ. ഫിലിപ്പു, മല്ലപ്പള്ളി
,, ഇ. എർ. സ്ലീയർ, എം. എ., കോട്ടയം
,, കെ. വി. ഈപ്പൻ, വെള്ളുത്തുരുത്തി
,, പി. ഇ. വർക്കി, എറികാട്ട
,, പി. ഐ. ചെറിയാൻ, ഏററുമാനൂർ
,, എം. വി. പോത്തൻ, ചേലക്കൊമ്പു
,, കെ. പി. ചാണ്ടി, കൂവപ്പള്ളി
,, ജെ. എച്ച്. പ്രസ്റ്റൻ, ചാപ്ലേൻ, കൊച്ചി
,, എ. ററി. ചാക്കൊ, കുമ്പളാംപൊയ്ക
,, ഇ. ജെ. ഐസ്സക്ക, പാമ്പാടി
,, ജി. കോശി, ബി. എ., ബി. ഡി., ഒളശ്ശ
,, സി. കെ. ജോൺ, എറണാകുളം
,, ബി. ജി. ക്രൊവ്ളി എം. എ., ആലുവാ
,, ജെ. എച്ച്. അൻഡ്രൂ, മൂന്നാർ
,, എച്ച്. ജേംസ്, ടി

## മിഷ്യനറിമദാമ്മമാർ

### സി. എം. എസ്സ്.

മിസ്സ് എ. എ. ബേക്കർ, കോട്ടയം
,, കെ. എം. റിച്ചാർഡ്സ്, പള്ളം
,, ഇ. ജെ. നിവ്വ, വാരിക്കാട്ട്
,, ജി. ഇ. മിഗർ, ബി. എ., കോട്ടയം
,, ജി. ജെ. കെല്ലവയി, എം. എ., തിരുവല്ലാ
,, എൽ. എ. ഡേവിസ്, ചെങ്ങന്നൂർ
,, എം. ആർ. ഹിൽ, പള്ളം
,, ബി. എം. വിററ്ലോക്ക, ചെങ്ങന്നൂർ
,, എഫ്. എൽ. ടൈററ്, കോട്ടയം
,, ഡി. ഇ. ഫ്ളീററ, ,,
,, എം. ഇ. ഈസ്റ്റ്, ,,

### സി. ഇ. ഇസററ്. എം. എസ്സ്.

മിസ്സ് സി. ബേക്കർ, ഒളശ
,, ഇ. ബ്ല്യമോൻറ, തിരുവനന്തപുരം
,, എം. സി. ഇ. റോബിൻസ്, എരണാകുളം
,, ഇ. എം. കെണ്ടൽ, തൃശ്ശൂർ
,, ഇ. കൌളി, ,,
,, ഡി. ടെയിലർ, തിരുവനന്തപുരം
,, ബി. കിഡ്ജെൽ, എറണാകുളം

## മഹായിടവക കൌൺസിൽ
## സ്റ്റാണ്ടിംഗ്കമ്മട്ടിഅംഗങ്ങൾ

ബിഷോപ്പുതിരുമനസ്സുകൊണ്ടു (അഗ്രാസനി)

### പട്ടക്കാർ

വെന. ജെക്കോബ്ബ ചാണ്ടി
,, ററി. കെ. ബെഞ്ചമിൻ, ബി. എ.
റവ. ഡബ്ള്യു. എസ്. ഹണ്ട്, എ. കെ. സി.
,, പി. ജെ. യോശുവാ, ബി. എ.
,, പി. ജെ. ജോർജ്ജ്, ബി. എ., ബി.ഡി.
,, ററി. പി. ഡേവിഡ്
,, പി. ഇ. ചാക്കൊ
,, സി. സി. തൊമ്മൻ

റവ. ഇ. ജെ. യോസേപ്പ
,, കെ. കെ. ചാക്കൊ
,, കെ. സി. ഡേവിഡ്
,, എം. ജെ. ചാണ്ടി, ബി. എ.
,, സി. കെ. ജെക്കോബ്ബ, ബി.എ.
,, ഡബ്ളിയു. ഒ. ഉമ്മൻ
,, കെ. വി. അബ്രഹാം
,, പി. സി. കോര, ബി. എ. (സിക്രട്ടറി)

## അസ്സെംബ്ളിഅംഗങ്ങൾ

മിസ്സ് ഇ. ജെ. നീവ്
,, ആർ. യോസേപ്പ്, ബി. എ.
,, ബി. എം. വിറ്റ്ലോക്ക
,, എൽ. എ. ഡേവിസ്
,, കെ. എം. റിച്ചാർഡ്സ്
മിസ്റ്റർ എം. റ്റി തോമ്മസ് ബി. എ., എൽ. റ്റി.
,, റ്റി. ഡി. ജോർജ്ജ്, ബി. എ., എൽ. റ്റി.
,, ജോർജ്ജ് കുര്യൻ, ബി. എ., ബി. എൽ.
,, പി. എസ്. ഏബ്രഹാം
,, റ്റി. ജെ. ജോൺ
,, പി. ജെ. ജോൺ
,, വി. ജെ. മത്തായി
,, പി. ഐ. നൈനാൻ
,, പി. എ. ഐസക്ക
മിസ്റ്റർ റ്റി. കോരുള
,, എം. ഇ. ജോർജ്ജ്, ബി. എ., എൽ. റ്റി.
,, വി. റ്റി. ഡേവിഡ്
,, എം. എം. മർക്കോസ്
,, എം. ടി. തോമ്മസ്, എൽ. എം. & എസ്.
,, എം. എം. ലൂക്കോസ്
,, റ്റി. എസ്. യൂമാ
,, പി. ജെ. ഏബ്രഹാം
,, വി. എ. ചാക്കോ, ബി. എ., എൽ. റ്റി.
,, പി. ജെ. ഏബ്രഹാം, ബി. എ., എൽ. റ്റി.
,, ജി. അലക്സാണ്ടർ, ബി. എ.
,, സി. കെ. തോമ്മസ്, ബി. എ., എൽ. റ്റി.
,, പി. ചെറിയാൻ, ബി. എ., ബി. എൽ.
,, റ്റി. എൻ. കുര്യൻ

മിസ്റ്റർ കെ. ജെക്കോബ്, ബി. എ., ബി. എൽ. (സിക്രട്ടറി)

## ഡിസ്ട്രിക്റ്റ്കൌൺസിലുകൾ

കോട്ടയം
തൃശ്ശൂർ
മേൽകാവു
ഏറ്റുമാനൂർ
പള്ളം
തിരുവല്ലാ
മല്ലപ്പള്ളി
എലന്തൂർ
മാവേലിക്കര

## വിദ്യാഭ്യാസസ്ഥാപനങ്ങൾ

വൈദികശിക്ഷാക്രമപാഠശാല — സി. എൻ. ഐ.
അദ്ധ്യക്ഷൻ — റവ. സി. കെ. ജെക്കോബ്, ബി. എ.
ആക്റ്റിംഗ് ഹെഡ്മാസ്റ്റർ — മിസ്റ്റർ കെ. എം. ജോൺ, ബി. എ., എൽ. റ്റി.

### ബുക്കാനാൻപാഠശാല

അദ്ധ്യക്ഷ — മിസ്സ് കെ. എം. റിച്ചാർഡ്സ്.
പ്രഥമാദ്ധ്യാപകി — മിസ്സ് മറിയം ബെഞ്ചമിൻ, ബി. എ., എൽ. റ്റി.

### സി. എം. എസ്സ്. കോളേജ്, കോട്ടയം

അദ്ധ്യക്ഷൻ — മിസ്റ്റർ സി. കെ. തോമ്മസ്, ബി. എ., എൽ. റ്റി.
പ്രഥമാദ്ധ്യാപകൻ — (ഹൈസ്ക്കൂൾ) പി. എം. കുര്യൻ, ബി. എ., എൽ. റ്റി.

### ബിഷോപ്പ്ഹോഡ്ജസ് ഇംഗ്ലീഷ്ഹൈസ്ക്കൂൾ, മാവേലിക്കര

പ്രഥമാദ്ധ്യാപകൻ — മിസ്റ്റർ കെ. എം. തോമ്മസ്, ബി. എ., എൽ. റ്റി.

## ത്രിശ്ശിവപേരൂർ ഇംഗ്ലീഷ് ഹൈസ്കൂൾ

പ്രഥമാദ്ധ്യാപകൻ — മിസ്റ്റർ സി. കോരുള ജോൺ, ബി. എ., എൽ. ററി.

## മല്ലപ്പള്ളി ഇംഗ്ലീഷ് ഹൈസ്കൂൾ

പ്രഥമാദ്ധ്യാപകൻ — മിസ്റ്റർ എം. ഇ. ജോർജ്ജ്, ബി. എ., എൽ. ററി.

## ബെയിക്കർസ്മാരക ഇംഗ്ലീഷ് ഹൈസ്കൂൾ, കോട്ടയം

അദ്ധ്യക്ഷ — മിസ്സ് ജി. ഇ. മിഗർ, ബി. എ.
സൂപ്രണ്ട — മിസ്സ് ഐ. ഏ. ബെയിക്കർ

## ലോവർഗ്രേഡ് ഇംഗ്ലീഷ് സ്കൂളുകൾ

പള്ളം, ഒളശ, തലവടി, പുതുപ്പള്ളി, എലന്തൂർ, കോട്ടകുളഞ്ഞി, കററാണം, നെടുങ്ങാടപ്പള്ളി, പുന്നവേലി, മുണ്ടക്കയം.

## പെൺകുട്ടികൾക്കുള്ള കമ്മ്യൂനിററിസ്കൂൾ, വാരിക്കാട്ട

മാനേജർ — മിസ്സ് ഇ. ജെ. നീവ്
അസിസ്റ്റണ്ട — ആർ. യോസേപ്പ ബി. എ.

## ആൺകുട്ടികൾക്കുള്ള ടി സ്കൂൾ, റാന്നി.

മാനേജർ — മിസ്സ് ഇ. ജെ. നീവ
പ്രഥമാദ്ധ്യാപകൻ — ഡബ്ളിയു. ജെ. ചെറിയാൻ

## കൈത്തൊഴിൽശാലകൾ

ആൺകുട്ടികൾക്ക — കോട്ടയം
നെയിത്തുശാല — തിരുവല്ലാ
നാട്ടുഭാഷാസ്കൂളുകൾ — മൂന്നു.

## മുഖവുര

ഇങ്ങനെയുള്ള ഒരു റിപ്പോർട്ടു കയ്യിലെടുക്കുന്ന ഏതൊരുവൻെറയും മനസ്സിൽ തോന്നാവുന്ന ആദ്യവിചാരം കഴിഞ്ഞയാണ്ടിൽ സഭയ്ക്കു 'അഭിവൃദ്ധി' ഉണ്ടായിട്ടുണ്ടോ എന്നുള്ളതാണ്. എന്നാൽ 'അഭിവൃദ്ധി' എന്നു പറഞ്ഞാൽ നാം എന്താണു മനസ്സിലാക്കേണ്ടതു? അതു ആത്മികാഭിവൃദ്ധിയെ ഉദ്ദേശിച്ചോ, അല്ല, മഹാഇടവകയുടെ വിവിധശാഖകളിലുണ്ടായിട്ടുള്ള വർദ്ധനവിനെ ഉദ്ദേശിച്ചോ? ഒരു സഭയുടെ സർവ്വപ്രധാനമായ അഭിവൃദ്ധി ഒന്നാമത്തെ സംഗതിയിലാണു കാണേണ്ടതു്. രണ്ടാമത്തേതു സാരതരമാണെങ്കിലും ആദ്യത്തേതിൻെറ ഒരു ബാഹ്യചിഹ്നമായിട്ടേ മുഖ്യമായി ഗണിക്കേണ്ടതുള്ളൂ.

ആകയാൽ സഭാംഗങ്ങളുടെ ഇടയിൽ കൃപയിലുള്ള വളർച്ച ഉണ്ടായിട്ടുണ്ടോ എന്നു ചോദിച്ചുകൊള്ളട്ടെ. ഇങ്ങനെയുള്ള വളർച്ചയുടെ ലക്ഷ്യങ്ങൾ സഭാംഗങ്ങളുടെ ജീവിതത്തിലും, ദൈവത്തോടും, ക്രൈസ്തവരും അക്രൈസ്തവരുമായ തങ്ങളുടെ അയല്ക്കാരോടും ഉള്ള പെരുമാററങ്ങളിലും കാണാനുണ്ടോ? തങ്ങളുടെ മതബോധത്തിലും ആരാധനത്തിലും കൂടുതൽ യാഥാർത്ഥ്യം കാണുന്നുണ്ടോ? ദിനംപ്രതിയുള്ള സാധാരണ ജോലി ചെയ്തു ഉപജീവനം സമ്പാദിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്തിലും ഇതരജനങ്ങളോടുള്ള ഏർപ്പാടുകളിലും അതുപോലെ തന്നെ ദൈവഭവനത്തിലും സ്വഗൃഹങ്ങളിലും പ്രാർത്ഥിക്കുമ്പോഴും പരിശുദ്ധാത്മാവു അവരുടെമേൽ ശക്തിയേറിയ ഭരണം നടത്തുന്നുണ്ടോ? അതുമൂലം ക്രിസ്തുരാജ്യപ്രചാരത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി അധികം വിചാരപ്പെടുകയും പ്രവർത്തിക്കയും ചെയ്വാൻ തക്കവണ്ണമുള്ള ഭ്രമം ഉണ്ടാകുന്നുണ്ടോ? ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ സഭ ഈ ദേശത്തു ക്രിസ്തുവിൻെറ പ്രതിനിധി എന്ന നിലയിൽ അവളെ ഭരമേല്പിച്ചിരിക്കുന്ന വേലയെ, ൧൯൨൭-ലേക്കാൾ അധികം തീക്ഷ്ണതയോടും ഫലകരമായും ൧൯൨൮-ൽ നിർവ്വഹിച്ചിട്ടുണ്ടോ?

ഇങ്ങനെയുള്ള ഒരു റിപ്പോർട്ടിൽ ഈ ചോദ്യങ്ങൾക്കു പൂർണ്ണമായി ഉത്തരം കൊടുപ്പാൻ പ്രയാസമുണ്ട്. എങ്കിലും അതിൻെറ പ്രാരംഭഭാഗത്തു അതുകളെ ഉദ്ധരിക്കുന്നതു നല്ലതാണ്. എന്തെന്നാൽ അതുകൾ ഒരു സഭയുടെ കാര്യത്തിൽ യഥാർത്ഥമായ അഭിവൃദ്ധി എത്രമാത്രം ഉണ്ടായിട്ടുണ്ട് എന്നു നമ്മെ ഓർമ്മിപ്പിക്കുന്ന സാരതരങ്ങളായ ചോദ്യങ്ങളാണ്. ഒരു സഭയെ സംബന്ധിച്ച അഭിവൃദ്ധി എന്നുള്ളതു പ്രവർത്തകന്മാരുടെയോ, വിദ്യാമന്ദിരങ്ങളുടെയോ, അദ്ധ്യേതാക്കളുടെയോ എണ്ണമോ, സഭാംഗങ്ങളുടെയോ, വരുമാനങ്ങളുടെയോ കൂടുതലിൽ അല്ല അന്തർഭവിച്ചിരിക്കുന്നതു്, മഹാഇടവകയുടെ ഭരണകാര്യത്തിൽ കൂടുതൽ താല്പര്യം കാണിക്കുന്നതിലും അല്ല; ഇവയൊക്കെയും അതിൻെറ ലക്ഷ്യങ്ങളായി ഗണിക്കപ്പെടാം. പ്രത്യുത, ഈ ലക്ഷ്യങ്ങളുടെ അഭാവം മന്ദഗതിയും വളർച്ചക്കുറവും ഉണ്ടെന്നു കാണിക്കുന്നതാകയാൽ അവയെ ഒരു വിധത്തിലും അവഗണിക്കയോ അവയാൽ പ്രത്യക്ഷമാകുന്നതായ ത്യാഗത്തോടുകൂടിയ അദ്ധ്വാനത്തെ വിസ്മരിക്കയോ ചെയ്തുകൂടാ. എന്നാൽ അവയെ സഭയുടെ ആത്മീയ പുരോഗമനത്തിൻെറ സാദ്ധ്യമായ ചിഹ്നം എന്നു വിചാരിച്ചു പ്രത്യേകം വിലയുള്ളതായി കരുതേണ്ടതാണ്.

ഒരു സഭയെ സംബന്ധിച്ച അഭിവൃദ്ധി എന്നു പറഞ്ഞാൽ അതിലെ അംഗങ്ങളുടെ ആത്മീയ ജീവിതത്തിലുള്ള അഭിവൃദ്ധിയും ഇങ്ങനെയുള്ള അഭിവൃദ്ധിയിൽനിന്നുളവാകുന്ന ഫലങ്ങളും എന്നാണ് അർത്ഥം ധരിക്കേണ്ടതു്. സഭയെ ദൈവരാജ്യത്തോടു അധികമധികമായി ഐക്യപ്പെടുത്തുന്ന പ്രവൃത്തിയാൽ പ്രത്യക്ഷമാകത്തക്കവണ്ണം ദൈവത്തോടു ഏററവും അടുത്തു ജീവിക്കുന്ന അനുഭവം എന്നാണ് അതിൻെറ

സാരം. 'ദൈവരാജ്യം ഭക്ഷണവും പാനീയവും അല്ല—പിന്നെയോ, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ.' ഓരോ കാൎയ്യത്തെയും അധികം ശുഷ്കാന്തിയോടു ചെയ്യുന്നതുകൊണ്ടു മാത്രം അഭിവൃദ്ധി ഉണ്ടെന്നു പറഞ്ഞുകൂടാ. പ്രത്യുത, ദൈവത്തെപ്പോലെ ആയിത്തീരുന്നതാണ്. ക്രൈസ്തവരുടെ ആളാംപ്രതിയുള്ള ജീവിതത്തിൽ കാണുന്ന ഗുണം ഇതാണ്. സഭ എന്നതു ഓരോ സഭാംഗവുംകൂടി ഉണ്ടാകുന്ന കൂട്ടമാണല്ലോ. ദൈവത്തിന്റെ തോന്നിപ്പുകൾക്കു അനുസരണമായി സംഗതികളെ ഏററവും ശുഷ്കാന്തിയോടുകൂടി ചെയ്വാൻ തക്കവണ്ണം സഭാംഗങ്ങളുടെ ആത്മീയ വളൎച്ചയിലുള്ള അഭിവൃദ്ധിയാണ് സഭയുടെ യഥാൎത്ഥമായ അഭിവൃദ്ധി.

ഇപ്രകാരമുള്ള അഭിവൃദ്ധിയെ കണക്കുകളാലും അക്കങ്ങളെക്കൊണ്ടും ബാഹ്യരേഖകളാലും കാണിക്കാവുന്നതല്ല. അഭിവൃദ്ധി ഉണ്ടോ ഇല്ലയോ എന്നു അറിവാനുള്ള പ്രാപ്തി 'അവരുടെ ആത്മാക്കൾക്കുവേണ്ടി ജാഗരണം ചെയ്യുന്നവൎക്കു' മാത്രമേ അറിഞ്ഞുകൂടു. അവരുടെ 'ആത്മാക്കളുടെ ഇടയന്മാരായി' നിയമിക്കപ്പെട്ടിരിക്കുന്ന പട്ടക്കാൎക്കു അറിയാമായിരിക്കും. തങ്ങളുടെ തലസഭയിലോ ഉപസഭകളിലോ പാൎക്കുന്ന ചാക്കോയും, യോഹന്നാനും, ഏലിയും, മറിയയും കഴിഞ്ഞ ആണ്ടിലത്തേതിൽ ആത്മീയവളൎച്ചയിൽ മുമ്പോട്ടു പോയിട്ടുണ്ടോ, അധഃപതിച്ചോ എന്നുള്ളതു അവൎക്കു സംശയമെന്നിയെ അറിയാം. എന്നാൽ ഇങ്ങനെയുള്ള അനുഭവങ്ങളെ ഒരു വാൎഷികറിപ്പോൎട്ടിൽ ബോദ്ധ്യമാംവണ്ണം കാണിക്കാവുന്നതല്ല. ഇപ്രകാരമുള്ള ഒരു റിപ്പോൎട്ടിൽ കഴിഞ്ഞ ആണ്ടിൽ മഹായിടവകയുടെ വിവിധശാഖകളിൽ നടന്നിട്ടുള്ള പ്രധാന സംഭവങ്ങളെ രേഖപ്പെടുത്താം എന്നേയുള്ളു. അതുകളെ ഈ റിപ്പോൎട്ടിൽ തരംതിരിച്ചു കാണിച്ചിട്ടുണ്ട്. എന്നാൽ പ്രഥമസ്ഥാനത്തെ അൎഹിക്കുന്നതു മുകളിൽ പ്രസ്താവിച്ചിട്ടുള്ളതാണെന്നു ഇതു വായിക്കുന്ന എല്ലാവരും ഓൎത്തുകൊള്ളേണ്ടതാണ്. ആണ്ടവസാനത്തിൽ നടന്ന വൈസറോയി അവൎകളുടെ സന്ദൎശനം പ്രസ്തുത ആണ്ടിലെ പ്രധാന സംഭവങ്ങളുടെ കൂട്ടത്തിൽ ഗണിക്കേണ്ടതാണ്. ആ മഹാനുഭാവന്റെ ഉദ്യോഗവലിപ്പവും സകല കക്ഷികളുടെയും ബഹുമാനത്തിനു പാത്രീഭൂതനാകത്തക്കവണ്ണം അദ്ദേഹത്തിൽ പ്രകാശിച്ചിരുന്ന ബലത്തരമായ ക്രൈസ്തവസ്വഭാവവുംകൊണ്ടാണ് ഈ സംഗതി ആദ്യമായി പ്രസ്താവിച്ചതു. രണ്ടു സംസ്ഥാനങ്ങളുടെയും തലസ്ഥാനനഗരങ്ങളിലുള്ള—കൊച്ചിയിലും തിരുവനന്തപുരത്തുമുള്ള—നമ്മുടെ രണ്ടു പള്ളികളിൽ ഡിസംബർ ഒന്നും എട്ടും ഞായറാഴ്ചദിവസങ്ങളിൽ ഇർവിൻ പ്രഭുവും പ്രഭ്വിയും ഒരുമിച്ചു ദൈവാരാധനയിൽ സംബന്ധിച്ചു. തിരുവനന്തപുരത്തുവെച്ചു നമ്മുടെ ബിഷോപ്പുതിരുമനസ്സിലെക്കൂടെ അദ്ദേഹത്തിന്റെ ഭക്ഷണമേശയിങ്കൽ പങ്കുകൊള്ളുന്നതിനു ക്ഷണിച്ചിരുന്നു. അവിടുന്നു ആലുവാ യൂനിയൻകോളേജും അധഃകൃതരുടെ ഉന്നമനത്തെ കരുതി നടത്തുന്ന 'സെററിൽമെൻറും' സന്ദൎശിച്ചു. ഒടുവിൽ പറഞ്ഞ സ്ഥാപനം അദ്ദേഹം ഇന്ത്യയുടെ ഇതരപ്രദേശങ്ങളിൽ കണ്ടിട്ടുള്ള തത്തുല്യമായ മററു സ്ഥാപനങ്ങളെ അപേക്ഷിച്ചു വളരെ വിശേഷമായിരിക്കുന്നു എന്നു പ്രശംസിച്ചു പ്രസംഗിച്ചു. അദ്ദേഹം സുറിയാനി സഭാമേലദ്ധ്യക്ഷന്മാരിൽ ചിലൎക്കു സന്ദൎശനം അനുവദിക്കയും അവരുടെ ഇടയിലുള്ള ഭിന്നതകൾ തീൎന്നുകാണുന്നതിനു അതിവാഞ്ഛ പ്രദൎശിപ്പിക്കയും ചെയ്തു. അദ്ദേഹവും ലേഡി ഇർവിനും ജനതയ്ക്കു അടുത്തുചെല്ലുന്നതിനു സ്വാതന്ത്ര്യം അനുവദിക്കയും അവരോടു സ്നേഹഭാവം കാണിക്കയും ചെയ്തതുകൊണ്ടു ഈ രണ്ടു രാജ്യങ്ങളിലുമുള്ള സകലമാനപേൎക്കും അവർ പ്രിയപ്പെട്ടവരായതീൎന്നു. അവരുടെ സന്ദൎശനം കൃതജ്ഞതാപൂൎവ്വം സ്മരിക്കപ്പെടുന്നതാണ്. കർസൺ പ്രഭുവിന്റെ സന്ദൎശനശേഷം നമ്മുടെ ഇടയിൽ ആഗതനായതു വൈസറോയി ഇർവിൻ പ്രഭുവാണ്.

പിന്നെ നമ്മുടെ മഹായിടവകയെ സന്ദർശിച്ച മഹാൻ കൊളമ്പുബിഷോപ്പു തിരുമനസ്സുകൊണ്ടാണ്. അദ്ദേഹം ഒക്ടോബർമാസത്തിൽ യൂനിയൻകോളജിൽ ഒരു ധ്യാനയോഗം നടത്തുകയും കുറച്ചുദിവസം നമ്മുടെ ബിഷോപ്പുതിരുമനസ്സിലെ അതിഥിയായി കോട്ടയത്തു താമസിക്കയും അനന്തരം മല്ലപ്പള്ളിൽവെച്ചു നടത്തിയ മഹായിടവക മിഷ്യനറിയോഗത്തിൽ പ്രസംഗിക്കയും ചെയ്തു. മിഷ്യനറിയോഗത്തെ കുറിച്ചു അദ്ദേഹത്തിന്റെ മഹായിടവകമാസികയിൽ, 'എത്രയും അത്ഭുതകരവും രസകരവും ആയ അനുഭവം' എന്നു എഴുതിയിരിക്കുന്നു. അദ്ദേഹത്തിന്റെ മഹായിടവകയിൽനിന്നു വൈദികശാസ്ത്രപഠനത്തിനായി വന്നിട്ടുള്ള ചില വൈദികന്മാർ പഠിച്ചുവരുന്ന സി. എൻ. പാഠശാലയും അദ്ദേഹം സന്ദർശിച്ചു. അതിനെക്കുറിച്ചു അദ്ദേഹം ഇപ്രകാരം എഴുതിയിരിക്കുന്നു: 'അവിടെ ഞാൻ കണ്ട ഏർപ്പാടുകൾ എനിക്കു നന്നായി ബോധിച്ചു. ഇപ്രകാരം വിലയേറിയ ഒരു സ്ഥാപനം കിട്ടിയതു ആ മഹായിടവകയുടെ ഭാഗ്യംതന്നെ എന്നു ഞാൻ വിചാരിക്കുന്നു.' സിലോനിൽ പാർക്കുന്ന ക്രൈസ്തവരും അക്രൈസ്തവരുമായ മലയാളികളുടെ ആത്മീയകാര്യങ്ങൾക്കു വേണ്ട കരുതലുകൾ ചെയ്തിട്ടുള്ളതിനെ ഓർത്തു നാം അദ്ദേഹത്തിന്റെ മഹായിടവകയോടു കൃതജ്ഞതയുള്ളവരായിരിക്കേണ്ടതാണ്. റവ. സി. സി. ഐ. അബ്രഹാംഅച്ചനു പ്രസ്ബിറ്റർസ്ഥാനം കൊടുത്തതു അദ്ദേഹമാണ് എന്നുള്ളതും സ്മരിക്കേണ്ടതാണ്.

അമ്പതു വർഷത്തിനു മുമ്പു, ഈ മഹായിടവക രൂപീകരിക്കപ്പെട്ടപ്പോൾ, നമ്മുടെ ഒന്നാമത്തെ ബിഷോപ്പിനെ ൧൮൮൯ ജൂലായി ൨൫-ാംതിയ്യതി ലണ്ടനിലുള്ള വിശുദ്ധ പൌലൂസിന്റെ ഭദ്രാസനപ്പള്ളിയിൽവെച്ചാണ് വാഴിച്ചതു്. എങ്കിലും മഹായിടവക ജൂബിലിസ്മരണാഘോഷം, ഗ്ലീച്ചിലി ബിഷോപ്പുതിരുമനസ്സുകൊണ്ടു ഈ മഹായിടവകയിൽ പ്രവേശിച്ചതുമുതൽ അമ്പതു വർഷം തികയുന്ന ൧൯൩൦ ഫെബ്രുവരി ൨൭-ാംതിയ്യതിക്കു നീക്കിവെക്കയാണുണ്ടായതു്. അതിനിടയ്ക്കു അതു സഫലമാകേണ്ടതിനു ആവശ്യപ്പെട്ട നടപടികൾ ൧൯൨൯-ൽ തന്നെ നടത്തിക്കൊണ്ടാണ് ഇരുന്നതു്. വിശിഷ്യ ഒരു ജൂബിലിസ്മാരക മുതൽശേഖരം വേണമെന്നുള്ളതും അതിൽ ഉൾപ്പെട്ടിരുന്നു.

പ്രസ്തുത ആണ്ടിൽ നമ്മെ സന്ദർശിച്ച വേറെ ചില മഹാന്മാരുടെ പേരുകൾകൂടി ഇവിടെ പ്രസ്താവിക്കുന്നതു സന്ദർഭോചിതം ആയിരിക്കും എന്നു വിചാരിക്കുന്നു. അഗ്രാനഗരിയിൽ സ്ഥിതിചെയ്യുന്ന സെൻറു ജോൺസ് പാഠശാലാദ്ധ്യക്ഷനായിരുന്നശേഷം, ഇംഗ്ലണ്ടിലുള്ള ചർച്ച് അസംബ്ലി മിഷ്യനറികൌൺസിലിന്റെ സെക്രട്ടറിഉദ്യോഗം സ്വീകരിപ്പാൻ ഇംഗ്ലണ്ടിലേക്കു പോകുന്നവഴി നമ്മെ കണ്ടുംവെച്ചു പോകുവാൻ വന്ന കാനൻ ഡേവിസ്; സി. എം. എസ്സിന്റെ ഇണ്ത്യാസെക്രട്ടറി ഉദ്യോഗം സ്വീകരിപ്പാൻ പോകുന്ന റവ. ഡബ്ളിയു. വി. കെ. ത്രീനർ; റോറൊന്റൊവിലെ വിക്ലിഫ് പാഠശാലാദ്ധ്യക്ഷൻ കാനൻ ഒമേറാ; വളരെക്കാലം മുമ്പു തെന്നിണ്ത്യയിലും വിശിഷ്യ തിരുവിതാംകൂറിലും ക്രൈസ്തവയുവജനസംഘം സ്ഥാപിച്ച മക്കോനാഖി; ഗ്രാമരൂപീകരണത്തിൽ പ്രവീണനായ അമേരിക്കൻ ഡാക്ടർ ബറേൽഫൈെ, തൃപ്പത്തൂർ ആശ്രമവാസിയായ ഡാക്ടർ പെയിററൻ എന്നിവരുടെ പേരുകൾ പ്രസ്താവയോഗ്യങ്ങളാണ്. അഗ്രാ സെൻറുജോൺസ് പാഠശാലയുടെ കാര്യം പറഞ്ഞപ്പോൾ കാനൻ ഡേവിസിന്റെ പിൻഗാമിയായി തിരുവിതാംകൂർ വിട്ടുപോയ റവ. ഡബ്ളിയു. ഇ. എസ്സ്. ഹോളണ്ടിന്റെ കാര്യം ഓർമ്മയിൽ വരുന്നു.

ബി. എ. ബിരുദധാരികളായ നമ്മുടെ വൈദികന്മാർക്കു വേദശാസ്ത്രപഠനം നല്കിക്കൊണ്ടിരിക്കുന്ന കല്ക്കത്തായിലുള്ള ബിഷോപ്പന്മാരുടെ കോളജിന്റെ അദ്ധ്യക്ഷ

നായ പാക്കൻഹാംബിഷോപ്പവർകളും നമ്മുടെ മഹായിടവക സന്ദർശകന്മാരിൽ ഒരു ആളായിരുന്നു. കഴിഞ്ഞ മെയിമാസത്തിൽ മല്ലപ്പള്ളിൽവെച്ചു നടത്തിയ യു വജനവാർഷികസമ്മേളനത്തിൽ, റവ. സ്റ്റിഫൻ നീൽ സായ്പിനോടുകൂടി അദ്ദേഹം നായകസ്ഥാനം വഹിച്ചു പ്രവർത്തിച്ചു. ആ സമ്മേളനത്തിൽ നമ്മുടെയും മാർത്തോമ്മാസഭയിലെയും അംഗങ്ങൾ ഒരുമിച്ചുചേർന്നാണ് യോഗം നടത്തിയതു എന്നുള്ളതു പ്രസ്താവയോഗ്യമാണ്. പ്രസ്തുത ആണ്ടു ഒക്ടോബർമാസം ൩—൯ വരെയുള്ള തിയ്യതികളിൽ രണ്ടു സഭകളിലെയും വൈദികന്മാർ ഒരുമിച്ചുചേർന്നു തിരുവല്ലായിൽവെച്ചു ഒരു ധ്യാനയോഗം നടത്തി എന്നുള്ളതും സ്മരണീയമാണ്. അതിൽ സംബന്ധിച്ച ഇരുപാട്ടകാർക്കും അതു ഗുണകരമായി തോന്നി. മുമ്പൊരിക്കൽ ഡാക്ടർ എഡ്ഡിസായ്പും ഡാക്ടർ സ്റ്റാൻലി ജോൺസും തിരുവിതാംകൂറിൽ വന്നിരുന്ന സമയം ഇങ്ങനെയുള്ള ഒരു യോഗത്തിൽ സംബന്ധിച്ചതു അവർക്കു വളരെ സന്തോഷമായിരുന്നു. ഐക്യത്തിനായുള്ള വാഞ്ച അനേകരുടെ ഹൃദയങ്ങളിൽ തുളുമ്പിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു ആത്മീയപോഷണത്തിൽ ഇങ്ങനെ പങ്കുകൊള്ളുന്നതു സാധിക്കാവുമാണ്. ഒരുവേള, അതിൽ കൂടുതലായ അർത്ഥമൊന്നുമില്ല എന്നു വിചാരിച്ചാൽപോലും അങ്ങനെ ചെയ്യുന്നതു നല്ലതാണ്.

തിരുവിതാംകൂറിലുള്ള സ്കൂളുകളിൽ മതസംബന്ധമായ വിദ്യാഭ്യാസം നടത്തേണ്ടതിനെക്കുറിച്ചു ആലോചിക്കുന്നതിനായി കഴിഞ്ഞ മാർച്ച് മാസത്തിൽ തിരുവല്ലായിൽവെച്ചു നടത്തിയ യോഗത്തെക്കുറിച്ചും പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഈ ആണ്ടിൽ നാനാപ്രകാരത്തിലുള്ള സഹായം നമ്മുടെ മഹായിടവകയ്ക്കു ചെയ്തുതന്നിട്ടുള്ള റവ. എൽ. എം. ഡിക്സന്റെ ആദ്ധ്യക്ഷതയിലാണ് യോഗം നടത്തപ്പെട്ടതു. അദ്ദേഹത്തോടു നമ്മുടെ മഹായിടവക കടപ്പെട്ടിരിക്കുന്നു എന്നു പറയേണ്ടതില്ലല്ലോ. ആ സമ്മേളനത്തിൽ രണ്ടു സഭകളിലുമുള്ള അദ്ധ്യാപകന്മാർ സന്നിഹിതരായിരുന്നു. സർവ്വപ്രധാനമായ ഈ വിഷയത്തിൽ, പ്രസ്തുത യോഗംകൊണ്ടു യാഥാർത്ഥ്യമായ അഭിവൃദ്ധി ഉണ്ടാകും എന്നുള്ളതു നിശ്ചയമാണ്. അതുകൊണ്ടു അതിനെ വിലയുള്ളതായി കരുതണം. ബിഷോപ്പുതിരുമനസ്സിലെ ഇടവകസന്ദർശനങ്ങൾക്കിടയിൽ നമ്മുടെ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു വേദപഠനത്തിലുള്ള പരിജ്ഞാനം എങ്ങനെയിരിക്കുന്നു എന്നു പരിശോധിച്ചു നോക്കിക്കൊണ്ടിരുന്നു. സണ്ടേസ്കൂളുകളും വികാസവും അഭിവൃദ്ധിയും പ്രാപിച്ചുകൊണ്ടിരിക്കുന്നു. മലയാളഭാഷയിൽ ഉപകാരമുള്ള പുതിയ പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തി സഹായിച്ചിട്ടുള്ള പലരും ഉണ്ട്. അവരുടെ കൂട്ടത്തിൽ മിസ്സ് റിച്ചാർഡ്സ് പ്രാമുഖ്യംവഹിക്കുന്നു. റവ. ഡിക്സൻ, റവ. റ്റി. ഐ. അബ്രഹാം, മിസ്റ്റർ മാത്യു മുതലായവരും ഈ കാര്യത്തിൽ പ്രവർത്തിച്ചിട്ടുണ്ട്.

മലയാളകണക്കിൻപ്രകാരം കന്നിമാസംതോറും നടത്തിവരാറുള്ള കന്നിയോഗങ്ങൾ ഈ ആണ്ടിലും (സെപ്തംബർ ൨൨—൨൯ വരെ) സി. എൻ. പാഠശാലയിൽവെച്ചു നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ നമ്മുടെ ഗ്രാമസ്കൂൾ അദ്ധ്യാപകന്മാരിൽ സുമാർ ൩൦൦ പേർ ഹാജരുണ്ടായിരുന്നു. ഈ യോഗംമൂലം അവർക്കു ആത്മീയഎഴുപ്പും സാരമായ ബോധനവും ലഭിച്ചു. അവരുടെ വേലയുടെ നാനാമുഖങ്ങളെക്കുറിച്ചു ഒരുമിച്ചു വാദപ്രതിവാദം ചെയ്യുന്നതിനും സാധിച്ചു. അതേസമയത്തുതന്നെ സ്ത്രീകൾക്കായുള്ള യോഗം ബെഥേൽ ആശ്രമത്തിൽവെച്ചു നടത്തപ്പെട്ടു. പണച്ചുരുക്കംകൊണ്ടു എത്രയും വിലയേറിയ ഈ സമ്മേളനങ്ങൾ നടത്തിക്കൊണ്ടുപോകുവാൻ സാധിക്കാതെവരുന്നപക്ഷം അതു വലുതായ ദുരദൃഷ്ടവും ആയി ഭവിക്കുന്നതാണ്. നമ്മുടെ മഹായിടവകയിൽ നൂതനമായി വന്ന ഒരു ആൾ ഒരു ഗ്രാമഅദ്ധ്യാപകനെയും അയാളുടെ ഞായറാഴ്ചശുശ്രൂഷയെയുംകുറിച്ചു

തനിക്കുണ്ടായ അഭിപ്രായത്തെ നമ്മുടെ മഹായിടവകമാസികയിൽ രേഖപ്പെടുത്തിയിരിക്കുന്നതു ഇവിടെ പകർത്തിക്കൊള്ളട്ടെ. ആ ആൾ സന്ദർശിച്ച ഉപസഭയിൽ 'ഒരു ഓലമേഞ്ഞ കെട്ടിടത്തിൽ നല്ലൊരു ചെറിയ കൂട്ടം ആളുകൾ കൂടിയിരുന്നു. അവർ എല്ലാവരും നിരനിരയായി, നിശ്ശബ്ദമായി ഇരുന്നിരുന്നു. മുൻപന്തിയിൽ ഒരുവശത്തു ആൺകുട്ടികളും മറുവശത്തു പെൺകുട്ടികളും അവരുടെ പുറകിലായി സ്ത്രീപുരുഷന്മാരും ഇരുന്നു. ഉപദേശി പ്രാർത്ഥനകൾ സ്പഷ്ടമായി വായിച്ചു. എന്റെ ഇംഗ്ലീഷു വേദപുസ്തകത്തിന്റെ സഹായത്തോടുകൂടി അയാൾ വായിച്ച ഓരോ വാക്കും മിക്കവാറും എനിക്കു മനസ്സിലാകത്തക്കവണ്ണം അത്രയ്ക്കു തെളിവായിട്ടാണ് വായിച്ചതു്. പുരുഷന്മാരിൽ പലരും വേദപുസ്തകം തുറന്നു നോക്കിക്കൊണ്ടിരിക്കുന്നതു ഞാൻ സൂക്ഷിച്ചു. ഉപദേശി സങ്കീർത്തനം ചൊല്ലിക്കൊടുക്കുകയും ജനങ്ങൾ പിന്നാലെ ആവർത്തിക്കയും ചെയ്തു. അങ്ങനെ ചൊല്ലിക്കൊടുത്തതുകൊണ്ടു പുസ്തകമില്ലാത്ത ചെറിയ കുട്ടികൾക്കുപോലും അതിൽ യോജിക്കാമായിരുന്നു. ഞാൻ ഇംഗ്ലീഷിൽ ഒരു ചെറിയ പ്രസംഗം പറഞ്ഞു. എന്റെകൂടെ വന്നിരുന്ന വാദ്ധ്യാർ തർജ്ജിമ ചെയ്തു. ജനങ്ങൾ നല്ലവണ്ണം ശ്രദ്ധിച്ചുകേട്ടു. സംഗതികൾ ശരിയായി ഗ്രഹിച്ചതുകൊണ്ടുണ്ടായ മുഖവിലാസത്തോടുകൂടിയ ഒരു സ്ത്രീയോടു എനിക്കു പ്രത്യേകം ആകർഷണം തോന്നി. നാലുവശവും തുറസ്സായി കിടന്ന, ഓലമേഞ്ഞ ആ ചെറിയ ആരാധനാസ്ഥലത്തു—പുല്ലുപുഷ്പാദികളും വൃക്ഷങ്ങളും കൂടി ദൈവാരാധനയെ മോടിപിടിപ്പിക്കുന്നതായ ആ സ്ഥലത്തു—നടത്തിയ ശുശ്രൂഷയിൽ പങ്കുകൊള്ളുന്നതിനും സാധുക്കളായ ആ ജനങ്ങളോടൊന്നിച്ചു പ്രാർത്ഥിക്കുന്നതിനും ഇടകിട്ടിയല്ലോ എന്നോർത്തു എനിക്കു ആശ്ചര്യംതോന്നി. ദൈവവചനം കേൾക്കുന്നതിനും അവരുടെയും എന്റെയും പിതാവിനോടു ഒരുമിച്ചു പ്രാർത്ഥിക്കുന്നതിനും ഞായറാഴ്ചതോറും അവർ ഒരുമിച്ചുകൂടുന്നതു എത്ര നല്ലതാണ് എന്നും എനിക്കു തോന്നി. ഇരുപത്തഞ്ചു ക്രൈസ്തവകുടുംബങ്ങൾ അടങ്ങിയ ആ ചെറിയ കൂട്ടത്തെ മേയിക്കയും ഇടദിവസങ്ങളിൽ അവരുടെ കുട്ടികളെ പഠിപ്പിക്കയും ഞായറാഴ്ച ശുശ്രൂഷ നടത്തുകയും ചെയ്യുന്ന ആ മനുഷ്യനെക്കുറിച്ചു എനിക്കു അതിയായ മതിപ്പു തോന്നി. 'എന്റെ കുഞ്ഞാടുകളെ മേയിക്ക, ആടുകളെ പാലിക്ക' എന്നു ക്രിസ്തു കല്പിച്ചിട്ടുള്ളതിനെ അയാൾ യഥാർത്ഥമായി അനുസരിക്കുന്നുണ്ടു്.' ചില ഉപസഭകളുടെ കാര്യത്തിൽ ചിന്താകുലന്മാരായി ഖേദിക്കുന്ന ജനങ്ങൾക്കു ഇവിടെ രേഖപ്പെടുത്തിയിരിക്കുന്ന ചിത്രം ഉന്മേഷപ്രദമായി തോന്നാവുന്നതാണ്. നിത്യപരിചയംകൊണ്ടു നാം ഗൌനിക്കാതെ വിട്ടുകളയുന്ന സംഗതികളെ സുപരിചിതന്മാർ അല്ലാത്തവർ സൂക്ഷിക്കാറുണ്ടു്.

പ്രസ്തുത ആണ്ടിൽ ബെഥേൽ ആശ്രമത്തിന്റെ വേല പല വഴിക്കു വികാസം പ്രാപിച്ചിട്ടുണ്ടു്. അവിടെയും ആൺകുട്ടികൾക്കായി റാന്നിയിലും ഉള്ള കൊമ്മ്യൂണിറ്റി സ്കൂളുകളിൽ ഓരോ പുതിയ ക്ലാസ്സു നൂതനമായി ഏർപ്പെടുത്തി. ഇവ രണ്ടിലും നമ്മുടെ മറ്റുള്ള സ്കൂളുകളിലും സ്ഥാപനങ്ങളിലും നടന്ന വേലയുടെ ഏതാനും വിവരണങ്ങൾ ഈ റിപ്പോർട്ടിൽ വിദ്യാഭ്യാസത്തെക്കുറിച്ചു പ്രതിപാദിക്കുന്ന ഭാഗത്തു കാണാവുന്നതാണ്. ഈ സ്കൂളുകളെക്കുറിച്ചു ഇവിടെ പ്രസ്താവിച്ചതു, അതുകളുടെ പ്രത്യേക സ്വഭാവംകൊണ്ടും രണ്ടും, വിശിഷ്യ, രണ്ടാമത്തേതും പരീക്ഷാർത്ഥപതനത്തിൽ ഇരിക്കുന്നതുകൊണ്ടും അവയുടെ ഭാവി നിലനില്പു ഒട്ടുംതന്നെ സ്ഥിരമായ നിലയിൽ എത്തിട്ടില്ലാത്തതുകൊണ്ടും ആണ്. പ്രസ്തുത സ്കൂളുകളിൽ സ്വീകരിച്ചിരിക്കുന്ന സമ്പ്രദായങ്ങൾ എല്ലാ സ്കൂളുകളിലും അനുകരണീയങ്ങളായി ഭവിക്കും എന്നു പ്രത്യാശിക്കാം. പണ്ഡിതാഭിപ്രായഗതി ആ വഴിക്കു തിരിഞ്ഞിട്ടുള്ളതായി തോന്നുന്നു. ഇംഗ്ലണ്ടിലുള്ള സ്നേഹിതന്മാർ, ഈ സ്കൂളുകളുടെ കാര്യത്തി

ൽ താല്പൎയ്യം പ്രദൎശിപ്പിക്കയും പ്രത്യേകിച്ചു, ലിവർപൂൾഇടവകയിൽനിന്നും ആൺപള്ളിക്കൂടം ഈ പണം അയച്ചുതന്നതിനും നാം കൃതജ്ഞതയുള്ളവരായിരിക്കുന്നു. പരീക്ഷാൎത്ഥം നടത്തപ്പെടുന്ന ഈ രണ്ടു സ്ഥാപനകളും ആവശ്യബോധജന്യമായ വിശ്വാസത്തിൽനിന്നുത്ഭൂതമായ ഒരു അനിശ്ചിത ഏൎപ്പാടാണു്.

ബെഥേലിൽ കൂടുതലായി കെട്ടിടങ്ങൾ ഉണ്ടാക്കീട്ടുണ്ടു്. മററു പല സംഗതികളിലും എന്നപോലെ സ്വഭാവരൂപീകരണത്തിനു ഉപയുക്തമായി കണ്ടു, കുടിൽസമ്പ്രദായം വിസ്തീൎണ്ണപ്പെടുത്തുവാൻ സാധിച്ചു. റാന്നിയിൽ അദ്ധ്യാപകന്മാൎക്കായുള്ള കെട്ടിടം പൂൎത്തി ആക്കി. ചൎച്ച്മിഷ്യൻസമൂഹത്തിനു ഒരു മരണപത്രിക മൂലം കരസ്ഥമായ ധനത്തിൻെറ ഒരു ഓഹരി കിട്ടിയതുകൊണ്ടു, സി. എൻ. പാഠശാലയിൽ അഭ്യസനത്തിനായി തിരഞ്ഞെടുക്കപ്പെടുന്ന വാദ്ധ്യാന്മാൎക്കു കുടുംബസഹിതം താമസിപ്പാൻ കൂടുതലായി 'ദാമ്പത്യമന്ദിരം' ഉണ്ടാക്കുന്നതിനു സാധിച്ചു. അതുമൂലം, ഭൎത്താക്കന്മാർ ശിക്ഷാക്രമപരിശീലനം പ്രാപിച്ചുകൊണ്ടിരിക്കുന്ന വേളയിൽ അവരുടെ ഭാൎയ്യമാൎക്കും സ്വല്പം പരിശീലനം ലഭിക്കുന്നതിനു അവസരം ഉണ്ടാകുന്നു. അസ്സലായി കെട്ടുപാടുതീൎത്തും വിസ്തീൎണ്ണപ്പെടുത്തിയും പണിക്കുറതീൎത്ത കോട്ടയം കോളജ് ചാപ്പൽ, കഴിഞ്ഞ ഡിസംബർമാസത്തിൽ വീണ്ടും തുറക്കപ്പെട്ടു. തന്മൂലം അതിൻെറ മനോഹരത്വം കുറെക്കൂടി വൎദ്ധിച്ചു. അതു എണ്പതു വൎഷത്തിനു മുമ്പു, റവ. ജെ. ചാപ്മാൻ ബി. ഡി. അവൎകൾ പണിയിച്ചിട്ടുള്ളതാണു് കേംബ്രിഡ്ജ് സൎവ്വകലാശാലയോടു അനുബന്ധപ്പെട്ടിരിക്കുന്ന സെൻറുജോൺസ് കോളജ് ചാപ്പലിൻെറ സ്വരൂപം മനസ്സിൽ വെച്ചുകൊണ്ടാണു് അദ്ദേഹം ഈ ചാപ്പലിൻെറ പ്ലാൻ നിൎമ്മിച്ചതു്.

മഹാഇടവകയുടെ കോശസ്ഥിതി തീവ്രമായ മനഃചാഞ്ചല്യത്തിനു കാരണമാകിത്തീൎന്നു. ഈ വിഷയത്തെക്കുറിച്ചു പ്രത്യേകം ഒരു ഭാഗത്തു നിരൂപണം ചെയ്തിട്ടുണ്ടു്. പ്രസ്തുത ആണ്ടിൽ ഇതിനെക്കുറിച്ചു ഫൈനാൻസുബോൎഡും സ്റ്റാണ്ടിംഗ്കമ്മററിയും ഗാഢമായി പൎയ്യാലോചിച്ചു. മഹാഇടവകബോൎഡുകൾ എല്ലാം ക്രമമായി കൂടി. ഹാജരും കുറവല്ലായിരുന്നു. മഹാഇടവക കൌൺസിൽ ഡിസംബർമാസത്തിൽ കൂടി, ഉപയോഗപ്രദമായ പല സംഗതികളെക്കുറിച്ചു ഉചിതമായി ആലോചിച്ചു തീരുമാനിച്ചു. ഒമ്പതു ഡിസ്ട്രിക്ട് കൌൺസിലുകളും നിശ്ചിത സമയങ്ങളിൽ നടത്തപ്പെട്ടു. പള്ളിവസ്തുക്കളുടെ റിക്കാൎട്ടുകളെ ക്രമീകരിക്കുന്ന പ്രവൃത്തി തുടൎന്നുകൊണ്ടിരുന്നു.

ബിഷോപ്പുതിരുമനസ്സുകൊണ്ടു മഹാഇടവകയിലുള്ള മിക്ക ഭാഗങ്ങളും ദൂരസ്ഥിതങ്ങളായ ചില സ്ഥലങ്ങൾപോലും സന്ദൎശിച്ചു. അദ്ദേഹം എല്ലാ ഇടവകകളിലുമുള്ള ഉപസഭകളിൽ ചുററി സഞ്ചരിച്ചു അതതു സ്ഥലത്തിൻെറ സ്ഥിതിഗതികളെ സൂക്ഷ്മമായി തിരക്കി അറിഞ്ഞു. അദ്ദേഹത്തിൻെറ സന്ദൎശനം പട്ടക്കാൎക്കും ജനങ്ങൾക്കും ഒരുപോലെ സന്തോഷകരവും ധൈൎയ്യപ്രദവും ആയിരുന്നു. അവിടുത്തെ സന്ദൎശനവേളയിൽ കണ്ട സ്ഥലങ്ങളേയും ആളുകളേയും കുറിച്ചു മനസ്സിൽ പതിഞ്ഞ പലേ സംഗതികളേയും മഹാഇടവക മാസികയിൽ അപ്പഴപ്പോൾ പ്രസിദ്ധിപ്പെടുത്തീട്ടുണ്ടു്. അദ്ദേഹം പല സ്ഥലങ്ങളിൽ ഇംഗ്ലീഷ് ശുശ്രൂഷയും നടത്തീട്ടുണ്ടു്. നമ്മുടെ മഹാഇടവകയിൽ വന്നു പാൎക്കുന്ന യൂറോപ്യന്മാരുടെ ആത്മീയപോഷണത്തിനു ചെയ്തിട്ടുള്ള ഏൎപ്പാടുകൾ ഒട്ടും മതിയായിട്ടില്ല എന്നുള്ളതിൽ അവിടുത്തേക്കു അതിയായ മനഃക്ലേശമുണ്ടു്. അദ്ദേഹത്തിൻെറ സഞ്ചാരത്തിൽ യൌവ്വനക്കാരും മുതിൎന്നവരുമായ ഒട്ടുവളരെ ആളുകളെ സ്ഥിരീകരിച്ചിട്ടുണ്ടു്. ഏഴു ആളുകളെ ഡിയാക്കോന്മാരും അഞ്ചുപേരെ പ്രെസ്ബിറററന്മാരുമായി പ്രതിഷ്ഠിച്ചു. രണ്ടുമൂന്നു സ്ഥലങ്ങളിൽ ഇടവകകളെ ഭാഗിക്കയും സ്ഥലങ്ങളെ പുനഃസംഘടനം ചെയ്കയും ചെയ്തിട്ടുണ്ടു്. ആൎച്ച്ഡിക്കൻ ബെഞ്ചമിൻഅവൎകളും സി. കെ. ജേക്കബുഅച്ചനും

ഗ്രാമസഭകളെ വാരാവസാനത്തിൽ സന്ദർശിച്ചുകൊണ്ടിരുന്നതു വലിയ സഹായമായിരുന്നു.

പ്രസ്തുത ആണ്ടിൽ ൧൯൨ മുതിർന്നവരുടെ സ്നാനം ഉൾപ്പെടെ ൧,൯൧൭ പേരെ സ്നാനപ്പെടുത്തിട്ടുണ്ട്. ൧൩൦൦ പേർ സ്നാനത്തിന്നു പഠിച്ചുകൊണ്ടിരുന്നു. കൊയ്ത്തിന്നു പോയിരുന്ന ആളുകളുടെ ഇടയിൽ പ്രത്യേകയോഗങ്ങൾ നടത്തുവാൻ വേണ്ട ഏർപ്പാടുകൾ കാലേക്കൂട്ടി ചെയ്തിട്ടുണ്ടായിരുന്നു. കൊച്ചി, എറണാകുളം മുതലായ സ്ഥലങ്ങളിലുള്ള യുവജനങ്ങളുടെ ഇടയിൽ വേല ചെയ്യുന്നതിന്നു ഒരു പ്രവർത്തകനെ കൂടുതലായി നിയമിച്ചു. തെലുങ്കുനാട്ടിൽ നടത്തിവരുന്ന നമ്മുടെ 'വിദേശമിഷ്യന്റെ' വേല വികാസപ്പെടുത്തി. ചിന്നകൊടിപാക്കാ എന്ന സ്ഥലത്തു വേല ആരംഭിച്ചു. അവിടെ മാള ജാതിക്കാരിൽപെട്ട കുറെ ആളുകൾ സ്നാനത്തിന്നു പഠിച്ചുകൊണ്ടിരുന്നു. അവരിൽ നാല്പതുപേരെ ഈ വർഷം ആരംഭത്തിൽ സ്നാനപ്പെടുത്തി സഭയോടു ചേർത്തു.

റവ. ഇ. എൻ. സ്റ്റീയർസാഹിബും ആലുവാ യൂണിയൻ കോളേജിലെ റവ. സ്റ്റീഫൻ നീൽസാഹിബും വേല കഴിഞ്ഞു പോയതിനെക്കുറിച്ചു രണ്ടു വാക്കു പറയേണ്ടിയിരിക്കുന്നു. മിസ്റ്റർ നീൽ കുറച്ചുകാലമേ അവിടെ താമസിച്ചുള്ളു എങ്കിലും യൂണിയൻ കോളേജിൽ, വിശേഷ്യ, അവിടുത്തെ ക്രൈസ്തവപരിശ്രമങ്ങളിൽ, അദ്ദേഹത്തെക്കുറിച്ചുള്ള സ്മരണ ദീർഘകാലം നിലനില്ക്കുന്നതാണ്. രണ്ടുമൂന്നു പ്രാവശ്യം നമ്മുടെ മഹായിടവകയുടെ സാധാരണയോഗങ്ങളിൽ ചെയ്ത സഹായങ്ങൾ എല്ലാവർക്കും സ്വീകാര്യമായിരുന്നു. കോട്ടയം കോളേജിലും സി. എൻ. പാഠശാലയിലും പഠിച്ച വിദ്യാർത്ഥികൾക്കും അതുപോലെ തന്നെ മററു പലർക്കും മിസ്റ്റർ സ്റ്റീയർ പ്രേമഭാജനമായിരുന്നു. അദ്ദേഹത്തിന്റെ വേർപാടു വിദ്യാർത്ഥിലോകത്തിന്നു മാത്രമല്ല, മഹായിടവകയ്ക്കു ആകപ്പാടെ നിർവ്യാജ ദുഃഖത്തിന്നു കാരണമായിട്ടുണ്ട്. ആലുവായിൽ മിസ്റ്റർ നീലിന്റെ സ്ഥാനത്തു വന്നിട്ടുള്ള മിസ്റ്റർ ക്രൌളിക്കു നാം സ്വാഗതം പറഞ്ഞുകൊള്ളുന്നു.

ന്യൂയോർക്കിലെ കൊളമ്പിയാ സർവ്വകലാശാലയിൽ അഭ്യസിച്ചു പി. എച്ച്. ഡി. ബിരുദം സമ്പാദിച്ചുകൊണ്ട് അമേരിക്കയിലെ ഐക്യനാടുകളിൽനിന്നു മടങ്ങിവന്നിരിക്കുന്ന ഡാക്റ്റർ റ്റി. എൻ. ജേക്കബിന്റെ കാര്യം പ്രസ്താവയോഗ്യമാണ്.

അപൂർണ്ണമായ ഈ ചുരുങ്ങിയ വിവരണത്തിന്റെ അവസാനഭാഗത്തു, ഈ റിപ്പോർട്ടിന്റെ ആരംഭത്തിൽ പ്രസ്താവിച്ചിട്ടുള്ള ചിന്തയെ അനുസ്മരിച്ചുകൊണ്ടു, ഈ മഹായിടവകയിലുള്ള നമ്മുടെ സഭാംഗങ്ങൾ കൃപയിൽ വളരേണമേ എന്നും അങ്ങനെയുണ്ടാകുന്ന വളർച്ചയുടെ ഫലങ്ങൾ അടുത്ത ആണ്ടത്തെ റിപ്പോർട്ടിൽ പ്രത്യക്ഷമായി കാണുവാൻ സംഗതി ആകേണമേ എന്നും പ്രാർത്ഥിക്കയും ചെയ്യുന്നു. റിപ്പോർട്ടുവർഷത്തിൽ നമുക്കു എല്ലാവർക്കും അനുഭവമായ ദൈവത്തിന്റെ അളവററ നന്മയ്ക്കായി തിരുനാമത്തിന്നു നമുക്കു സ്തോത്രം ചെയ്യാം.

## I

## പട്ടക്കാരും മററു പ്രവർത്തകന്മാരും

പ്രസ്തുത ആണ്ടിൽ ഡിയാക്കോന്മാരായ എം. വി. പോത്തൻ, പി. ഐ. ചെറിയാൻ, കെ. പി. ചാണ്ടി, കെ. വി. ഈപ്പൻ, പി. ഇ. വർക്കി എന്നിവർക്കു പ്രസ്ബിറററ് പട്ടവും മെസ്സേഴ്സ് ഇ. ജെ. ഐസക്ക, എ. റ്റി. ചാക്കൊ, ജി. കോശി ബി. എ., ബി. ഡി., എച്ച്. ജേംസ്, ജെ. എച്ച്. ആളു, സി. കെ. ജോൺ എന്നിവ

ക്ക് ഡിയാക്കോൻസ്ഥാനവും നല്കപ്പെട്ടു. റവ. എം. വി. പോത്തനെ ചേലക്കൊമ്പിലും, റവ. പി. ഐ. ചെറിയാനെ ഏററുമാന്തൂക്കും, റവ. കെ. പി. ചാണ്ടിയെ കുറവപ്പള്ളിക്കും, റവ. കെ. വി. ഈപ്പനെ വെള്ളൂത്തുരുത്തിക്കും, റവ. പി. ഇ. വർക്കിയെ കാട്ടാമ്പാക്കലും മാററി. പുതുതായി പട്ടം ഏററ റവ. ഇ. ജെ. ഐസക്കിനെ പാമ്പാടിക്കും, റവ. എ. ററി. ചാക്കോയെ കുമ്പളാംപൊയ്കയ്ക്കും, റവ. ജി. കോശിയെ സി. എൻ. ഐ.ൽ നിയമിച്ച റവ. എം. സി. ചാക്കോയിക്കു പകരം ഒളശയിലും നിയമിച്ചു. സി. എൻ. ഐ.ൽ ജോലി ചെയ്തുകൊണ്ടിരുന്ന റവ. എം. ജെ. കുര്യനെ കുഞ്ഞിക്കുഴിക്കു മാററി. റവ. എച്ച്. ജേംസിനെയും റവ. ആളൂവിനെയും മൂന്നാററിലും, റവ. സി. കെ ജോണിനെ എറണാകുളത്തും നിയമിച്ചു. പള്ളത്തുനിന്നും വേല ഒഴിഞ്ഞുപോയ റവ. ററി. കോശിക്കു പകരം ആലുവായിൽനിന്നു റവ. പി. ജെ. ജോഷ്വാ ബി. എ.യെ അങ്ങോട്ടു മാററി. റവ. ഡബ്ളിയു. ഒ. ഉമ്മൻ ആലുവായുടെ ചാർജ്ജുകൂടി വഹിക്കുന്നതിനു ചട്ടംകെട്ടി. റവ. കെ. വില്യമിനെ എറികാട്ടു നിയമിച്ചതുകൊണ്ട് റവ. പി. ഇ. വർക്കിയെ കാട്ടാമ്പാക്കലേക്കു മാറേറണ്ടി വന്നു. ൧൧൦൨-ാം ആണ്ട് ഒടുവിൽ മഹാഇടവക പട്ടക്കാരുടെ എണ്ണം അമ്പത്തഞ്ച് ആയിരുന്നു.

പ്രസ്തുത ആണ്ടിൽ സി. എൻ. ഐ.ൽ വൈദികക്ലാസ്സിലേക്കു മൂന്നാളുകളെ നൂതനമായി സ്വീകരിച്ചു. അവരിൽ ഒരാൾ രണ്ടുവർഷത്തെ അഭ്യസനത്തിന്നായി, മാർത്തോമ്മാ സഭാദ്ധ്യക്ഷൻ അയച്ചിട്ടുള്ള ഒരു മാർത്തോമ്മാസഭക്കാരനാണ്. കൽ‍ദായസുറിയാനിസഭയിലെ ഒരു പട്ടക്കാരനായിരുന്ന റവ. എൻ. ഐ. ഇഗ്നാത്യോസു പ്രത്യേക പരിശീലനത്തിൽ ഏർപ്പെട്ടിരുന്നു. മൂന്നാമത്തെ ആൾ രണ്ടുവർഷത്തെ പരിശീലനത്തിന്നായി സ്വീകരിക്കപ്പെട്ട മിസ്റ്റർ കെ. എം. മാത്തൻ ബി. എ. അത്രെ. സെറാംപൂർ കോളജ് വക എൽ. ററി. എച്ച്. പരീക്ഷയ്ക്കു അയച്ച ആറുപേർക്കും രണ്ടാംക്ലാസ്സിലേക്കു കയററം കിട്ടി. മൂന്നുപേർ എല്ലാ വിഷയങ്ങളിലും പൂർണ്ണവിജയം പ്രാപിച്ചു.

ജൂൺമാസം ൭-ാംനു റവ. എം. സി. ചാക്കൊ, ബി. എ., ബി. ഡി., സി. എൻ. ഐ. അദ്ധ്യാപകഗണത്തിൽ നിയമിതനായി.

ഒരു വർഷത്തെ പരിശീലനത്തിന്നായി ഇരുപത്തിമൂന്നു ആളുകളെ ജൂണിയർ വൈദികക്ലാസ്സിൽ ചേർത്തു. ആ ക്ലാസ്സിൽ തന്നേ വേറെ മൂന്നുപേർകൂടെ ഉണ്ടായിരുന്നു. അവരിൽ ഒരാളിനെ അബ്രഹാം മാർത്തോമ്മാമെത്രാൻ തിരുമനസ്സുകൊണ്ടും മററു രണ്ടുപേരെ തിരുവനന്തപുരത്തെ പ്രത്യേക വേലയ്ക്കായി ജി. അലക്സാണ്ടർ അവർകളും അയച്ചിട്ടുള്ളതാണ്. അങ്ങനെ ആകെപ്പാടെ ആ ക്ലാസ്സിൽ ഇരുപത്തിആറുപേർ ഉണ്ടായിരുന്നു.

അവധിക്കാലത്തു സി. എൻ. പാഠശാലയിൽവെച്ച്, ചില പ്രത്യേക പരിശീലനയോഗങ്ങൾക്കായി വന്നുചേരണം എന്നു കാണിച്ചു ഇരുപത്തഞ്ചു ഇടവകകളിലുള്ള നാല്പത്തിമൂന്നു ആശാൻഉപദേശിമാർക്കു ക്ഷണക്കത്തു അയച്ചിരുന്നു. എങ്കിലും പതിന്നാലു ഇടവകകളിൽ ജോലി ചെയ്യുന്ന പതിനെട്ടുപേർ മാത്രമേ ഹാജരായുള്ളു. അവർക്കുള്ള ക്ലാസ്സു ഏപ്രിൽ ൧൫—൨൮ വരെ തുടർന്നുകൊണ്ടിരുന്നു. അപ്പോൾ രണ്ടുപേർക്കു സിമ്മനാരിക്കുരു (ചിക്കൻപോക്സ്) പിടിപെട്ടു. അതുകൊണ്ടു ക്ലാസ്സു നിർത്തേണ്ടിവന്നു. അതിലേക്കു ൮൭ രൂപാ ൭ ണ. ൮ പൈ ചെലവായി.

പുരുഷന്മാർക്കായുള്ള കന്നിയോഗങ്ങൾ സി. എൻ. ഐ.ൽവെച്ചു സെപ്തംബർ ൧൮—൨൭ വരെ തിയ്യതികളിൽ നടത്തപ്പെട്ടു. ഇതുസംബന്ധമായി രണ്ടു ഒരുക്കയോഗങ്ങൾ, ഒന്നു ബെഥേൽ ആശ്രമത്തിൽവെച്ചും മറേറതു ചങ്ങനാശ്ശേരിൽവെച്ചും നടത്തപ്പെട്ടു. സെപ്തംബർ ൨൭-ാംനു സി. എൻ. ഐ.ൽ ഒരു പ്രത്യേക പ്രാ

ഷ്ഠനക്കൂട്ടം ഉണ്ടായിരുന്നു. യോഗത്തിൽ സംബന്ധിപ്പാൻ അർഹതയുള്ള ൩൦൮ അദ്ധ്യാപകന്മാരുടെ പേരുകൾ ഇടവകകളിൽനിന്നു കിട്ടിയിരുന്നു. എങ്കിലും ൩൦൯ ആളുകൾ മാത്രമേ ഹാജരായുള്ളു. വേദപുസ്തകസംഘം വക കോൾപോർട്ടർമാരും ഹാജരുണ്ടായിരുന്നു. കാര്യപരിപാടിയിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന വിഷയങ്ങൾക്കും പുറമേ, 'കൊറിയായും വേദപുസ്തകവും' എന്ന വിഷയത്തെക്കുറിച്ചു മായാപടങ്ങൾ പ്രദർശിപ്പിച്ചു വേദപുസ്തകസംഘം സെക്രട്ടറിയും, 'കൊരിന്ത്യസഭയിൽനിന്നു ഈക്കാലത്തു പഠിപ്പാനുള്ള പാഠങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി റാവു ബഹദൂർ മിസ്റ്റർ ജോൺകുര്യനും ഓരോ പാഠവും പറഞ്ഞു കൂടാതെ സി. എൻ. ഏ. ഭാഗവതരുടെ ഒരു കഥാകാലക്ഷേപവും ഉണ്ടായിരുന്നു. യോഗനടത്തിപ്പിനു ആകെയുള്ള ചെലവു ൧൧൯ രൂപാ ൯ ണ. ൬ പൈ ആണ്. അതിൽ ൫൭ രൂപാ ൭ ണ. ൩ പൈ. വാദ്ധ്യാന്മാരിൽനിന്നും വസൂൽചെയ്തു. മുൻകാലങ്ങളിലെപ്പോലെ തന്നെയായിരുന്നു കാര്യപരിപാടി ക്രമപ്പെടുത്തിയിരുന്നതു. രാവിലെതോറുമുള്ള വേദവായനയോഗം ബിഷോപ്പ് തിരുമേനി തന്നെ നടത്തി. യോഗം ആകപ്പാടെ വളരെ ഉപയോഗപ്രദമായിരുന്നു എന്നു അതിൽ സംബന്ധിച്ച എല്ലാവർക്കും തോന്നി.

സ്ത്രീകൾക്കായുള്ള യോഗം ബെഥേൽ ആശ്രമത്തിൽവെച്ചു സെപ്തംബർ ൩൦ മുതൽ ഒക്ടോബർ ൪ വരെ നടത്തപ്പെട്ടു. ഹാജർ മുൻകൊല്ലത്തെ അപേക്ഷിച്ചു നന്നായിരുന്നു എങ്കിലും തൃപ്തികരമെന്നു പ്രസ്താവിപ്പാൻ നിവൃത്തിയില്ല. ബെഥേൽ ഉപാദ്ധ്യായിനികളെയും യോഗങ്ങളിൽ സഹായിച്ചവരെയും കൂടാതെ മുപ്പത്തെട്ടു പേർ മാത്രമേ ഹാജരുണ്ടായിരുന്നുള്ളു. ഈ ഹാജർകുറവിന്റെ ഒരു കാരണം ചില സ്കൂളുകൾ യോഗദിവസങ്ങൾക്കു മുമ്പു തുറന്നുപോയതും മറെറാരു കാരണം പട്ടംപജോലികൾ തടഞ്ഞതുമാണ്. മൊത്തമായി പറയുന്നപക്ഷം തെക്കൻ ഇടവകകളിൽനിന്നു ഒരുവിധം തൃപ്തികരമായ ഹാജർ ഉണ്ടായിരുന്നു. വടക്കൻ ഇടവകകളിൽനിന്നു ചുരുക്കം ചിലർ ഉണ്ടായിരുന്നെങ്കിലും കൊച്ചി സംസ്ഥാനത്തുനിന്നു ആരുംതന്നെ വന്നില്ല. ആകയാൽ ആ സംസ്ഥാനത്തേക്കു വേറൊരു യോഗം നടത്തുന്നതല്ലേ ഉത്തമം എന്നൊരു ചോദ്യത്തിനു അവകാശമുണ്ട്. രാവിലെതോറും രണ്ടു ധ്യാനയോഗങ്ങളും ഒരു വേദവായന ക്ലാസ്സും മദ്ധ്യസ്ഥപ്രാർത്ഥനകളും നടത്തിവന്നു. ഉച്ചതിരിഞ്ഞുള്ള യോഗങ്ങളിൽ, വായന, കണക്ക, പ്രോജക്ട്സ്, സണ്ടേസ്ക്കൂൾ എന്നി വിഷയങ്ങളുടെ പഠനസമ്പ്രദായം വിശദമായി കാണിച്ചുകൊടുത്തു. അദ്ധ്യാപികമാർക്കു ഇവയൊക്കെയും വിലയേറിയവയായി തോന്നി. ഇങ്ങനെയുള്ള യോഗം ഓരോ ആണ്ടിലും ഉണ്ടായിരിക്കേണ്ടതാണെന്നു ഏകവാക്യമായി അവർ അഭിപ്രായപ്പെട്ടു. യോഗച്ചെലവിലേക്കു അടുത്ത ആണ്ടുമുതൽ ഒരു ചെറിയ പിരിവു എടുക്കേണ്ടതാണെന്നും അവർ ആലോചന പറഞ്ഞു.

ഒക്ടോബർമാസം ൩—൫ം വരെ തിയ്യതികളിൽ തിരുവല്ലായിൽവെച്ചു മാർത്തോമ്മാസഭയിലെയും നമ്മുടെയും പട്ടക്കാർക്കായി ഒരു ഐക്യയോഗം നടത്തപ്പെട്ടു. അതിനു വേണ്ട ഏർപ്പാടുകൾ എല്ലാം റവ. എം. റി. ചാക്കോ ചെയ്തിരുന്നു. മാർത്തോമ്മാ പട്ടക്കാരിൽ എഴുപത്തഞ്ചും ആംഗ്ലേയപട്ടക്കാരിൽ നാല്പതും പേർചിതം യോഗത്തിൽ സംബന്ധിച്ചു. അബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്തായും മുർബിഷോപ്പും ആർച്ച്ഡീക്കൻ ബെഞ്ചമിൻ അച്ചനും ജോർജ്ജ് ജോൺ അച്ചനും ഇ. എൻ. സ്ലിയരപാസ്സും യോഗനടത്തിപ്പുകാരായിരുന്നു. യോഗം വളരെ അനുഗ്രഹകരവും ആത്മീയക്കെട്ടുപണിക്കുതകുന്നതും ആയിരുന്നു.

നൂതനമായി രൂപീകരിച്ച ഉപഇടവകകളുടെ മേൽനോട്ടത്തിനായി നിയ

മിക്കപ്പെട്ട ഒരു ഗ്രൂപ്പുപദേശിമാരുടെ നിയമനം സഹായകരമെന്നു ബോദ്ധ്യമായി. അവരിൽ ചിലരുടെ വേല വളരെ വിജയകരമായിരുന്നു.

നമ്മുടെ ഗ്രാമ്യവേലയെ കൂടുതൽ ഫലകരമായവിധത്തിൽ മേൽനോട്ടം ചെയ്യേണ്ടതു ഒഴിച്ചുകൂടാത്ത ആവശ്യമാണ്. ചില സ്ഥലങ്ങളിലുള്ള നമ്മുടെ സഭാംഗങ്ങളെ ഇതര സമുദായക്കാർ തട്ടിക്കൊണ്ടുപോകുന്നതിനു പ്രയോഗിക്കുന്ന സ്വാധീനശക്തി ചില്ലറയല്ല. ഇതിനെ തടയുവാൻ അങ്ങുമിങ്ങും ചിലതെല്ലാം ചെയ്യുന്നുണ്ടെങ്കിലും സ്ഥിരമായി എന്തെങ്കിലും ചെയ്യേണ്ടതു അത്യാവശ്യമാണ്.

## II

## സഭാജീവിതം

കഴിഞ്ഞ ആണ്ടിലത്തെപ്പോലെ ഇടവകരൂപീകരണത്തെക്കുറിച്ചു തുടങ്ങുന്നതു കൊള്ളാം എന്നു തോന്നുന്നു. പുതിയ ഭരണഘടനപ്രകാരം ജോലി തുടങ്ങീട്ടു ഇതു രണ്ടാംകൊല്ലമാണ്. മൊത്തമായി നോക്കിയാൽ അതു അനുസരിച്ചുള്ള ജോലി തൃപ്തികരമായി നടന്നു. ചില ചില്ലറ മാററങ്ങൾ വരുത്തേണ്ടതു ആവശ്യമാണെന്നു അനുഭവംകൊണ്ടു ബോദ്ധ്യപ്പെട്ടു. ആ മാററങ്ങൾ വരുത്തണമെന്നു മഹായിടവകകൌൺസിലിലേക്കു റിപ്പോർട്ടു ചെയ്യുകയും അപ്രകാരം ചെയ്തുകൊള്ളുന്നതിനു കഴിഞ്ഞ ഡിസംബർ ൨൭-ാംനു കൂടിയ യോഗത്തിൽ അവർ അനുമതി നല്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ അംഗങ്ങൾ ധാരാളം വന്നുചേരുകയും ഉചിതമായി കാര്യങ്ങൾ നിർവ്വഹിക്കയും ചെയ്തു. സ്റ്റാണ്ടിംഗ് കമ്മട്ടി കഴിഞ്ഞ ആണ്ടിൽ നാലുതവണയും അതിന്റെ വിവിധ ബോർഡുകൾ (ക്രൈസ്തവസാഹിത്യബോർഡും കുട്ടികളുടെ ഇടയിലെ വേല ക്രമപ്പെടുത്തുന്നതിനുള്ളതും ഒഴിച്ചു) മൂന്നുപ്രാവശ്യവും കൂടീട്ടുണ്ട്.

നാല്പത്തെട്ടു ഇടവകകൾ അടങ്ങിയ ഡിസ്ട്രിക്ട് കൌൺസിലുകൾ ഇപ്പോൾ ഒമ്പതു എണ്ണമുണ്ട്. ഇടവകകളിൽ ഏഴു ഒഴിച്ചു എല്ലാം പട്ടക്കാരുടെ മേൽനോട്ടത്തിൽ ഇരിക്കുന്നവയാണ്. ഓരോ കൌൺസിലും മൂന്നുതവണ വീതം കൂടുകയുണ്ടായി. മുളവുകാടു ചേർന്ന എറണാകുളം ഇടവക, അട്ടൂർ ഡിസ്ട്രിക്ടിൽനിന്നു വേർതിരിച്ചു ചില ഉപസഭകൾ കൂട്ടിച്ചേർത്തുണ്ടാക്കിയ ഏനാത്തുഇടവക ഇങ്ങനെ രണ്ടു എണ്ണം പുതുതായി രൂപീകരിച്ചു. ഇവയിൽ ആദ്യത്തേതിനെ തൃശ്ശൂർ കൌൺസിലിനോടും രണ്ടാമത്തേതിനെ ഏലന്തൂർ കൌൺസിലിനോടും ഘടിപ്പിച്ചു. ഇടവകകളുടെയും സ്കൂളുകളുടെയും വിവിധതര ആവശ്യങ്ങളെക്കുറിച്ചു ആലോചിക്കുക, അടങ്കൽതുകകളെയും ആണ്ടറുതിക്കണക്കുകളെയും കുറിച്ചു വിചിന്തനം ചെയ്യുക, കെട്ടിടങ്ങളുടെ അററകുററപ്പണികൾക്കുള്ള സഹായധനത്തെ വീതിക്കുക, സ്റ്റാണ്ടിംഗ് കമ്മട്ടിയോ ബോർഡുകളോ അഭിപ്രായത്തിനായി അയച്ച മററു സംഗതികളെ നിരൂപണംചെയ്തു റിപ്പോർട്ടു അയക്കുക മുതലായ സംഗതികളാണ് കൌൺസിലുകൾക്കു ചെയ്യാനുണ്ടായിരുന്ന പ്രധാന കൃത്യങ്ങൾ.

മഹായിടവകജോലി സംബന്ധിച്ചു സാധാരണ പ്രസിദ്ധപ്പെടുത്താറുള്ള വിവരപ്പട്ടിക താഴെ ചേർക്കുന്നു:—

| | 1928. | 1929. |
|---|---|---|
| വേലസ്ഥലങ്ങൾ | 348 | 348 |
| പള്ളികൾ | 107 | 111 |
| പ്രാർത്ഥനാലയങ്ങളും സ്കൂൾകെട്ടിടങ്ങളും | 242 | 244 |

| | 1928. | 1929. |
|---|---|---|
| പ്രവൎത്തകന്മാൎക്കുള്ള വീടുകൾ | 279 | 276 |
| പട്ടക്കാർ | 41 | 48 |
| സുവിശേഷകന്മാരും ഉപദേശിമാരും | 72 | 79 |
| ആശാൻ ഉപദേശിമാർ | 280 | 260 |
| സ്നാനം ഏററ പുരുഷന്മാർ | 19.695 | 20,026 |
| ,, സ്ത്രീകൾ | 19,702 | 20,120 |
| ,, കുട്ടികൾ | 36.114 | 36,414 |
| ,, ആകെ | 75,511 | 76,560 |
| സ്നാനാൎത്ഥികൾ | 1,830 | 1 646 |
| തിരുവത്താഴ ഭോജനക്കാർ. പുരുഷന്മാർ | 14,106 | 14,403 |
| ,, സ്ത്രീകൾ | 13,418 | 14,041 |
| ,, ആകെ | 27,524 | 28 444 |
| കുടുംബങ്ങൾ | 16,204 | 16,069 |
| സ്നാനങ്ങൾ. പുരുഷന്മാരുടെ | 345 | 333 |
| ,, സ്ത്രീകളുടെ | 313 | 359 |
| ,, കുട്ടികളുടെ | 3,093 | 3,245 |
| ,, ആകെ | 3,751 | 3,937 |
| വിവാഹങ്ങൾ | 875 | 1,025 |
| മരണങ്ങൾ | 1,046 | 1,234 |
| സ്ഥിരീകരിക്കപ്പെട്ട ആൺ | 519 | 628 |
| ,, പെൺ | 470 | 691 |

കഴിഞ്ഞ ആണ്ടത്തെക്കാൾ മുതിൎന്നവരുടെ സ്നാനത്തിൽ ൩൪ പേർ കൂടുതലുണ്ട്. എന്നാൽ സ്നാനം ഏററ പുരുഷന്മാരുടെ എണ്ണത്തിൽ പന്ത്രണ്ടു കുറവാണ്. സ്നാനാൎത്ഥികളുടെ എണ്ണത്തിലും ൧൮൪ ആളുകളുടെ കുറവു കാണുന്നുണ്ട്. അവരുടെ എണ്ണം പ്രതിവൎഷം കുറഞ്ഞുവരികയാണ്. ൧൯൨൭-ൽ ൨,൮൮൯; ൧൯൨൮-ൽ ൧,൮൩൦; ൧൯൨൯-ൽ ൧,൬൪൬ ഇങ്ങനെയാണു കാണുന്നതു്. ഇതു അത്യന്തം സങ്കടഹേതുകമാണ്. ഇവിടെ കിട്ടീട്ടുള്ള കണക്കുകളിൽ കാണുന്ന കുടുംബസംഖ്യകൾ കൃത്യമായിരിപ്പാൻ പാടില്ല. അവയിൽ, പ്രത്യേകിച്ചു കോട്ടയം, മല്ലപ്പള്ളി കൌൺസിലുകളുടെ അതിൎത്തികളിൽ ൧൩൫ എണ്ണത്തിന്റെ കുറവു കാണുന്നുണ്ട്. ഇതു പരിശോധിച്ചു അറിയേണ്ടതാണ്.

പ്രസ്തുത ആണ്ടിൽ ബിഷോപ്പുതിരുമനസ്സുകൊണ്ട് പതിമൂന്നു ഇടവകകൾ സന്ദൎശിച്ചിട്ടുണ്ട്. അവിടത്തെ സന്ദൎശനവേളയിൽ എല്ലാ ഉപസഭകളിലും പോവുകയും പള്ളിക്കൂടങ്ങൾ പരിശോധിക്കയും സുവിശേഷവേലയിൽ പങ്കുകൊള്ളുകയും പ്രവൎത്തകന്മാൎക്കുവേണ്ടി യോഗങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. അവിടുന്നു പ്രസ്തുത ആണ്ടിൽ ഇരുപത്തെട്ടു സ്ഥിരീകരണശുശ്രൂഷകൾ നടത്തി. എല്ലാംകൂടി ൬൨൮ പുരുഷന്മാരും ൬൯൧ സ്ത്രീകളും സ്ഥിരീകരണം പ്രാപിച്ചു.

ഞായറാഴ്ചകളിലും ഇടദിവസങ്ങളിലും പതിവായിട്ടുള്ള ശുശ്രൂഷകൾ കൂടാതെ വലിയനോമ്പിലും ആഗമനകാലത്തും ആത്മീയജീവനെ അഭിവൃദ്ധിപ്പെടുത്തുന്നതിനും മഹാഇടവക ജൂബിലിയുടെ ഒരുക്കമായിട്ടും പ്രത്യേകയോഗങ്ങൾ ചില സ്ഥലങ്ങളിൽ നടത്തപ്പെട്ടിട്ടുണ്ട്. റവ. നിൽസാസ്സാൺ കോട്ടയത്തു യോഗങ്ങൾ നടത്തിയതു്. മല്ലപ്പള്ളി, എറണാകുളം, കൃഷ്ണപുരം മുതലായ സ്ഥലങ്ങളിൽ ഈ ആണ്ടിലും മഹായോഗങ്ങൾ നടത്തപ്പെട്ടു.

സി. ഐ. പത്രോസുഉപദേശി നടത്തിയ യോഗങ്ങൾമൂലം റോമാസഭയിലേക്കു മറിഞ്ഞുപോയിരുന്ന പല കുടുംബക്കാർ തിരിച്ചുവരുന്നതിനു ഇടയായി. പ്രത്യേകിച്ചു വെള്ളൂത്തുരുത്തിയിലും പള്ളത്തുമാണു്. എന്നാൽ പെന്തിക്കോസ്തുകാർ എന്ന അഭിധാനത്താൽ അറിയപ്പെടുന്ന കൂട്ടർ നമ്മുടെ ജനങ്ങളിൽ ചിലരെ ചില സ്ഥലങ്ങളിൽനിന്നു ആകർഷിച്ചു കൊണ്ടുപോയി. ഇങ്ങനെ അധികമായി ഉണ്ടായതു തിരുവല്ലാ, എലന്തൂർ കൌൺസിൽ അതൃത്തികൾക്കുള്ളിലാണു്. പുനർസ്നാനം സ്വീകരിച്ചു വേല വിട്ടുപോയ നമ്മുടെ രണ്ടു പ്രവർത്തകന്മാരും ഈ കൂട്ടത്തിൽ ഉണ്ടു്.

പ്രസ്തുത ആണ്ടിൽ നമ്മുടെ സഭയിൽ ചേർന്നിരുന്നവരിൽ ൧൩൬ പേർ അജ്ഞാനമാർഗ്ഗത്തിലേക്കും ൨൩൨ പേർ ഇതരക്രൈസ്തവവകുപ്പുകളിലേക്കും പോയി. എന്നാൽ കഴിഞ്ഞ ആണ്ടുകളിൽ സഭ വിട്ടുപോയവരിൽ ൧൨൦ പേരെ വീണ്ടും സഭയിൽ ചേർത്തുകൊൾവാൻ ഇടയായി. ഏതാനും ആളുകളുടെമേൽ ശിക്ഷാക്രമം നടത്തേണ്ടതായിട്ടും വന്നുകൂടി. പന്ത്രണ്ടു ആളുകളെ മുടക്കേണ്ടിവന്നു. സസ്പെണ്ടിലോ മുടക്കിലോ കുറെനാൾ കിടന്ന മൂന്നുപേരെ സഭയുടെ കൂട്ടായ്മയിലേക്കു തിരികെ എടുത്തു.

ചില ഇടവകകൾ മഹായിടവകയുടെ പൊതുവായ മിഷ്യനറിവേലകൾക്കു ഔദാര്യപൂർവ്വം സഹായിച്ചതിനും പുറമേ, സ്വന്ത ചുമതലയിൽ ചില പ്രത്യേക സുവിശേഷവേല കയ്യേററു നടത്തിയതിനെ കൃതജ്ഞതയോടു സ്മരിക്കേണ്ടതാണു്. മലഇടവകകൾ എല്ലാം ഇങ്ങനെത്ത വേല ചെയ്യുന്നുണ്ടു്. മോക്കാടു എന്നൊരു സ്ഥലത്തു മേലുകാവു ഇടവക ജോലി ചെയ്യുന്നു. മങ്കൊമ്പു ഇടവക മുട്ടം എന്ന സ്ഥലത്തു വേല തുടങ്ങുകയും അവിടെ ഒരു സ്ക്കൂൾകെട്ടിടം സ്ഥാപിക്കയും ചെയ്തു. അവിടെ അക്രൈസ്തവകുട്ടികൾ ധാരാളമായി പഠിച്ചുകൊണ്ടിരിക്കുന്നു. കൂവപ്പള്ളിക്കാർ ഏടവട്ടി എന്ന സ്ഥലത്തു സ്വന്ത ചുമതലയിൽ ജോലി നടത്തുന്നു. അട്ടൂർമിഷ്യൻ ഡിസ്ത്രിക്ടിലുള്ള ഒരു ഉപസഭയുടെ സന്ധിപ്പിനു എരുമാപ്രക്കാർ ഉത്തരവാദികളായി ചെലവുചെയ്തുകൊണ്ടിരിക്കുന്നു.

മുതിർന്നവരുടെ സ്നാനം അധികം നടന്നതു കുത്താട്ടുകുളം ഇടവകയിലാണു്. പണമുണ്ടായിരുന്നുവെങ്കിൽ പുതിയ വേലസ്ഥലങ്ങൾ എടുക്കാമായിരുന്നു. ചില ഇടവകകളിൽ മുതിർന്നവരുടെ സ്നാനം പുത്തരിക്കുപോലും നടന്നിട്ടില്ല. പ്രസ്തുത ആണ്ടിൽ നമ്മുടെ മഹായിടവകയിൽ അഭിവൃദ്ധിയുണ്ടായിട്ടുണ്ടോ എന്നറിവാൻ ആകാംക്ഷയോടുകൂടിയിരിക്കുന്നവർ ആദ്യം ഈ ഭാഗം മറിച്ചുനോക്കുക സഹജമാണു്. എന്നാൽ അഭിവൃദ്ധിയുടെ എത്രയും തുച്ഛമായ ലക്ഷ്യങ്ങളേ കാണാനുള്ളു. മുമ്പു പ്രസ്താവിച്ചതുപോലെ, ആത്മീയാഭിവൃദ്ധി കണക്കുകൊണ്ടു കാണിപ്പാൻ ആവതില്ല. കണക്കു വെച്ചുകൊണ്ടു നോക്കുന്നപക്ഷം, മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽനിന്നു, നിലച്ച ഒരു മട്ടാണു കാണുന്നതു്. വളർച്ചയില്ലാത്ത ഒരു സ്ഥിതിയാണു് വെളിപ്പെടുന്നതു്. അഭിവൃദ്ധിക്കു പകരം അധോഗതി എന്നല്ലേ പറയേണ്ടതു എന്നു തോന്നിപ്പോകും. ഏററം സന്തോഷകരമായ ഒരു സംഗതി, ഒരു വേള അത്ഭുതവത്തായ കാര്യം, സ്ത്രീകളുടെ സ്നാനമാണു്. അതു കഴിഞ്ഞയാണ്ടത്തേക്കാൾ നാല്പത്താറു കൂടുതലാണു്. അവരുടെ സ്നാനസംഖ്യ പുരുഷന്മാരുടേതിനേക്കാൾ ഇരുപത്താറു അധികമാണു്. ഇതിന്റെ കാരണം പുരുഷന്മാരുടെ ഇടയിൽ ചെയ്തതിൽ അധികം ഊർജ്ജിതമായ ജോലി സ്ത്രീകളുടെ ഇടയിൽ നടത്തി എന്നുള്ളതല്ലേ? അതാണു കാരണമെങ്കിൽ അതിന്റെ ഫലം സമൂഹം മുഴുവനിലും—പുരുഷന്മാരിലും കുട്ടികളിലും എന്നുമാത്രമല്ല, മററു സ്ത്രീകളിലുംകൂടി—പ്രതിഫലിക്കുന്നതാണു്. അതു ആത്മീയ പുരോഗമനത്തെ വിളിച്ചറിയിക്കയായിരിക്കാം. അതു

അങ്ങനെതന്നെ ഭവിക്കും എന്നു നാം പ്രത്യാശിക്കുന്നു. എങ്കിലും ആ സംഗതിയെ നാം അത്രയധികം പിടിച്ചുപറയേണ്ടതില്ല. എന്തെന്നാൽ നാം പുറകോട്ടു തിരിഞ്ഞു നോക്കുന്നപക്ഷം, ൧൯൨൭-ൽ സ്നാനം ഏററ സ്ത്രീകൾ ൨൩൦ ആയിരുന്നു. ൧൯൨൯-ൽ നടന്നതിനോടു ഒത്തുനോക്കിയാൽ അന്നു എഴുപത്തൊന്നു കൂടുതലുണ്ടായിരുന്നു. ൧൯൨൮-ലേതു കഴിഞ്ഞ ആണ്ടത്തെപ്പോലെയിരുന്നു. അതുകൊണ്ടു കഴിഞ്ഞ ആണ്ടിൽ കണ്ട കൂടുതലിനെ അതു സ്വീകാര്യയോഗ്യമെങ്കിലും അത്ര അധികം പൊക്കിപ്പറഞ്ഞിട്ടു കാര്യമില്ല.

## III

## സ്ത്രീകളുടെ ഇടയിലുള്ള വേല

സ്ത്രീകളുടെ ഇടയിലുള്ള സ്ത്രീകളുടെ വേല നമ്മുടെ മഹായിടവകയിൽ അടുത്ത കാലത്തു നിസ്തുലമായി വികാസം പ്രാപിച്ചിട്ടുണ്ടു്. ൧൯൩൦-ൽ വിവിധ കൈവഴികളിൽകൂടി നടന്നിട്ടുള്ള പരിശ്രമങ്ങളുടെ ഒരു ചുരുക്കമാണു് താഴെ ചേർത്തിരിക്കുന്നതു്.

**മാതൃസംഘം.** പ്രസ്തുത സംഘത്തിനു ഇപ്പോൾ അറുപത്താറു ശാഖകൾ ഉണ്ടു. അവയിൽ പതിന്നാലു എണ്ണം ആംഗ്ലേയശാഖകളോടു സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു. ഈ ആണ്ടിൽ കുറിച്ചിയിടവകയിൽ നാലു പുതിയ ശാഖകൾ ഏർപ്പെടുത്തപ്പെട്ടു. പന്ത്രണ്ടു എണ്ണം മാതൃസംഘോദ്ദേശ്യസാദ്ധ്യങ്ങളെക്കുറിച്ചു അഭ്യസനം കഴിപ്പിച്ചശേഷം ശരിയായ ശാഖകളായി രൂപീകരിക്കണം എന്നു വിചാരിച്ചു 'പരീക്ഷാർത്ഥശാഖകളായി' ചേർത്തിരിക്കുന്നു. ഓരോരുത്തരുടെയും വിളിയെയും ചുമതലയെയും കുറിച്ചു ആഴമായ ബോധം ജനിപ്പിക്കേണ്ടതിലേക്കായി നിവൃത്തിയുള്ളപക്ഷം, ഒരു 'പുതുക്കശുശ്രൂഷ' എല്ലാ ശാഖകളിലും നടത്തണമെന്നു മാ. സ. യോഗത്തിൽ തീരുമാനിച്ചതാണു്. എങ്കിലും അതതു സ്ഥലങ്ങളിലുള്ള നടത്തിപ്പുകാർക്കു ആ ജോലി കയ്യേല്ക്കുന്നതിനൊ പൂർത്തിയാക്കുന്നതിനൊ നിവൃത്തിയില്ലാതെ വന്നതുകൊണ്ടും ആളാംപ്രതി ഒട്ടുവളരെ പ്രവൃത്തി ചെയ്യേണ്ടതായിട്ടുണ്ടായിരുന്നതുകൊണ്ടും അതു പ്രയോഗത്തിൽ എത്തിയില്ല.

**സാഹിത്യം.** മാതൃസംഘത്തിന്റെ ഉദ്ദേശ്യങ്ങളെക്കുറിച്ചുള്ള പാഠങ്ങൾ അടങ്ങിയ ഒരു പുസ്തകവും അംഗങ്ങൾക്കുള്ള കാർഡിന്റെ ഒരു പുതിയ പതിപ്പും പ്രസ്തുത ആണ്ടിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി.

**ശുശ്രൂഷ.** തങ്ങളുടെ വേലയിലും പ്രാർത്ഥനയിലും സഹായിക്കേണ്ടതിനായി പത്തു ശാഖകളിൽ ഉള്ള ആളുകൾ ചില സഭകളെ സന്ദർശിച്ചു. രണ്ടു ശാഖകൾ ചില സഭകളിൽ ശാഖാസംഘങ്ങളെ ഏർപ്പെടുത്തുന്നതിനു കാരണഭൂതരായിരുന്നു. ചിലർ ഒരുമിച്ചുകൂടി പ്രാർത്ഥനയോഗങ്ങളും വേദപഠനവും നടത്തുന്നുണ്ടു്. വളരെപ്പേർ, ആസ്പത്രികളിലും വീടുകളിലും രോഗാതുരന്മാരായി കിടന്നവരെ സന്ദർശിച്ചിട്ടുണ്ടു. മററു ചിലർ അക്ഷരജ്ഞാനമില്ലാത്ത അയൽവാസികളെ പഠിപ്പിക്കുന്നതിലും സണ്ടേസ്ക്കൂൾ നടത്തുന്നതിലും ഏർപ്പെട്ടിരുന്നു.

**കോൺഫ്രൻസുകൾ.** കഴിഞ്ഞ സെപ്തംബർമാസത്തിൽ തെന്നിന്ത്യ, സിലോൺ മഹായിടവകകളുടെ വകയായി, മദ്രാസിൽവെച്ചു നടത്തിയ കോൺഫ്രൻസിൽ നമ്മുടെ മാതൃസംഘത്തിൽനിന്നും മൂന്നു ആളുകൾ സംബന്ധിച്ചിരുന്നു. ഈ യോഗത്തിന്റെ ഉദ്ദേശ്യം കുടുംബജീവിതവും സഭാജീവിതവും ശക്തിപ്പെടുത്തുന്ന

തിനു ഐക്യസംഘം എത്രകണ്ടു സഹായപ്രദമായിത്തീരും എന്നു ആലോചിക്കുന്നതിനായിരുന്നു. ക്രിസ്തുമസ്സ്കാലത്തു നടത്തിയ സിക്രട്ടറിമാരുടെ യോഗങ്ങളിൽ, നമ്മുടെ പ്രതിനിധികൾ ഈ ഐക്യസംഘം മുഖേന നടത്തപ്പെട്ട വേലയുടെ ഒരു വിവരണം കൊടുത്തു. പ്രസ്തുത യോഗത്തിൽ, നിർമ്മലത, സ്വഭാവപരിശീലനം, വേലയുടെ സമ്പ്രദായം എന്നീ വിഷയങ്ങളെക്കുറിച്ചു നടത്തിയ സംവാദം ചിന്തയെ ഉണർത്തുന്നതിനു സഹായീഭവിച്ചു. ഈ സമ്പ്രദായം ശാഖാസംഘങ്ങളിൽക്കൂടി നടപ്പാക്കണം എന്നുള്ള അഭിപ്രായപ്രസ്താവനയും ഉണ്ടായി. ഒരു ശാഖ ഏതാണ്ടു ഈ രൂപത്തിൽ ഒരു യോഗം നടത്തിയതായും പ്രസ്താവിക്കപ്പെട്ടു. നമ്മുടെ കുടുംബജീവിതം യേശുക്രിസ്തുവിന്നായി പ്രതിഷ്ഠിക്കുക, കുഞ്ഞുങ്ങളെ അവിടുത്തെ സേവയ്ക്കായി വളർത്തുക, മററുള്ളവരും അങ്ങനെ ചെയ്യേണ്ടതിലേക്കു അവർക്കു സഹായിക്കുക മുതലായി ഐക്യസംഘോദ്ദേശ്യങ്ങളെ നടപ്പിൽ വരുത്തുവാൻ തക്കവണ്ണം ആഴമായ ചുമതലബോധം അംഗംപ്രതി ഉണ്ടാകുക എന്നുള്ളതാണു വലിയ ആവശ്യമായിരിക്കുന്നതു.

**ഗ്രാമ്യവേല** സഞ്ചാരമിഷ്യനറിമദാമ്മമാരും അവരുടെ സഹായികളും ബെഥേൽ ആശ്രമവാസികളും നടത്തിക്കൊണ്ടിരുന്നു. ബെയിക്കർസ്മാരകസ്കൂളിലെയും ബുക്കാനാൻസ്കൂളിലെയും അദ്ധ്യാപകവൃന്ദത്തിൽ ചിലരും മുതിർന്ന പെൺകുട്ടികളും അതുപോലെതന്നെ മാതൃസംഘാംഗങ്ങളും മററു ചില സ്വമേധാവേലക്കാരുംകൂടി ചില പ്രത്യേക ജോലികൾ ചെയ്തിട്ടുണ്ട്.

റിപ്പോർട്ടുവർഷത്തിൽ ഗ്രാമ്യസഭകളിലുള്ള നടത്തിപ്പുകാരികൾക്കുവേണ്ടി പരിശീലനക്ലാസ്സുകൾ പതിന്നാലു കേന്ദ്രസ്ഥാനങ്ങളിൽവെച്ചു നടത്തിട്ടുണ്ടു്. ഈ യോഗങ്ങളിലെല്ലാം മിക്കവാറും തൃപ്തികരമായ ഹാജർ ഉണ്ടായിരുന്നു. സ്ത്രീകൾ മൂന്നാലുദിവസം താമസത്തിനു വേണ്ട ഭക്ഷണച്ചെലവുസഹിതമാണ് സന്നിഹിതരായതു്. അവരുടെ ഭക്ഷണം അവർതന്നെയാണ് പാകംചെയ്തതു. ധ്യാനജീവിതം, വിശ്വാസത്തിന്റെ അടിസ്ഥാനങ്ങൾ, ക്രിസ്തീയ കുടുംബങ്ങളുടെയും സഭയുടെയും അംഗങ്ങൾ എന്ന നിലയിൽ തങ്ങൾക്കുള്ള കർത്തവ്യകർമ്മങ്ങൾ എന്നിങ്ങനെയുള്ള സംഗതികളെ ആണ് പാഠവിഷയങ്ങളായി തിരഞ്ഞെടുത്തതു്. അവർക്കു ആ പഠനം വളരെ പ്രയോജനമായിരുന്നു. അതിൽനിന്നുണ്ടായ ഫലങ്ങളും ധൈര്യപ്രദങ്ങളായിരുന്നു. പല കുടുംബങ്ങൾ സഭയിൽ തിരികെ വരുന്നതിനും ജാതികളായിരുന്ന ചില കുടുംബങ്ങൾ സ്നാനാർത്ഥികളായി തീരുന്നതിനും ഇടവന്നു. അതു മാത്രമല്ല, സ്ത്രീകളുടെ ഉത്സാഹത്താൽ ഒരു അക്രൈസ്തവവാദ്ധ്യാർ സുവിശേഷത്തിൽ താല്പര്യമുള്ളവനായും തീർന്നു. ഒട്ടുവളരെ വേദപുസ്തകപ്രതികളും ഒററ സുവിശേഷങ്ങളും പകുതിവിലയ്ക്കു വിററഴിച്ചു. വേദപുസ്തകപഠനത്തിനും പ്രാർത്ഥനയ്ക്കും ആളുകളെ കൂട്ടുന്നതിലേക്കായി സ്ത്രീകൾ മുമ്പിലത്തേക്കാൾ കൂടുതലായി പ്രയത്നിച്ചിട്ടുള്ളതായി കാണുന്നു. പല കേന്ദ്രസ്ഥാനങ്ങളിൽ പരിശീലനക്ലാസ്സുകളിൽ സംബന്ധിച്ച നടത്തിപ്പുകാരികൾക്കുവേണ്ടി രണ്ടു മൂന്നു മാസം കഴിഞ്ഞു ഐക്യസംഘങ്ങൾ നടത്തപ്പെട്ടു. സ്ത്രീകളെ ധൈര്യപ്പെടുത്തുന്നതിനും അവരുടെ വേലയുടെ റിപ്പോർട്ടു കേൾക്കുന്നതിനും ആണ് അങ്ങനെ ചെയ്തതു്.

**പുതിയ സഭകളിലുള്ള സ്ത്രീകൾ.** മഹായിടവകയുടെ ഉത്തരഭാഗത്തുള്ള ചില പുതിയ സഭകളിൽ കഴിഞ്ഞ ആണ്ടു വളരെ വർദ്ധനവു കാണുന്നുണ്ട്. അവിടവിടെയുള്ള സ്ത്രീകൾ പള്ളിശുശ്രൂഷകളിലും പ്രത്യേക യോഗങ്ങളിലും കൂടുന്നതിനും പെൺകുട്ടികളെ മിഷ്യൻസ്കൂളുകളിൽ അയയ്ക്കുന്നതിനും വളരെ ഉത്സാഹം കാണിച്ചു.

**മഹായിടവക ജൂബിലി.** മഹായിടവക ജൂബിലി ആഘോഷംസംബ

സിച്ചു പല സ്ഥലങ്ങൾ സന്ദർശിക്കേണ്ടതായി വന്നുകൂടി. എല്ലാ സ്ഥലങ്ങളിലുമുള്ള ആളുകൾ, കഴിഞ്ഞ അമ്പതു വർഷങ്ങളായിട്ടു സഭ മുഖാന്തരം ലഭിച്ച അനുഗ്രഹങ്ങളെ—പഠിക്കുന്നതിനും ഒരുമിച്ചുകൂടി പ്രാർത്ഥിക്കുന്നതിനും മററുള്ളവർക്കായി വേല ചെയ്യുന്നതിനും സ്വാതന്ത്ര്യം ലഭിച്ചതിനെ—നന്ദിപൂർവ്വം സമ്മതിച്ചു പറഞ്ഞു. പല സ്ഥലങ്ങളിലുള്ള ആളുകൾ സന്തോഷസഹിതം സ്തോത്രകാഴ്ച പണമായിട്ടോ സാമാനമായിട്ടോ കൊണ്ടുവന്നു ഏല്പിച്ചു. എന്നാൽ വേറെ ചിലടത്തു ഒട്ടും താല്പര്യം പ്രദർശിപ്പിച്ചുകണ്ടില്ല എന്നുള്ളതും പ്രസ്താവിക്കേണ്ടിയിരിക്കുന്നു. നമുക്കു ലഭിച്ച സ്വാതന്ത്ര്യത്തെ, നമ്മുടെ സ്വന്ത സന്തോഷത്തിനായിട്ടല്ല, നമ്മുടെ സഹോദരവർഗ്ഗത്തെ ശുശ്രൂഷിക്കുന്നതിനായി ഉപയോഗിപ്പാൻ നാം ഇതുവരെ പഠിച്ചില്ല എന്നുണ്ടോ? (റോമ. ൫. ൧൩).

**ആതുരസംരക്ഷണവേല.** ഈ ആണ്ടു മുഴുവൻ വാഴൂരുള്ള കരുണാലയത്തിലെ ജോലി മിസ്സ് നൈററിന്റെ മേൽനോട്ടത്തിൽ നടത്തപ്പെട്ടു. ഈ ആണ്ടിൽ, പുറത്തുനിന്നു വന്നിട്ടുള്ള ൨,൭൭൭ രോഗികൾക്കു ഔഷധം കൊടുത്തും നാല്പതു പേരെ ആലയത്തിൽ സ്വീകരിച്ചും ചികിത്സിച്ചിട്ടുണ്ട്. അതിനിടയ്ക്കു യാദൃച്ഛികമായുണ്ടായ അപകടങ്ങളിൽ അകപ്പെട്ട പതിന്നാലുപേരെയും മൂന്നു പ്രസവകേസുകളും സ്വീകരിച്ചു വേണ്ടതു ചെയ്തു. ആസ്പത്രിയിൽ അപകടകരമായ സന്നിപാതജ്വരം പിടിപെട്ട ആളുകൾ കിടന്നില്ലായിരുന്നു എങ്കിൽ പ്രസവാവശ്യക്കാരെ കൂടുതലായി സ്വീകരിക്കാമായിരുന്നു. മിസ്സ് വാർഡ് സ്ഥലത്തില്ലായിരുന്നതുകൊണ്ടു നിക്കോൾസൺസ്ക്കൂളിനോടു ചേർന്നുള്ള ആസ്പത്രിയിൽ ആഴ്ചതോറും പോയി കൊണ്ടിരുന്നു. നമ്മുടെ പല സ്ഥാപനങ്ങളിൽവെച്ചു, ശരീരസുഖം, ശിശുസംരക്ഷണം ഈ വിഷയങ്ങളെക്കുറിച്ചു പാഠങ്ങൾ പറഞ്ഞിട്ടുണ്ട്.

**ബെഥേൽആശ്രമം.** പെരുമ്പുരത്തി, തലവടി ഇടവകകളിലുള്ള ഉപസഭകളെ സന്ദർശിച്ചു. ഒരു മാസത്തേക്കു ഏഴു സ്ത്രീകൾ അടങ്ങിയ ഒരു ഉപദേശക്ലാസ്സു ബെഥേലിൽവെച്ചു നടത്തപ്പെട്ടു. ജൂലായി മുതൽ ഡിസംബർവരെ ഒരു രാപ്പള്ളിക്കൂടം വാരിക്കാട്ടു നടത്തി. ഹാജർപുസ്തകത്തിൽ പേരെഴുതിച്ചിട്ടുള്ള പതിന്നാലു സ്ത്രീകളിൽ ചിലർ പഠിപ്പാൻ അത്യന്തം ഉത്സാഹം കാണിച്ചു. പകൽ മുഴുവൻ കഠിനവേല ചെയ്തതിന്റെശേഷം അവർ രാത്രിതോറും വന്നു പഠിച്ചുകൊണ്ടിരുന്നു. അവരെ മൂന്നു ക്ലാസ്സുകളായിട്ടാണ് പഠിപ്പിച്ചതു്. അതുകൊണ്ടു എല്ലാവരും കുറേശ വായിപ്പാൻ ശീലിച്ചു. മുന്ത്യക്ലാസ്സിൽ ഉണ്ടായിരുന്ന രണ്ടുപേർക്കു ഇപ്പോൾ വേദപുസ്തകം വായിക്കാം. സ്ക്കൂൾ ആരംഭിച്ചതും അവസാനിപ്പിച്ചതും വേദപുസ്തകത്തിൽനിന്നു ഓരോ പാഠം പഠിപ്പിച്ചതിന്റെശേഷമാണ്. വായന പഠിപ്പിക്കുന്നതിന്നായി തുടങ്ങിയ രണ്ടു ക്ലാസ്സു, രണ്ടോ മൂന്നോ മാസത്തോളം ആശ്രമത്തിൽ തന്നെ നടത്തി. ക്ലാസ്സിൽ ചേർന്നിരുന്ന അഞ്ചു സ്ത്രീകളെ തയ്യലും ശരീരസുഖസംരക്ഷണശാസ്ത്രവും വശമാക്കി. വേദപാഠങ്ങളും പഠിപ്പിച്ചു.

**സെനാനാമിഷ്യൻ പ്രവർത്തനം.** നാലു സ്ഥലത്തു മിഷ്യൻവേലകൾ പതിവുപോലെ നടന്നുകൊണ്ടിരുന്നു. വിസ്തീർണ്ണമായി ജോലി നടക്കുന്ന തൃശ്ശൂർ മൂന്നു ആളുകളെക്കൂടി പുതുതായി ജോലിക്കു നിയമിച്ചു. മതാവലംബികൾക്കുള്ള ശാലയിൽ ൧൦൦ ആളുകൾ പാർക്കുന്നുണ്ടായിരുന്നു. എറണാകുളത്തു പ്രധാനമായി ജോലിചെയ്തതു ഈഴവർ, മഹമ്മദീയർ, യൂദന്മാർ എന്നിവരുടെ ഇടയിലാകുന്നു. ഉയർന്നജാതിക്കാരെയും ചിലപ്പോഴൊക്കെ ദർശിക്കാറുണ്ടായിരുന്നു. മഹമ്മദീയരുടെ ഇടയിലുള്ള വേലയ്ക്കു അധികം പ്രയോജനമുണ്ടാകുന്നതിലേക്കു ഒരാൾ ഹിന്ദുസ്ഥാനി വശമാക്കി. മതസത്യങ്ങളെ അറിവാൻ ആഗ്രഹിക്കുന്ന തിരക്കക്കാരായ പലരും ഉണ്ട്. തൃപ്പൂണിത്തുറയുള്ള സ്ക്കൂളിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള ഒരു

അദ്ധ്യാപകൻ ഉപയോഗമുള്ള കൈത്തൊഴിലുകൾ പഠിപ്പിച്ചുവരുന്നു. തിരുവനന്തപുരം കോട്ടയിലുള്ള സ്ക്രൂളിനു പ്രസ്തുത ആണ്ടു ശുഭകാലമായിരുന്നു. ഈ ആണ്ടിലാണ് മഹാറാണി പെൺകുട്ടികൾ ആദ്യമായിട്ടു അവിടെ പഠിപ്പാൻ കയറിയത്. പഴയ ഹൈന്ദവവിദ്യാർത്ഥനികളിൽ പലരുമായുള്ള അടുപ്പം വിടാതെ പാലിച്ചുകൊണ്ടിരുന്നു. ഒല്ലൂരിലും കോട്ടയത്തും ഉള്ള സ്ക്രൂളുകൾ അതതിന്റെ കൃത്യം നിർവ്വിഘ്നം നടത്തിക്കൊണ്ടുപോന്നു.

## IV

## കുട്ടികളുടെ ഇടയിലുള്ള വേല

സണ്ടേസ്ക്രൂൾവേല കഴിഞ്ഞ ആണ്ടത്തെപ്പോലെതന്നെ ഈ ആണ്ടിലും, കുട്ടികളുടെ ഇടയിലെ വേലയെ ക്രമപ്പെടുത്തുന്നതിനുള്ള ബോർഡിന്റെ മേൽനോട്ടത്തിലും ഇണ്ട്യാ സണ്ടേസ്ക്രൂൾയൂണിയനും ആയി സംഘടിപ്പിച്ചും നടത്തിക്കൊണ്ടുപോന്നു. പ്രസ്തുത ആണ്ടിൽ ബോർഡു മൂന്നുപ്രാവശ്യം കൂടി. ആ അവസരങ്ങളിൽ പണകാര്യം, പാഠപ്പുസ്തകങ്ങൾ, കോൺഫറൻസുകൾ നടത്തുന്നതിനുള്ള ഏർപ്പാടുകൾ ആദിയായ പല വിഷയങ്ങളെക്കുറിച്ചു ആലോചിച്ചു വേണ്ടതു പ്രവർത്തിച്ചിട്ടുണ്ട്. സണ്ടേസ്ക്രൂൾകുട്ടികളെ പ്രായത്തിനൊത്തവണ്ണം ക്ലാസ്സുതിരിക്കയും അവർക്കു പററിയ വിധത്തിൽ തരംതിരിച്ചിട്ടുള്ള പാഠപ്പുസ്തകങ്ങളെ ഉപയോഗപ്പെടുത്തുകയും ചെയ്തു. ഒരു ക്ലാസ്സിന്റെ ഉപയോഗത്തിനായി പ്രതിമാസം പാഠങ്ങൾ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നു. പ്രത്യേകാരാധനക്രമം സർവ്വസാധാരണമായി ഉപയോഗിച്ചു. ചില ഇടവകകളിൽ അദ്ധ്യാപകന്മാർക്കുവേണ്ടി യോഗങ്ങളും ഒരുക്കക്ലാസ്സുകളും മുടങ്ങാതെ നടത്തി. മിക്ക സ്ഥലങ്ങളിലും വാർഷികയോഗങ്ങൾ ആഘോഷിക്കപ്പെട്ടു. മലയാള ക്രൈസ്തവസാഹിത്യപ്രസിദ്ധീകരണങ്ങൾക്കു പ്രചാരം ലഭിക്കണം എന്നുദ്ദേശിച്ചു പുസ്തകസമ്മാനങ്ങൾ കൊടുക്കുന്ന കാര്യത്തിൽ ബോർഡു ഉത്സാഹപൂർവ്വം പ്രവർത്തിച്ചു. ചില പ്രത്യേക അവസരങ്ങളിലെല്ലാം ഐ. എസ്. എസ്. യു. പ്രവർത്തകന്മാരുടെയും, സി. എസ്. എസ്. യു. പ്രവർത്തകന്മാരുടെയും, സഹോദരീസഭകളിലുള്ള ചില നായകന്മാരുടെയും സഹായം സിദ്ധിച്ചിട്ടുണ്ട്.

സണ്ടേസ്ക്രൂൾദിനം സെപ്തംബർ ൨൭-ാംനു ആഘോഷിക്കപ്പെട്ടു. അന്നു ഒരു സ്തോത്രകാഴ്ച എടുക്കയും അതിൽ പകുതി ഐ. എസ്. എസ്. യൂണിയൻവകയ്ക്കു കൊടുക്കയും ചെയ്തു. ഇൻസ്പെക്ടറന്മാർക്കായി രണ്ടു യോഗങ്ങൾ—ഒന്നു സെപ്തംബർ ൧൬-ാം, ൧൭-ാം തിയ്യതികളിൽ തിരുവല്ലായിൽവെച്ചും മററതു ടി മാസം ൨൭-ാം, ൨൮-ാം തിയ്യതികളിൽ കോട്ടയത്തുവെച്ചും—നടത്തപ്പെട്ടു. ഹാജർ ധൈര്യപ്രദമായിരുന്നില്ല. ഇൻസ്പെക്ടറന്മാരെ കൂടാതെ ചില സണ്ടേസ്ക്രൂൾപ്രവർത്തകന്മാരും ഹാജരുണ്ടായിരുന്നു. ധ്യാനവിഷയങ്ങൾക്കു പുറമെ, പഠനസമ്പ്രദായം, കഥാകഥനരീതി, കുത്തിപ്പുക്ലാസ്സുകൾ ഇത്യാദികളെക്കുറിച്ചു പാഠവങ്ങൾ പറകയും ചെയ്തു. ഒരു യോഗത്തിൽ ബിഷോപ്പുതിരുമനസ്സുകൊണ്ടും സന്നിഹിതനായിരുന്നു. നമ്മുടെ സഭയിലും മാർത്തോമ്മാസഭയിലുമുള്ള ചില പ്രധാന സണ്ടേസ്ക്രൂൾപ്രവർത്തകന്മാർ ഈ യോഗങ്ങളിൽ സഹായിച്ചു. ഇൻസ്പെക്ടറന്മാർ നല്ല വേല ചെയ്യുന്നുണ്ടെന്നു റിപ്പോർട്ടുകൾമൂലം കാണുന്നു. സണ്ടേസ്ക്രൂൾവേലയെ അഭിവൃദ്ധിപ്പെടുത്തുന്നതിലേക്കുള്ള 'ഒരുചക്രപ്പിരിവു' കഴിഞ്ഞ കൊല്ലത്തെപ്പോലെ, ഈ ആണ്ടിലും കൊടുക്കണം എന്നു അർത്ഥിച്ചിരുന്നു. നല്ല ഒരു സംഖ്യ പിരിച്ചെടുക്കണം എന്നു വിചാരിച്ചു വേണ്ട യത്നം ചെയ്തു എങ്കിലും ഫലം ധൈര്യപ്രദമായിരുന്നില്ല.

പ്രസ്തുത ആണ്ടിൽ കുട്ടികൾക്കായി പ്രത്യേക ഞായറാഴ്ചശുശ്രൂഷ നടപ്പാക്കുവാൻ ശ്രമിച്ചു. ഈ വിഷയത്തെക്കുറിച്ചു പല ഡിസ്ത്രിക്ട് കൌൺസിലുകളിൽ ആലോചന കഴിച്ചു. ഈ അഭിപ്രായം എല്ലാവരും സോത്സാഹം സ്വീകരിച്ചു. എന്നാൽ ചുരുക്കം ചില സ്ഥലങ്ങളിൽ മാത്രമേ ഇതു നടത്തിവരുന്നുള്ളു. ഈ പതിവു എല്ലായിടങ്ങളിലും പ്രചാരപ്പെടുന്നപക്ഷം അതു ഇളംതലമുറയ്ക്കു ഒരു വാസ്തവാനുഗ്രഹമായി തീരുന്നതാണ്. ഈ ആവശ്യത്തിലേക്കായി ഒരു ശുശ്രൂഷക്രമം തയ്യാറാക്കി വരുന്നു.

വളരെക്കാലമായിട്ടു നാം ആശിച്ചുവരുന്നതുപോലെ ഒരു സഞ്ചാരസിക്രട്ടറിയെ നിയമിക്കുവാൻ സാധിച്ചില്ല. മുഴുവൻസമയം ഇതിലേക്കു ഉപയോഗിക്കാൻ കഴിയുന്ന ഒരു സിക്രട്ടറിയെ നിയമിപ്പാൻ നിവൃത്തിയില്ലെന്നുവന്നാലും സണ്ടേസ്ക്കൂൾ ഏപ്പാടുകളിൽ കുറെക്കൂടെ സമയവും ചൈതന്യവും ചെലുത്തുവാൻ കഴിയുന്ന ഒരാളെ കണ്ടുപിടിക്കേണ്ടതാണ്. കഴിഞ്ഞ കുറെ വഷങ്ങളായിട്ടു നമ്മുടെ സണ്ടേസ്ക്കൂളുകൾ അഭിവൃദ്ധി പ്രാപിച്ചുകൊണ്ടാണ് ഇരിക്കുന്നതു്. തരംതിരിച്ചുള്ള പാഠപദ്ധതികൾ, പ്രായക്രമമനുസരിച്ചുള്ള ക്ലാസ്സുകൾ ഇത്യാദികൾ പുരോഗമനത്തിന്റെ ലക്ഷ്യങ്ങളാണ്. പ്രവത്തകന്മാരുടെ സഹകരണവും ഗണിക്കപ്പെടാവുന്നതാണ്. ഓരോ ഇടവകയിലുമുള്ള സണ്ടേസ്ക്കൂൾ കാര്യങ്ങളിൽ ഉത്സാഹിച്ചു വേണ്ടതു പ്രവത്തിപ്പാൻ കൊള്ളാവുന്ന ചിലരെ തിരഞ്ഞെടുക്കുകയും അമരം പിടിക്കാൻ ഒരാൾ തലസ്ഥാനത്തു ഇരിക്കയും വേണമെന്നുള്ളതാണ് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നതു്. ചില പ്രയാസങ്ങൾ ഓത്തു ഭാവിതലമുറയെ ശരിയായി അഭ്യസിപ്പിച്ചു കൊണ്ടുവരേണ്ട പ്രധാന ജോലി അവഗണിച്ചുകൂടാത്തതാണ്.

### സണ്ടേസ്ക്കൂൾകണക്കുകൾ

| | | |
|---|---|---|
| സണ്ടേസ്ക്കൂളുകളുടെ എണ്ണം | | ൩൯൩ |
| അദ്ധ്യാപകർ | പുരുഷന്മാർ | ൧,൨൦൪ |
| | സ്ത്രീകൾ | ൧൩൭ |
| ക്രൈസ്തവർ | ആൺകുട്ടികൾ | ൪,൫൩൭ |
| | പെൺകുട്ടികൾ | ൩,൨൨൫ |
| അക്രൈസ്തവർ | ആൺകുട്ടികൾ | ൯൭൭ |
| | പെൺകുട്ടികൾ | ൫൪൪ |
| ആകെ | | ൧൩,൨൦൨ |

## V

## വിദ്യാഭ്യാസപ്രവത്തനം

**വൈദികശാല.** സി. എൻ. ശാലയുടെ ജീവിതത്തിൽ, അതിന്റെ വൈദികശാഖ ശരിയായ നിലയെ പ്രാപിച്ചതു ൧൯൨൯-ാം ആണ്ടിൽ ആണ്. റവ. എം. സി. ചാക്കൊ ബി. എ., ബി. ഡി.യെ പ്രസ്തുത ശാലയിലെ അദ്ധ്യാപകഗണത്തിൽ ഉൾപ്പെടുത്തി ഒരു പ്രാസംഗികനായി നിയമിച്ചു. ദീഘകാലം ആവശ്യമായി തോന്നിയ സംഗതിക്കു പരിഹാരം ഉണ്ടാക്കിത്തന്നതിനു നാം ചച്ച്മിഷ്യൻസമൂഹത്തോടു കൃതജ്ഞതയുള്ളവരായിരിക്കേണ്ടതാണ്. പരിശീലനത്തിനായി വരുന്ന

ആശാനുപദേശിമാൎക്കും അദ്ധ്യാപകന്മാൎക്കും കുടുംബസഹിതം താമസിപ്പാൻ തക്കവണ്ണം ഒരു കെട്ടിടം ഉണ്ടാക്കുന്നതിലേക്കായി, ഡിക്കിൻസൻ എന്നൊരു മഹാന്റെ മരണപത്രികപ്രകാരം കിട്ടിയ പണത്തിൽനിന്നു ൨൦൦ പവൻ കൊടുത്തതിൽ സമൂഹത്തിനു ഈ ശാലയോടുള്ള താല്പൎയ്യം വീണ്ടും പ്രത്യക്ഷപ്പെടുന്നു. ഇങ്ങനെ ഒരു കെട്ടിടം ഉണ്ടായതുകൊണ്ടു അവിടെ വന്നുതാമസിക്കുന്ന അദ്ധ്യാപകപത്നിമാൎക്കും പരിശീലനം സിദ്ധിക്കുന്നതിനും തങ്ങളുടെ ഭൎത്താക്കന്മാരുടെ വേലയിൽ അവരെ സഹായിക്കുന്നതിനു ഒരുവിധം കൂടുതൽ പ്രാപ്തി ഉണ്ടാകുന്നതിനും അവസരം ലഭിക്കുന്നു. വൈദികക്ലാസ്സുകൾ നടത്തുന്നതിനു ആവശ്യമുള്ള സ്ഥിരകെട്ടിടം ഉണ്ടായതും കൂടുതൽ അഭിവൃദ്ധിയ്ക്കു കാരണമാണ്. ആഗസ്റ്റ് മാസം ൧൨-ാം൹ പ്രസ്തുത സ്ഥാപനത്തിന്റെ ൭൦-ാമത്തെ വാൎഷികയോഗം കൊണ്ടാടി. അന്നു ചാപ്പലിൽ നടത്തിയ സ്തോത്രശുശ്രൂഷയിൽ പിരിഞ്ഞ പണം, സി. എം. എസിന്റെ വേല കുറച്ചുകൊണ്ടിരിക്കുന്ന ഈ കാലത്തു ആ സമൂഹത്തോടുള്ള നന്ദിയും സഹതാപവും കാണിക്കുന്നതിനായി ലണ്ടനിലേക്കു അയച്ചുകൊടുക്കണം എന്നു അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും ഒരുമനസ്സാലെ തീരുമാനിച്ചു.

പ്രസ്തുത ആണ്ടിൽ നമ്മുടെ ബിഷോപ്പു നാലു പൂൎവ്വവിദ്യാൎത്ഥികൾക്കും പരിശീലനസ്കൂളിലെ ഒരു അദ്ധ്യാപകനായിരുന്ന മിസ്റ്റർ സി. കെ. ജോണിനും ഡീയാക്കോൻപട്ടവും അഞ്ചുപേൎക്കു പ്രെസ്ബിറ്ററസ്ഥാനവും നല്കുക ഉണ്ടായി. റവ. സി. സി. ഐ. എബ്രഹാമിനും, റവ. ജെ. ആർ. ജയസിംഗിനും പട്ടംകൊടുത്തതു കൊളംബു ബിഷോപ്പുതിരുമനസ്സുകൊണ്ടാണ്.

മുമ്പുതന്നേ ആറു വിദ്യാൎത്ഥികൾ ഉണ്ടായിരുന്ന സീനിയർ വൈദികക്ലാസ്സിലേക്കു റവ. എൻ. ഐ. ഇഗ്നാത്യോസു, മിസ്റ്റർ കെ. എം. മാത്തൻ ബി. എ., മാൎത്തോമ്മാസഭയിലെ മിസ്റ്റർ റി. എൽ. വറുഗീസു എന്നിങ്ങനെ മൂന്നു പ്രത്യേകവിദ്യാൎത്ഥികളെക്കൂടി ചേൎത്തു. തിരുനെൽവേലിയിൽനിന്നു അയച്ചിരുന്ന മിസ്റ്റർ മോശ പാക്കിയനാഥൻ പുതിയ ജോലിയിൽ പ്രവേശിക്കുന്നതിനായി വിട്ടുപോയി. ഒന്നാം എൽ. റി. പരീക്ഷയ്ക്കു ചേൎന്നിരുന്ന ആറുപേരും ജയിച്ചു. എന്നാൽ ഗ്രീക്കിനു ഒന്നുകൂടെ ചേരേണ്ടതായി അഭിപ്രായപ്പെട്ടിട്ടുണ്ടു. ആശാൻഉപദേശിമാരായി പരിശീലിപ്പിക്കപ്പെടുവാനുള്ള ഇരുപത്തിയാറു ആളുകളെയും കൊളംബുമഹായിടവകയിൽനിന്നു സുവിശേഷവേലയ്ക്കു പ്രത്യേക പരിശീലനത്തിനായി അയച്ചിട്ടുള്ള മിസ്റ്റർ എം. എം. ചാണ്ടിയെയും ജൂണിയർ വൈദികശാസ്ത്രക്ലാസ്സിൽ ചേൎത്തു

സി. എൻ. ശാലാസന്ദൎശകന്മാരുടെ കൂട്ടത്തിൽ കൊളംബുബിഷോപ്പുതിരുമനസ്സും ഉണ്ടായിരുന്നു. അദ്ദേഹം സന്ദൎശകപുസ്തകത്തിൽ താഴെ പ്രസ്താവിക്കുന്നവിധം രേഖപ്പെടുത്തിയിരിക്കുന്നു :—

'കൊളംബുമഹായിടവകയിൽനിന്നും പട്ടം ഏല്പാനുള്ള ആളുകളെ പരിശീലനത്തിനായി പലപ്പോഴും അയച്ചിട്ടുള്ള ഈ ശാല സന്ദൎശിപ്പാൻ ഇടയായതിൽ ഞാൻ അത്യന്തം സന്തോഷിക്കുന്നു. ഇന്നലെ ഈ സ്ഥാപനത്തിന്റെ ഓരോ ശാഖയും ഞാൻ ചുറ്റിനടന്നു വീക്ഷിച്ചു. ഇന്നു ഞാൻ ചാപ്പലിൽ വിശുദ്ധ സംസൎഗ്ഗം ആചരിക്കയും പ്രസംഗിക്കയും ചെയ്തു. ഞാൻ കണ്ടതിനെക്കുറിച്ചു എനിക്കു നല്ല അഭിപ്രായമാണുണ്ടായതു്. ഇത്ര ഉത്തമങ്ങളായ സാമഗ്രികളോടുകൂടിയ ഒരു വിലയേറിയ സ്ഥാപനം ലഭിച്ചതിൽ ഈ മഹായിടവക അത്യന്തം ഭാഗ്യവതി ആണ് എന്നു ഞാൻ വിചാരിക്കുന്നു. അദ്ധ്യക്ഷനും അദ്ദേഹത്തിന്റെ സഹപ്രവൎത്തകന്മാൎക്കും അവരുടെ ഉൽകൃഷ്ടമായ വേലയിൽ സൎവ്വാനുഗ്രഹങ്ങളും ഉണ്ടാകട്ടെ എന്നു ഞാൻ ആശംസിക്കുന്നു.'

മുൻകാലങ്ങളിലെപ്പോലെ ഹൈന്ദവക്ഷേത്രങ്ങളിലെ ഉത്സവസമയങ്ങളിൽ പ്രസംഗം നടത്തുന്നതിനായി വിദ്യാൎത്ഥികളെ അയച്ചില്ല. അതിനു പകരം അ

വരെ നാലു കൂട്ടങ്ങളായി വിഭജിച്ചു, ഓരോ കൂട്ടത്തിൻെറയും നായകനായി ഒരു അദ്ധ്യാപകനെയോ പഴമപരിചയമുള്ള ഒരു വിദ്യാർത്ഥിയെയോ ചുമതലപ്പെടുത്തി, കേന്ദ്രസ്ഥാനമെന്നു തോന്നിയ സൌകൎയ്യമുള്ള സ്ഥലത്തേക്കു അവരെ അയച്ചുവന്നു. അവർ അവിടെ മൂന്നു ദിവസംവീതം താമസിച്ചു, ആ സ്ഥലത്തും അയൽപ്രദേശത്തും ഉള്ള സകല അക്രൈസ്തവവീടുകളെയും സന്ദൎശിക്കയും വെളിപ്രസംഗങ്ങൾ പറകയും ആളാംപ്രതി സംഭാഷണം നടത്തുകയും ക്രൈസ്തവപുസ്തകങ്ങൾ വിതരണം ചെയ്കയും വേണമെന്നു ചട്ടംകെട്ടിയിരുന്നു. തൽഫലമായി ക്രിസ്തുവിനെക്കൂടാതെ ജീവിക്കുന്നവരുടെ ആവശ്യങ്ങളെ അധികം തെളിവായി കാണുന്നതിനും കൂടുതൽ ഉത്സാഹത്തോടും ക്രമതയോടുംകൂടി സാക്ഷ്യംവഹിക്കുന്നതിനും വേണ്ട പരിചയം സിദ്ധിച്ചു എന്നുള്ള സന്തോഷത്തോടുകൂടിയാണ് അവർ മടങ്ങിവന്നതു. പ്രതിവാരം ചന്തദിവസങ്ങളിൽ നടത്തിവരാറുള്ള ആപണവിധിപ്രസംഗങ്ങൾ തുടൎന്നുകൊണ്ടിരുന്നു. ആകപ്പാടെ ൨൲൫ സുവിശേഷപ്രതികൾ വിററഴിച്ചു. ശാലയിലെ ഉൾപ്രവൎത്തനങ്ങൾ തലേ ആണ്ടിലെപ്പോലെതന്നെ നിൎവിഘ്നം നടന്നുകൊണ്ടിരുന്നു.

ഇവിടെ പഠിപ്പിച്ചുകൊണ്ടിരുന്ന തിരക്കാരായ മൂന്നു ആളുകളെ ചാപ്പലിൽ വെച്ചു സ്നാനപ്പെടുത്തി. ഇരുപത്തിഎട്ടുപേരെ സ്ഥിരീകരിച്ചു. അവരിൽ പതിനഞ്ചുപേർ സെൻറു ജോൺസ് ഹോസ്റ്റലിൽ താമസിച്ചവരായിരുന്നു. വിദ്യാർത്ഥികളുടെ ആത്മീയവും ധ്യായമാനവും ആയ ജീവിതത്തിൽ ചാപ്പൽ വളരെ അനുഗ്രഹപ്രദമാകുന്നു എന്നു ബോദ്ധ്യമായിരിക്കുന്നു.

## ശിക്ഷാക്രമസ്ക്കൂളുകൾ

**സി. എൻ. ഐ.** ശിക്ഷാക്രമപരിശീലനക്ലാസ്സിലെ അദ്ധ്യാപകന്മാരുടെ സംഖ്യ പതിവുപോലെ ഇരുപത്തിനാലു ആയിരുന്നു. നാട്ടുഭാഷാമിഡിൽസ്കൂളിൽ ആണ്ടാരംഭത്തിൽ ൱൰൮ വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. രണ്ടാംക്ലാസ്സിൽ ഒരു വിഭാഗംകൂടെ ഉണ്ടാക്കേണ്ടതായിവന്നു. ഇങ്ങനെ കൂടുതലായി വന്ന ക്ലാസ്സിൽ അവിടെ പഠിച്ചു ജയിച്ച ഒരാളിനെ വാദ്ധ്യാരായി നിയമിച്ചു.

മിസ്റ്റർ കെ. വി. മത്തായിക്കു പകരം മിസ്റ്റർ സി. ററി. ഐസക്കിനെ ഒന്നാംവാദ്ധ്യാരായി നിയമിച്ചു. അദ്ദേഹത്തെ എൽ. ററി. പരീക്ഷയ്ക്കു പഠിക്കുന്നതിനായി തിരുവനന്തപുരം ശിക്ഷാക്രമപാഠശാലയിലേക്കു അയച്ചു. അദ്ദേഹം തിരികെ വരുന്നതുവരെ മിസ്റ്റർ കെ. എം. ജോൺ ബി. എ., എൽ. ററി.യെ പകരം നിയമിച്ചു.

സെൻറു ജോൺസ് ഹോസ്റ്റലിൽ ൱ കുട്ടികൾക്കു മാത്രമേ താമസിപ്പാൻ സൌകൎയ്യമുള്ളു. നാട്ടുഭാഷാസ്കൂളിൽ പഠിക്കുന്ന അത്രയുംപേരെ അവിടെ ചേൎത്തു. ബോർഡിങ്ങിൽ ൨൫ പേർ ഉണ്ടായിരുന്നു. ബോർഡിങ്ങിൽ താമസിക്കുന്നവൎക്കു മുറികൾ വേർതിരിച്ചുകൊടുക്കുന്നതു ആവശ്യമാണ്. അവിവാഹിതരായ വൈദികവിദ്യാർത്ഥികൾ താമസിക്കുന്ന കെട്ടിടം ഉയൎത്തി രണ്ടുനിലയാക്കി പണിതാൽ ഇതു സാധിക്കാവുന്നതാണ്. അതിലേക്കു ൱ പവൻ വേണ്ടിവരും.

വാൎഷികപരീക്ഷകൾ തൃപ്തികരങ്ങളായിരുന്നു. അദ്ധ്യാപകശിക്ഷാക്രമപരീക്ഷയ്ക്കു ചേൎന്നിരുന്ന ഇരുപത്തുനാലു ആളുകളിൽ പതിനെട്ടും, നാട്ടുഭാഷാമിഡിൽസ്കൂൾ ഏഴാംക്ലാസ്സിൽനിന്നു പരീക്ഷയ്ക്കു അയച്ച ഇരുപത്തുനാലിൽ പതിനാറും പേർ വീതം ജയിച്ചു.

ഭാൎയ്യമാൎക്കായി നടത്തപ്പെട്ട ക്ലാസ്സു അവൎക്കു വാസ്തവത്തിൽ ഉപകാരപ്രദമായിരുന്നു. അവരെ പഠിപ്പിക്കുന്നതിനു ഒരു അദ്ധ്യാപികയെ നിയമിച്ചതു ജനുവരി

മാസത്തിൽ ആയിരുന്നു. ഇതു സുസാദ്ധ്യമാക്കിത്തീരത്തക്കവണ്ണം തക്കസമയത്തു ലഭിച്ച സഹായത്തിനുവേണ്ടി പാഠശാലയ്ക്കുള്ള കൃതജ്ഞതയെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ബി. ഐ. പ്രസ്തുത ആണ്ടിൽ ബുക്കാനാൻപാഠശാലയിലെ ശിക്ഷാക്രമസ്കൂളിൽ ഇരുപത്തുമൂന്നു വിദ്യാർത്ഥിനികൾ ഉണ്ടായിരുന്നു. അവരിൽ നാലുപേർ ഒമ്പതാംക്ലാസ്സുപരീക്ഷയും പത്തൊമ്പതുപേർ ഏഴാംക്ലാസ്സുപരീക്ഷയും ജയിച്ചവർ ആയിരുന്നു. ശിക്ഷാക്രമപരിശീലനസർട്ടിഫിക്കെറ്റു പരീക്ഷയ്ക്കു അയച്ചിരുന്ന പതിനഞ്ചുപേരിൽ പതിന്നാലുപേർ 'പ്രായോഗിക'പരീക്ഷയിലും പതിനൊന്നുപേർ 'ശാസ്ത്രീയജ്ഞാന'പരീക്ഷയിലും 'പ്രായോഗിക'ത്തിലും ജയംപ്രാപിച്ചു. നാട്ടുഭാഷാ മുഖ്യപരീക്ഷക്ലാസ്സു ഈ ആണ്ടിൽ തുടങ്ങിട്ടുണ്ട്.

മുൻആണ്ടുകളിലെപ്പോലെതന്നേ ഈ ആണ്ടിലും സമീപത്തുള്ള ഇടവകകളിലെ സണ്ടെസ്ക്കൂളുകളിൽ പഠിപ്പിക്കുക, ഭവനസന്ദർശനം നടത്തുക, കുടിലുകളിൽ യോഗങ്ങൾ നടത്തുക മുതലായ പല ജോലികൾ അദ്ധ്യാപികമാരും പരിശീലനക്ലാസ്സിലുള്ള ആശാട്ടിമാരും ധാരാളം ചെയ്തു. ഏഴാംക്ലാസ്സിൽ പഠിച്ച വിദ്യാർത്ഥിനികൾക്കായിട്ടു ഒരു ക്യാമ്പുയോഗം നടത്തുകയുമുണ്ടായി. മിസ്സ് ഹിൽ ആണ്ടിന്റെ മദ്ധ്യഭാഗത്തു തിരിച്ചുവന്നു.

## സി. എം. എസ്സ്. കോളെജ്

വർഷാരംഭത്തിൽ കോളെജ്‌വിദ്യാർത്ഥികളുടെ റജിസ്റ്റർസംഖ്യ ൨൦൫ ആയിരുന്നു. ഇൻറർമിഡിയെറ്റുപരീക്ഷയ്ക്കു അയയ്ക്കപ്പെട്ട വിദ്യാർത്ഥികൾ കോളെജ് വിട്ടു. ഇൻറർമിഡിയെറ്റു ഒന്നാംക്ലാസ്സിൽനിന്നു ഏകദേശം ൯൦ ശതമാനം കുട്ടികൾക്കു രണ്ടിലേക്കു കയററം കൊടുത്തു. ൬൩ വിദ്യാർത്ഥികളെ പുതുതായി ഒന്നാംക്ലാസ്സിൽ ചേർത്തു. അവരിൽ ൬൨ പേർ തിരുവിതാംകൂർ ഇ. എസ്സ്. എൽ. സി. പരീക്ഷാവിജയികളായിരുന്നു. വർഷാവസാനത്തിൽ വിദ്യാർത്ഥികളുടെ ആകെത്തുക ൨൬൨ ആയിരുന്നു.

ചരിത്രപ്രാസംഗികനായ മിസ്റ്റർ പി. സി. ജോസെപ്പ അവധി കഴിഞ്ഞു ജോലിയിൽ പ്രവേശിച്ചു. കായികാഭ്യസനപരിശീലനം പൂർത്തിയാക്കിയശേഷം മിസ്റ്റർ എം. പി. അബ്രഹാമും അതിന്റെ നടത്തിപ്പുകാരനായി ജോലിയിൽ പ്രവേശിച്ചു. ആണ്ടവസാനത്തിൽ റവ. ഇ. എൻ. സ്ലീയർ തിരുവിതാംകൂർ വിട്ടു. കോളെജ് ചാപ്ലെയിനും ചരിത്രപ്രാസംഗികനും എന്ന നിലയിൽ അദ്ദേഹത്തിന്റെ ശുശ്രൂഷ വളരെ വിലയേറിയതായിരുന്നു.

൧൯൩൬ മാർച്ച് മാസത്തിൽ നടത്തിയ ഇൻറർമിഡിയെറ്റുപരീക്ഷയ്ക്കു ൭൭ വിദ്യാർത്ഥികളെ ചേർത്തിരുന്നു. അവരിൽ ൩൫ പേർ പൂർണ്ണവിജയം പ്രാപിച്ചു. ഒന്നാംവകുപ്പിൽ പതിമ്മൂന്നുപേരും, രണ്ടിൽ പത്തും, മൂന്നിൽ പന്ത്രണ്ടും—ഇങ്ങനെയാണ് വിജയവിവരം. ഇവരെ കൂടാതെ ൨൦ പേർ ഓരോ വിഷയത്തിൽ ജയിച്ചിട്ടുണ്ട്. മൂന്നുപേർക്ക് ഒന്നാംക്ലാസ്സു ലഭിച്ചു. ചിലർ പല വിഷയങ്ങളിലും ഖ്യാതിയോടു കൂടിയാണ് ജയം നേടിയതു്. ഗണിതശാസ്ത്രത്തിൽ അഞ്ചുപേരും, പ്രകൃതിശാസ്ത്രത്തിൽ ഏഴുപേരും, രസായനവിദ്യയിൽ മൂന്നുപേരും, ഒരാൾ പുരാണചരിത്രത്തിലും, ഒരാൾ തർക്കശാസ്ത്രത്തിലും ഖ്യാതി സമ്പാദിച്ചിട്ടുണ്ട്.

മുന്നാണ്ടത്തെപ്പോലെ ഒന്നാംക്ലാസ്സിലെ അദ്ധ്യേതാക്കളെ വൈദ്യപരിശോധന കഴിച്ചു. വൈദ്യോപദേഷ്ടാവായ ഡാക്ടർ എ. റ്റി. തോമ്മാസിന്റെ ആലോചനപ്രകാരം പ്രത്യേകം ചികിത്സ വേണ്ടിയിരുന്നവരുടെ കാര്യം അവരുടെ രക്ഷകർത്താക്കന്മാരെ മുറയ്ക്കു അറിയിച്ചിട്ടുണ്ട്.

പൊതുവായും ഓരോ വിഷയങ്ങൾക്കു പ്രത്യേകവും ഉള്ള പുസ്തകസഞ്ചയത്തി

ൽ പല ഗ്രന്ഥങ്ങളും നൂതനമായി ചേൎത്തു. ഇംഗ്ലീഷ്, മലയാളം, ഇന്ത്യാചരിത്രം, ജീവശാസ്ത്രം ഈ വിഷയങ്ങളിലുള്ള ഗ്രന്ഥങ്ങളാണ് വാങ്ങിയതു്.

പൊതുവെയുള്ള പുസ്തകങ്ങൾ നല്ലവണ്ണം ഉപയോഗപ്പെടുത്തി. പ്രതിവാരം ൫൦ പുസ്തകങ്ങൾ വീതം എടുത്തു വായിച്ചിട്ടുണ്ട്. ഇംഗ്ലീഷു, മലയാളം മാസികകളും വൎത്തമാനപ്പത്രങ്ങളും വായനശാലയിൽ വരുത്തിക്കൊണ്ടിരുന്നു.

തെളിവായ ആലോചനയും സംസാരത്തിനു ചുറുക്കും സുഗമമാക്കി ചെയ്യുന്ന വാദപ്രതിവാദസംഘങ്ങൾ, മുറയ്ക്കുള്ള പാഠപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

പന്തുകളി, കൊട്ടപ്പന്തുകളി, വോളിബോൾ, ടെന്നിസ്, ബാഡ്മിൻറൻ, ഹോക്കി മുതലായ കളികൾ കായികാഭ്യാസഡയറക്ടരുടെ മേൽനോട്ടത്തിൽ കളിച്ചു. ജൂനിയർക്ലാസ്സിലുള്ള ഓരോ കുട്ടിയും ആഴ്ചതോറും ഇരുപതു മിനിട്ടുനേരം ഡ്രിൽ പരിചയിച്ചുവരുന്നു.

രണ്ടു വിദ്യാൎത്ഥിമന്ദിരത്തിലുംകൂടി ൭൦ വിദ്യാൎത്ഥികൾ താമസിക്കുന്നുണ്ട്. അത്രയുംപേൎക്കു മാത്രമേ അവിടെ സ്ഥലമുള്ളു. അവരുടെ മേൽനോട്ടത്തിനായി വാൎഡന്മാർ കൂടെ താമസിക്കുന്നുണ്ട്. വിദ്യാൎത്ഥികൾക്കു കാൎയ്യാന്വേഷണപരിശീലനം സിദ്ധിക്കുന്നതിനുള്ള മാൎഗ്ഗം ഉണ്ടാക്കിട്ടുണ്ട്. ഇവിടെ താമസിക്കുന്നവരുടെ ആരോഗ്യസ്ഥിതിയും അവരുടെ ആകപ്പാടെയുള്ള നടത്തയും നന്നായിരുന്നു. വെളിക്കു താമസിക്കുന്ന വിദ്യാൎത്ഥികൾ താമസിക്കുന്ന സ്ഥലങ്ങളെ പല ഭാഗങ്ങളായി തിരിച്ച്, ഓരോഭാഗത്തും താമസിക്കുന്നവരുടെ മേൽനോട്ടത്തിനായി അദ്ധ്യാപകവൃന്ദത്തിൽപെട്ട ഓരോരുത്തനെയും ചുമതലപ്പെടുത്തിട്ടുണ്ട്.

കോളജ് ക്രൈസ്തവസംഘം വിവിധതരങ്ങളിലുള്ള കൃത്യങ്ങളെ നിൎവ്വഹിച്ചുപോരുന്നുണ്ട്. സണ്ടേസ്കൂൾക്ലാസ്സുകൾ, വേദപാരായണക്കൂട്ടങ്ങൾ, വാരപ്രാൎത്ഥനായോഗങ്ങൾ, സാമൂഹ്യസേവനവേല, സുവിശേഷപ്രസംഗയാത്ര ആദിയായ പലതും ആ സംഘം ശക്തിയോടും ഉത്സാഹത്തോടും നടത്തിപ്പോരുന്നുണ്ട്. ഏകദേശം ൧൦൦ കുട്ടികളെ പഠിപ്പിക്കുന്നുണ്ട്. അദ്ധ്യാപകന്മാരും വിദ്യാൎത്ഥികളുംകൂടി കരപ്പുറംമിഷ്യനിലുള്ള ഒരു സുവിശേഷകൻെറ ചെലവു വഹിക്കുന്നുണ്ട്.

ചാപ്പൽ പുതുക്കി കുറെക്കൂടെ വിസ്തീൎണ്ണമായി പണിയുവാൻ ആരംഭിച്ചതു ജനുവരി ആരംഭത്തിൽ ആണ്. ഡിസംബർ ആരംഭത്തിൽ അതിൻെറ പണിക്കുറതീൎന്നു. ആ മാസം ൧൭-ാംനു- അതിൻെറ പ്രതിഷ്ഠ കഴിച്ചു. അനന്തരം അതിൽ ശുശ്രൂഷ നടത്തിവരുന്നു. ഈ ആവശ്യംപ്രതി അയച്ചിട്ടുള്ള അപേക്ഷയെ സമയം സ്വീകരിച്ചു അനേകർ പണം അയച്ചുതന്നു. പൂൎവ്വവിദ്യാൎത്ഥികളും സ്നേഹിതന്മാരും ഗുണകാംക്ഷികളും ആയ മഹാന്മാരിൽനിന്നു ൮൦൦-ൽപരം രൂപാ പിരിഞ്ഞുകിട്ടി.

## യൂനിയൻ ക്രിസ്ത്യൻകോളജ്

സി. എം. എസ്സ്. മുഖാന്തരം ആംഗ്ലേയസഭയും അതിൻെറ നിയോജകക്കൂട്ടത്തിൽ ഉൾപ്പെട്ടിരിക്കകൊണ്ടു ആലുവായൂനിയൻ ക്രിസ്ത്യൻകോളജിനെക്കുറിച്ചും രണ്ടുവാക്കു പറയേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസംസംബന്ധിച്ചും മററുപ്രകാരത്തിലും ഈ ആണ്ടു കോളജിനു വിജയകരമായിരുന്നു. കൂടുതൽ കെട്ടിടങ്ങളും ഉണ്ടായി. സെട്ടിൽമെൻറിലെ വേലയും അഭിവൃദ്ധിപ്പെട്ടു. വൈസ്രായിയുടെ സന്ദൎശനം ഒരു മഹാസംഭവമായി കരുതാവുന്നതാണ്. റവ. സ്റ്റീഫൻ നീൽ കോളജ് വിടുകയും റവ. ബി. ജി. ക്രൌലിയെ തൽസ്ഥാനത്തേക്കു സി. എം. എസ്സ്. അയയ്ക്കുകയും ചെയ്തു.

## ഹൈസ്ക്കൂളുകൾ

**കോട്ടയം സി. എം. എസ്സ്. ഹൈസ്ക്കൂൾ.** വർഷാരംഭത്തിൽ ഹൈസ്ക്കൂളിൽ ൩൮൦ വിദ്യാർത്ഥികളും ആണ്ടവസാനത്തിൽ ൩൭൦ മാത്രവും ഉണ്ടായിരുന്നുള്ളു. അവരിൽ ഹിന്തുക്കളും മഹമ്മദീയരും (കുറച്ചുപേർ മാത്രം) കൂടി മൂന്നിൽ ഒരു ഭാഗത്തിൽ അല്പം കവിഞ്ഞുവരും. ബാക്കിയുള്ളവർ എല്ലാം ക്രിസ്ത്യാനികളാണ്. നിശ്ചിത പദ്ധതി അനുസരിച്ചുള്ള വേദപഠനം മുമ്പേപ്പോലെ ക്രമമായി നടത്തിക്കൊണ്ടിരുന്നു. വേദപഠനത്തിൽ പ്രോത്സാഹം ഉണ്ടാകേണ്ടതിലേക്കു രണ്ടു വിരുതുകൾ കൊടുക്കാമെന്നു നിശ്ചയിച്ചിരുന്നു. ഒന്നാമത്തെ സമ്മാനം സ്ക്കൂൾവകയും ഏവർക്കും വാങ്ങാവുന്നതും, രണ്ടാമത്തേതു അധഃകൃതവർഗ്ഗത്തിൽപെട്ട കുട്ടികൾക്കു പ്രത്യേകം കൊടുക്കുന്നതിനു ബിഷോപ്പു ഏല്പിച്ചിട്ടുള്ളതുമാണ്. വേദപഠനത്തിൽ ഉത്സാഹം പ്രദർശിപ്പിച്ചിട്ടുള്ള കുട്ടികൾ എല്ലാ ക്ലാസ്സുകളിലും ഉണ്ടായിരുന്നു. സ്ക്കൂളിൽനിന്നു കോളേജ് ക്രിസ്തീയസംഘത്തിൽ ചേർന്നിട്ടുള്ള അംഗങ്ങൾ പ്രസ്തുത സംഘത്തിന്റെ പ്രയോജനകരമായ വേലയിൽ ഭാഗഭാക്കുകളായിട്ടുണ്ട്.

ഇംഗ്ലീഷ് എസ്സ്. എൽ. സി. പരീക്ഷയ്ക്കു അയച്ചിരുന്ന ൨൭ പേരിൽ ൨൧ പേർക്കു കോളേജ് പ്രവേശനത്തിനു യോഗ്യത സിദ്ധിച്ചിരുന്നു. താണ ക്ലാസ്സുകളിൽനിന്നു കയററം കിട്ടിയവരുടെ സംഖ്യയും തൃപ്തികരമായിരുന്നു.

വിദ്യാർത്ഥിമന്ദിരത്തിൽ ൬൭ കുട്ടികൾ താമസിച്ചിരുന്നു. ബിഷപ്പു ഹിൽമന്ദിരത്തിൽ ആണ്ടാരംഭത്തിൽ ൧൭ വിദ്യാർത്ഥികൾ താമസിച്ചിരുന്നു. സ്ക്കൂൾവർഷാവസാനത്തിൽ അവരിൽ മൂന്നുപേർ വിട്ടുപോയി. ഈ ആണ്ടിൽ ആറുപേരെ പുതുതായി ചേർത്തിട്ടുണ്ട്.

കഴിഞ്ഞ മദ്ധ്യവേനൽ അവധിക്കാലത്തു അദ്ധ്യാപകസംഘത്തിൽനിന്നു രണ്ടു ആളുകൾകൂടി സ്കൌട്ടുപരിശീലനം പ്രാപിച്ചു. അങ്ങനെ ൧൯൨൯-ാമാണ്ടു അവസാനിക്കാറായപ്പോഴേക്കു സ്കൌട്ടുവിദ്യ പരിശീലിച്ച നാലു സ്കൌട്ടുമാസ്റ്റർമാർ ഉണ്ടായി. സ്കൌട്ടുകാരുടെ സംഖ്യ പത്തൊമ്പതിൽനിന്നു മുപ്പത്തുനാലായി വർദ്ധിച്ചു. 'കബ് ആൻഡ് പാക്ക്' എന്നൊരു നൂതനകളി ഏർപ്പെടുത്തുകയും അതിൽ മുപ്പത്തിരണ്ടു കുട്ടികൾ അംഗങ്ങളായിത്തീരുകയും ചെയ്തു.

സാധാരണയുള്ള വ്യായാമപരിശീലനങ്ങൾ കായികാഭ്യാസനായകൻ പുനരായി ക്രമപ്പെടുത്തി. കുട്ടികളുടെ പാഠശാലാപ്രവർത്തനങ്ങളുടെ കൂട്ടത്തിൽ ഇതിനു കൂടുതൽ ശ്രദ്ധ പതിച്ചതുകൊണ്ടു അവർക്കു ഈ വ്യായാമങ്ങൾ രസാവഹങ്ങളായി ഭവിച്ചു.

സാധാരണയുള്ള കളികളും കായികാഭ്യാസവ്യായാമങ്ങളും ഓരോ നായകന്മാരുടെ മേൽനോട്ടത്തിൽ നടത്തപ്പെട്ടു.

വൈദ്യോപദേഷ്ടാവു കുട്ടികളെ മുറയ്ക്കു പരിശോധിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം ശ്രേദ്ധിക്കേണ്ട സംഗതികളെ അപ്പഴപ്പോൾ അവരുടെ രക്ഷാകർത്താക്കന്മാരെ അറിയിക്കയും ചെയ്തിട്ടുണ്ട്. അദ്ദേഹം വിദ്യാർത്ഥിമന്ദിരങ്ങളും ഹിൽഹോസ്റ്റലും മുറയ്ക്കു സന്ദർശിക്കയും ചികിത്സിക്കേണ്ടവരെ ചികിത്സിക്കയും ചെയ്തുവന്നു. സ്ക്കൂളിലും വിദ്യാർത്ഥിമന്ദിരങ്ങളിലും ഉള്ള കുട്ടികളുടെ സുഖസ്ഥിതി തൃപ്തികരമായിരുന്നു.

**ബേക്കർസ്മാരകഹൈസ്ക്കൂൾ.** ഇവിടെ ഒടുക്കപ്പാടെ പ്രസ്തുത ആണ്ടിൽ ൩൬൩ വിദ്യാർത്ഥിനികൾ ഉണ്ടായിരുന്നു. അവരെ താഴെ പറയും പ്രകാരം തരംതിരിക്കാം :— ആംഗ്ലേയക്കാർ ൧൩൩; മററു ക്രിസ്ത്യാനികൾ ൧൯൨; അക്രൈസ്തവർ ൩൮. അക്രൈസ്തവരുടെ കൂട്ടത്തിൽ രണ്ടു മഹമ്മദീയ വിദ്യാർത്ഥിനികളും കുറെ ബ്രാഹ്മണക്കുട്ടികളും ഉൾപ്പെടും. കൂടുതൽ നായർക്കുട്ടികളാണ്.

ാണ അവധിക്ക ആറാംഫാറത്തിലുള്ള വിദ്യാൎത്ഥിനികൾക്കവേണ്ടി തിരുവല്ലായിൽവെച്ച ഒരു ക്യാമ്പുയോഗം നടത്തുന്നതിന ഏൎപ്പാട ചെയ്തിരുന്നു. അവർ അവിടെ താമസിച്ചിരുന്നപ്പോൾ തിരുവല്ലാ ഇടവകയോട ചേൎന്ന ഉപസഭകളെ ഞായറാഴ്ച സന്ദൎശിക്കത്തക്കവണ്ണം എം. റി. ചാക്കോച്ചൻ വേണ്ട ചട്ടംകെട്ടുകൾ ചെയ്തിരുന്നു. അവർ പലക്കൂട്ടമായി പിരിഞ്ഞു സന്ദൎശനങ്ങൾ നടത്തി. ഒരു ആഴ്ചയിൽ ഒട്ടുവളരെ ക്രൈസ്തവഭവനങ്ങളെ സന്ദൎശിപ്പാനും സാധിച്ചു.

ഇ. എസ്. എൽ. പരിക്ഷയ്ക്ക ചേൎന്നിരുന്ന ഇരുപത്തിനാലു വിദ്യാൎത്ഥിനികളിൽ ഇരുപതുപേർ ജയിച്ചു. ജയിച്ചവരിൽ രണ്ടുപേർ ആതുരശുശ്രൂഷ പരിശീലിക്കുന്നതിനും ആറുപേർ കോളെജുക്ലാസ്സിൽ പഠിക്കുന്നതിനും ഒരാൾ ഭാരതീയ സംഗീതാഭ്യസനത്തിനും പോയി.

മിസ്സ് ഈസ്റ്റ് ഫെബ്രുവരിമാസം മുതൽ ഫർലോ അവധിയിൽ പോയിരുന്നു.

**മാവേലിക്കര ബിഷോപ്പ് ഹോഡ്ജസ് ഹൈസ്ക്കൂൾ.** ആരംഭത്തിൽ പ്രസ്തുത സ്ക്കൂളിൽ ൧൨൩ വിദ്യാൎത്ഥികളേ ഉണ്ടായിരുന്നുള്ളു. എന്നാൽ മദ്ധ്യവേനൽഒഴിവു കഴിഞ്ഞപ്പോഴേക്ക അവരുടെ സംഖ്യ ൨൨൩ ആയി വൎദ്ധിച്ചു. അതുകൊണ്ട സ്ഥലം മതിയാകാതെ വന്നു. കുട്ടികളുടെ സംഖ്യ വൎദ്ധിച്ചതുകൊണ്ട അഞ്ചു അദ്ധ്യാപകന്മാരെ കൂടുതലായി നിയമിക്കേണ്ടിവന്നു.

ഇ. എസ്. എൽ. പരിക്ഷയിൽ ചേൎന്നിരുന്ന ആറാംഫാറത്തിലെ ഒരു കുട്ടി തിരുവിതാംകൂർ സംസ്ഥാനത്തുനിന്ന ഒന്നാമനായി ജയിച്ചതുകൊണ്ട അയാൾക്ക 'കല്ലൻവിരുതും' മഹാരാജാവുതിരുമനസ്സിലെ വേതനവും ലഭിച്ചു. അയാൾ കോട്ടയം കോളെജിൽ ചേൎന്ന പഠിച്ചുവരുന്നു.

'എൻസൈക്ലോപീഡിയാ' മുതലായ പുതിയ പുസ്തകങ്ങൾ ചേൎത്തു ഗ്രന്ഥശാല പുഷ്ടിപ്പെടുത്തി. അദ്ധ്യാപകന്മാൎക്കും അദ്ധ്യേതാക്കൾക്കും വായനശാല പ്രയോജനിയമായിരുന്നു. അതിലും പ്രവൎത്തനശാലയിലും കൂടുതൽ സാമാനങ്ങൾ ഇട്ടിട്ടുണ്ട്.

ശാരീരികവ്യായാമത്തിന അധികം സൌകൎയ്യം ഉണ്ടാക്കേണ്ടതിലേക്കായി മൈതാനമെയുള്ള കളിസ്ഥലത്തിന സമീപമായി ഒരു ബാഡ്മിൻറൻകോർട്ടുകൂടി ഉണ്ടാക്കി.

സ്കൌട്ടിങ്ങ് ഏൎപ്പെടുത്തി. അതിൽ വലിയ താല്പൎയ്യം പ്രദൎശിപ്പിച്ചു. ഇതിൻെറ ആവശ്യം പ്രമാണിച്ചു പ്രഥമാദ്ധ്യാപകനും മിസ്റ്റർ റി. ജെ. ചാണ്ടിയും സ്കൌട്ട് മാസ്റ്റർപരിശീലനം അഭ്യസിച്ചു. അടുത്ത അവസരത്തിൽ അഭ്യസനത്തിനായി രണ്ടുപേരെക്കൂടെ അയക്കണം എന്ന ആലോചിച്ചിട്ടുണ്ട്.

ഭോജനശാലയിൽ പതിനഞ്ചുപേർ താമസിച്ചുവന്നു. അതിൻെറ പ്രവൎത്തനം പതിവുപോലെ നടന്നുപോന്നു. സ്ഥലക്കുറവു ഒരു വലിയ പ്രയാസമായിട്ടാണിരിക്കുന്നതു്.

**മല്ലപ്പള്ളി ഹൈസ്ക്കൂൾ.** പ്രസ്തുത ആണ്ടിൽ വിദ്യാൎത്ഥികളുടെ സംഖ്യ ൨൬൧-ൽനിന്ന ൩൨൦ ആയി വൎദ്ധിച്ചു. അതുകൊണ്ട നാലും അഞ്ചും ഫാറങ്ങളും പ്രിപ്പാറട്ടറിക്ലാസ്സും വിഭജിക്കേണ്ടതായി വന്നു. തൻമൂലം സ്ക്കൂളിൻെറ ധനസ്ഥിതി നന്നായിട്ടുണ്ട്.

ഇ. എസ്. എൽ. സി. പരിക്ഷയ്ക്ക അയച്ച ഇരുപത്തിരണ്ട വിദ്യാൎത്ഥികളിൽ പതിനാലുപേർ വിജയികളായി. താണ ക്ലാസ്സുകളിലെ പരിക്ഷാഫലവും തൃപ്തികരമായിരുന്നു.

ചില ക്ലാസ്സുകൾ വിഭാഗിച്ചതുകൊണ്ട പുതുതായി ചില വാദ്ധ്യാന്മാരെ നിയമിക്കേണ്ടതായി വന്നു. പരിശീലനത്തിന പോയ രണ്ടുപേൎക്ക പകരം താല്ക്കാലികമായി വാദ്ധ്യാന്മാരെ നിയമിച്ചു.

പണസംബന്ധമായി വളരെ ഞെരുക്കം ഉണ്ടായിരുന്നിട്ടും സ്കൂൾകെട്ടിടം എല്ലാവിധത്തിലും പൂൎത്തിയാക്കപ്പെട്ടു. അതുകൊണ്ടു അഞ്ചാംഫാറത്തിനു സ്ഥിരമായി അംഗീകരണം സിദ്ധിച്ചു. അങ്ങിനെതന്നെ ആറാംഫാറത്തിനും കാലവിളംബമെന്നിയെ സ്ഥിരമായി അംഗീകരണം ലഭിക്കും എന്നു പ്രതീക്ഷിക്കാം.

കുട്ടികൾക്കു മതസംബന്ധമായ അറിവു നല്കിക്കൊണ്ടിരുന്നു. മിക്കവാറും എല്ലാ കുട്ടികളും, ഹൈന്ദവർ കൂടിയും, ഈ ക്ലാസ്സുകളിൽ ചേൎന്നു ക്രമമായി പഠിച്ചുകൊണ്ടിരുന്നു. ചിലപ്പോഴെല്ലാം പുറത്തുനിന്നും പ്രാസംഗികന്മാരെ ക്ഷണിച്ചുവരുത്തി കുട്ടികളോടു പ്രസംഗിപ്പിച്ചിട്ടുണ്ട്.

**ത്രിശ്ശൂർ ഹൈസ്കൂൾ.** ആണ്ടാരംഭത്തിൽ കുട്ടികളുടെ റജിസ്റ്റർസംഖ്യ ൨൭൨-ം ആണ്ടവസാനത്തിൽ ൩൩൯-ം ആയിരുന്നു. സംസ്കൃതപണ്ഡിതർ വേലയൊഴിഞ്ഞുപോയതുകൊണ്ടും ഹൈസ്കൂളിൽ വ്യവസായാഭ്യസനംകൂടെ ഏൎപ്പെടുത്തിയതുകൊണ്ടും ചിലരെ പുതുതായി അദ്ധ്യാപകഗണത്തിൽ നിയമിക്കേണ്ടിവന്നു. ഹ്രസ്വലിപി, ലേഖനയന്ത്രപ്രയോഗം, വ്യാപാരസംബന്ധമായ എഴുത്തുകുത്തുസമ്പ്രദായം, ഭൂമിശാസ്ത്രം എന്നിവയെ പഠനവിഷയങ്ങളാക്കി. അഞ്ചും ആറും ഫാറങ്ങളിലുള്ള ഏകദേശം ഇരുപതു കുട്ടികൾ കൊച്ചീസംസ്ഥാനത്തെ എസ്. എൽ. പരീക്ഷയ്ക്കുള്ള ഐച്ഛികവിഷയങ്ങളായി അവയെ എടുത്തു.

റവ. എഫ്. ബൌവർസായ്പിൻെറ സ്മാരകമായി പിരിച്ചിട്ടുള്ള പണംകൊണ്ടു ലൊവർസെക്കണ്ടറിക്ലാസ്സുകളിൽ രണ്ടു അൎദ്ധവേതനങ്ങൾ കൊടുക്കേണം എന്നു തീരുമാനിച്ചു. കഴിഞ്ഞുപോയ റവ. ജെ. എച്ച്. ബിഷോപ്പുസായ്പിൻെറ സ്മാരകമായി ഒരു വേദപഠനസമ്മാനം കൊടുക്കുന്നതിനുള്ള മുതൽ നിക്ഷേപിച്ചു.

എസ്. എസ്. എൽ. പരീക്ഷയ്ക്കു ചേൎന്നിരുന്ന ൩൩ കുട്ടികളിൽ ൨൩ പേർ ജയിച്ചു. അവരിൽ ഒരാൾ സംസ്ഥാനം ഒട്ടുക്കു ഒന്നാമനായിട്ടും വേറൊരു ആൾ മൂന്നാമനായിട്ടും ആണു ജയം നേടിയതു്.

ഈ സ്കൂളിൻെറ ഒന്നാമത്തെ പ്രഥമാദ്ധ്യാപകനായിരുന്ന മിസ്റ്റർ പി. എം. സ്റ്റിഫൻെറ അദ്ധ്യക്ഷതയിൽ രക്ഷകൎത്താക്കന്മാരുടെ ഒരു യോഗം ഫെബ്രുവരിമാസത്തിൽ നടത്തി. ജൂൺമാസത്തിൽ ബിഷോപ്പുതിരുമനസ്സുകൊണ്ടു സ്കൂൾ പരിശോധിച്ചു. പരിശോധനാനന്തരം ചില ഹൈന്ദവവിദ്യാൎത്ഥികളുടെ ഭവനങ്ങളെ സന്ദൎശിക്കയുമുണ്ടായി.

സ്കൌട്ടിംഗ് സംബന്ധിച്ചു തൃപ്തികരമായ വേല ആണ്ടുമുഴുവൻ നടന്നു. അദ്ധ്യാപകഗണത്തിലുള്ള രണ്ടു ക്രൈസ്തവർ സ്കൌട്ടിങ്ങു പരിശീലിച്ചു. തൃശ്ശിവപേരൂർവെച്ചു നടന്ന വൈസ്രോയി അവർകളുടെ സ്വീകരണത്തിലും തൃപ്പൂണിത്തുറകൊട്ടാരത്തിൽവെച്ചു നടത്തിയ അത്തച്ചമയകൎമ്മത്തിലും സ്കൌട്ടുകാർ പങ്കെടുത്തു. കൊച്ചിസംസ്ഥാനംവക വിദ്യാലയങ്ങൾക്കുള്ള മത്സരവിനോദകളികളിൽ കുട്ടികൾ സോത്സാഹം പങ്കെടുക്കുകയും രണ്ടാംസമ്മാനം നേടുകയും ചെയ്തു. 'കൊട്ടപ്പന്തുകളി' നൂതനമായി ഏൎപ്പെടുത്തി. മുതിൎന്ന വിദ്യാൎത്ഥികൾക്കു ഇതിൽ വളരെ ഉത്സാഹം കാണുന്നുണ്ട്.

സ്കൂൾവക പരസ്പരസഹായസംഘം ഉചിതമായി പ്രവൃത്തിനടത്തി. കുട്ടികളുടെ പ്രയോജനത്തെ കരുതി മായാദീപപ്രദൎശനത്തോടുകൂടി മതപരമായും വിദ്യാഭ്യാസം സംബന്ധിച്ചും പ്രസംഗങ്ങൾ നടത്തുകയും ചില സാഹിത്യഭാഗങ്ങളെ ചൊല്ലി കേൾപ്പിക്കുകയും ചെയ്തു. സ്ഥലനിവാസിയായ ഒരു ഡോക്ടർ വൈദ്യസംബന്ധമായ പ്രാഥമിക അറിവുകളെക്കുറിച്ചു പാഠങ്ങൾ പറകയും ചെയ്തു. ബാലശുശ്രൂഷാസംഘപ്രവൎത്തകന്മാർ ഒരാഴ്ചയോളം ഇവിടെ യോഗങ്ങൾ നടത്തി.

## ഇംഗ്ലീഷ്മിഡിൽസ്കൂളുകൾ

ഇംഗ്ലീഷുമിഡിൽസ്ക്കൂളുകളുടെ സംഖ്യ മുമ്പുണ്ടായിരുന്ന പത്തുമാത്രമെയുള്ളൂ. എന്നാൽ വിദ്യാർത്ഥികളുടെ എണ്ണം ൧൯൨൭-ൽ ൧൧൩൭ ആയിരുന്നു. ൧൯൨൮-ൽ അവരുടെ എണ്ണം ൧൩൧൫ ആയി വർദ്ധിച്ചിട്ടുണ്ട്. അവരുടെ തരംതിരിച്ചുള്ള പട്ടിക താഴെ ചേർക്കുന്നു :—

| | ആൺകുട്ടികൾ. | പെൺകുട്ടികൾ. |
|---|---|---|
| ആംഗ്ലേയക്കാർ | 298 | 107 |
| മററു ക്രിസ്ത്യാനികൾ | 452 | 141 |
| അക്രൈസ്തവർ | 272 | 45 |
| ആകെ | 1022 | 293 = 1315. |

ഈ സ്ക്കൂളുകളെല്ലാം അതതു സ്ഥലത്തെ വരവുകൊണ്ടു തന്നെ ആണു നടത്തപ്പെടുന്നതു. രണ്ടെണ്ണം മാത്രം ഗവമ്മെൻറിൽനിന്നും നിസ്സാരമായ ധനസഹായം പററിക്കൊണ്ടിരിക്കുന്നു. ഈ സ്ക്കൂളുകളിൽ ആകെയുള്ള ൩൬ അദ്ധ്യാപകന്മാരിൽ ൨൯ പേർ ക്രിസ്ത്യാനികളും ബാക്കിയുള്ളവർ ഹൈന്ദവരും ആണ്.

വിദ്യാഭ്യാസബോർഡുകാരാൽ നിയമിക്കപ്പെട്ട മൂന്നു പ്രഥമാദ്ധ്യാപകന്മാർ ഈ സ്ക്കൂളുകളെ യഥാക്രമം പരിശോധിച്ചു റിപ്പോർട്ടു അയച്ചിട്ടുണ്ട്. മേലാൽ കുറെക്കൂടെ ക്രമമായി പരിശോധന നടത്തുമെന്നു പ്രത്യാശിക്കാം.

## നാട്ടുഭാഷാ മിഡിൽസ്കൂളുകൾ

നമ്മുടെ മഹായിടവകയിൽ ഇത്തരത്തിലുള്ള നാലു സ്ക്കൂളുകൾ മാത്രമേയുള്ളൂ. അതുകളിൽ ആകെപ്പാടെ ൧൪൦൯ വിദ്യാർത്ഥികൾ പഠിച്ചിരുന്നു. സ്ക്കൂളുകളെ സംബന്ധിച്ചു ഒരു വിവരണം താഴെ ചേർക്കുന്നു :—

| വി. എം. സ്ക്കൂളുകൾ. | ക്രൈസ്തവർ. | അക്രൈസ്തുവർ. | ആകെ. | വി. എസ്സ്. എൽ. സിക്കു അയക്കപ്പെട്ടവർ. | ജയിച്ചവർ. |
|---|---|---|---|---|---|
| ബുക്കാനാൻ സ്ക്കൂൾ | 256 | 72 | 328 | 16 | 5 |
| സി. എൻ. ഐ. | 305 | 64 | 369 | 31 | 16 |
| തിരുവല്ലാ | 251 | 123 | 374 | 24 | 6 |
| ചേലക്കൊമ്പു | 324 | 14 | 338 | 29 | 1 |

**തിരുവല്ലാ വി. എം. ആൺപള്ളിക്കൂടം.** റവ. ഹണ്ടസാപ്പു അവധിക്കു പോയിരുന്നതുകൊണ്ടു വെന. ആർച്ച്ഡീക്കൻ ബെഞ്ചമിനച്ചൻ സ്ക്കൂളിന്റെ മാനേജുമെൻറു കയ്യേററു. അദ്ധ്യാപകന്മാരിൽ ഒരാളായ മിസ്റ്റർ എം. ഇ. നൈനാനെ കൌൺസിൽവക ഒരു സ്ക്കൂളിലേക്കു മാററി. തൽസ്ഥാനത്തേക്കു മിസ്റ്റർ എ. പി. ജോണിനെ നിയമിച്ചു. വിദ്യാർത്ഥികളുടെ സംഖ്യ ൩൩൨-ൽനിന്നു ൩൭൪ ആയി വർദ്ധിച്ചു. ഇതുവരെ കിട്ടിക്കൊണ്ടിരുന്ന ഗവമ്മെൻറുഗ്രാൻറ് ൯൨ രൂപാ ആയിരുന്നു. പ്രസ്തുത ആണ്ടിൽ അതു ൯൯ ആയി. അദ്ധ്യാപകസമ്മേളനങ്ങൾ, സാഹിത്യസംഘം ആദിയായ പ്രവൃത്തനങ്ങൾ മുമ്പെപ്പോലെ തുടർന്നുകൊണ്ടിരുന്നു. കരപ്പുറംമിഷ്യൻ, അട്ടൂർമിഷ്യൻ മുതലായ മിഷ്യൻവേലകൾക്കു അദ്ധ്യാപകന്മാർ സഹായിച്ചിട്ടുണ്ട്.

## നാട്ടുഭാഷാ വിദ്യാലയങ്ങൾ

മൂന്നാർ ഇടവകയിലുള്ള ൨൮൨ സ്കൂളുകൾ ഉൾപ്പെടെ മഹാഇടവകയിൽ ആകപ്പാടെ പ്രസ്തുത ആണ്ടിൽ ൨൯൩ സ്കൂളുകൾ ഉണ്ടായിരുന്നു. ഇവയിൽ ൨൮൨ സ്കൂളുകളെ (൨൨൨ ഗ്രാന്റുള്ളതും ബാക്കി ഗ്രാന്റില്ലാത്തതും), അഞ്ചു പെൺപള്ളിക്കൂടങ്ങൾകൂടെ കൂട്ടി, മഹാഇടവക ആപ്പീസിൽനിന്നും ഭരിച്ചുകൊണ്ടിരുന്നു. ഈ സ്കൂളുകളെ താഴെക്കാണുന്ന വിധത്തിൽ തരംതിരിക്കാം :—

| | | |
|---|---|---|
| ൭ ക്ലാസ്സുകളുള്ള സ്കൂളുകൾ | | 2 |
| ൬ ,, ,, | | 2 |
| ൫ ,, ,, | | 64 |
| ൪ ,, ,, | | 21 |
| ൩ ,, ,, | | 82 |
| ൨ ,, ,, | | 51 |
| ൨ ,, ,, | (ഗ്രാന്റില്ലാത്തതു) | 60 |
| | ആകെ | 282 |

ഈ സ്കൂളുകളിൽ ൧൯൨൪-ൽ പഠിച്ചിരുന്ന കുട്ടികളുടെ സംഖ്യ ൨൯,൫൧൦ ആയിരുന്നു. ൧൯൨൫-ൽ അവരുടെ സംഖ്യ ൩൦,൪൨൩ ആയി വർദ്ധിച്ചു. മതം സംബന്ധിച്ചു അവരെ താഴെ കാണിക്കുംവണ്ണം തരംതിരിക്കാം :—

| | ആൺ. | പെൺ. |
|---|---|---|
| ആംഗ്ലേയക്കാർ | 6159 | 4351 |
| മററു ക്രൈസ്തവർ | 5795 | 4237 |
| അക്രൈസ്തവർ | 6550 | 3341 |
| ആകെ | 18,504 | 11,929 = 30,423. |

ഈ സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരുടെ സംഖ്യ ൮൨൦ ആണ്. അവരിൽ ൨൬൭ പേർ ആശാൻഉപദേശിമാരും ൨൫൬ പേർ സ്ത്രീകളും ആണ്. അദ്ധ്യാപകന്മാരിൽ ൭൦ പേർ അക്രൈസ്തവരാണ്.

## കൊമ്മ്യൂനിററി സ്കൂളുകൾ

**ആൺകുട്ടികൾക്കുള്ളതു്.** ൧൯൨൫ ആരംഭത്തിൽ ഒന്നാംക്ലാസ്സിൽ ൨൦ കുട്ടികൾ ഉണ്ടായിരുന്നു. അവരിൽ ഒരാൾ വിട്ടുപോയി. പുതിയ സ്കൂൾവർഷാരംഭത്തിൽ ൨൫ കുട്ടികളെ പുതുതായി ചേർത്തു. റിപ്പോർട്ടുവർഷത്തിൽ കുറെ അധികം സ്ഥലത്തു കൃഷി നടത്തി. ഭൂമി ആദ്യമായി തെളിക്കുന്നതിനു കൂലിക്കാരെ ഏല്പെടുത്തി. എന്നാൽ കുട്ടികൾ വാദ്ധ്യാരുടെ സഹായത്തോടുകൂടി കൃഷി ഇറക്കി. പച്ചക്കറിത്തോട്ടത്തിനു വേണ്ട വിത്തുകൾ സ്വന്ത വീടുകളിൽനിന്നു കൊണ്ടുവരുന്നതിനു കുട്ടികളെ ഏല്പിച്ചു. ഓരോ കുട്ടികൾ കൊണ്ടുവന്ന സാധനം കൃഷിചെയ്തു ഫലപ്പെടുത്തുന്നതിനുള്ള ചുമതല അവനെത്തന്നേ ഭരമേല്പിച്ചു.

കോഴിവളർത്തലും, തേനീച്ചസംരക്ഷണവും നടപ്പിൽ വരുത്തി. ഈ രണ്ടു വ്യവസായങ്ങളും പരിശോധനാവസ്ഥയിൽ ഇരിക്കുന്നതേയുള്ളു.

ഈ ആണ്ടിൽ പ്രയോഗത്തിൽ വരുത്തിയ അത്യന്തം രസകരങ്ങളായ മൂന്നു സംഗതികളെക്കുറിച്ചു പ്രസ്താവിക്കട്ടെ : (൧) ഒരു പശുവിനെ വാങ്ങിച്ചതും. പശു

വിനെ കറന്ന പാൽ കാച്ചുവാനും തയിർ ഉണ്ടാക്കാനും വെണ്ണ എടുക്കാനും എല്ലാം വശമാക്കി. ഈ സാധനങ്ങൾ വിററു കിട്ടിയ സംഖ്യ പശുവിനെ വാങ്ങിപ്പാൻ ചെലവാക്കിയ പണത്തിൽനിന്ന കുറച്ചുകൊണ്ടിരുന്നു. ഇങ്ങനെ ചെയ്തതിനാൽ മുടക്കിയ പണത്തിൽ എത്രമാത്രം കടം ഉണ്ടെന്ന കണക്കുകൊണ്ടു കണ്ടുപിടിപ്പാൻ സാധിച്ചു. (൬) വെള്ളയടിപ്പുവേല. വെള്ള പൂശുന്നതിനുള്ള ബ്രഷ് കുട്ടികൾ തന്നെ ഉണ്ടാക്കി അവരുടെ സ്കൂൾകെട്ടിടം വെള്ള പൂശി. (൭) ക്രിസ്തുമസ് ആഘോഷം. ക്രിസ്തുമസ് നാളിൽ കളി നടത്തുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തു. ക്രിസ്തുമസ് വിളക്കുകൾ ഉണ്ടാക്കി; അന്നു പിരിഞ്ഞുകിട്ടിയ പണംകൊണ്ടു സ്കൂൾ വകയ്ക്കു ഒരു തമ്പേർ വിലയ്ക്കു വാങ്ങി. രണ്ടാംക്ലാസ്സു കുട്ടികൾ ഒന്നാംക്ലാസ്സിൽ ആറു മാസം മാത്രമേ പഠിച്ചുള്ളു എങ്കിലും അവരുടെ സാധാരണ അറിവു അത്ര മോശമല്ലായിരുന്നു. ഒന്നാംക്ലാസ്സു കുട്ടികൾ അത്തരം ക്ലാസ്സിൽ പഠിക്കുന്ന ഇതരകുട്ടികളെക്കാൾ അറിവിൽ കൂടിനിന്നു. ഇതു പുതിയ പഠനസമ്പ്രദായം അവലംബിച്ചതിന്റെ ഫലമാണ്.

പെൺകുട്ടികൾക്കുള്ളതു. ആണ്ടാരംഭത്തിൽ ൩൰ പെൺകുട്ടികൾ പള്ളിക്കൂടത്തിൽ ഉണ്ടായിരുന്നു. അവരിൽ പത്തുപേർ മാർച്ച് മാസത്തിൽ വിട്ടുപോയി. പുതിയ സ്കൂൾവർഷാരംഭത്തിൽ ൨൰ പെൺകുട്ടികളെ നൂതനമായി ചേർത്തു. ഏഴു പെൺകുട്ടികൾ ഉള്ള ഒരു പുതിയ ക്ലാസ്സു—ശിശുക്ലാസ്സു—ഈ ആണ്ടിൽ ഏർപ്പെടുത്തി. ബെഥേൽ ആശ്രമവാസികൾ തന്നെ അദ്ധ്യാപകജോലി വഹിച്ചതുകൊണ്ടു ഈ ക്ലാസ്സുമൂലം ചെലവു വർദ്ധിക്കുന്നതിനു ഇടയായില്ല.

ഇവിടെ നടപ്പിൽ വരുത്തിയ പ്രധാന സംഗതികൾ ഒരു ആടിനെ വളർത്തുക, അതിനു കൂടുണ്ടാക്കുക, ഒരു പച്ചക്കറിത്തോട്ടം നട്ടുണ്ടാക്കുക, ഒരു ഷാപ്പു ഇതുകളാണ്. അഞ്ചും ആറും ക്ലാസ്സുകളിൽ ഷാപ്പ് ഏർപ്പാടു വിശേഷാൽ വിജയകരമായിരുന്നു. സഹായവിലയ്ക്കുള്ള പായ് നെയ്ത്തും, കയറുകൊണ്ടും വാഴനാരുകൊണ്ടും കൊട്ട ഉണ്ടാക്കലും ആയിരുന്നു പ്രധാന തൊഴിലുകൾ. ഇവയിൽ ഒന്നാമത്തേതു പഠിപ്പിക്കാൻ ഒരു സഭാംഗത്തെ ഏർപ്പെടുത്തി. മററുള്ളവ പഠിപ്പിച്ചതു ആശ്രമവാസികൾ തന്നേ ആയിരുന്നു.

ഒന്നാമത്തെ അദ്ധ്യയനകാലം കഴിഞ്ഞ ഉടനെ രണ്ടു അദ്ധ്യാപികമാർ പൊടുന്നനവെ സ്കൂൾ വിട്ടുപോയതുകൊണ്ടു ഈ ആണ്ടിൽ വളരെ പ്രയാസം നേരിട്ടു. ഞങ്ങളുടെ സ്കൂൾകുടുംബത്തിൽ ഉള്ള നാലു ആളുകൾക്കുവേണ്ടിയുള്ള ഒരു പുതിയ കെട്ടിടത്തിന്റെ അടിസ്ഥാനക്കല്ലു ഒക്ടോബർ ൧-ാംനു സ്ഥാപിച്ചു.

ആത്മീയഫലങ്ങൾ അളന്നു കാണിപ്പാൻ നിവൃത്തി ഇല്ലല്ലോ. അദ്ധ്യയനകാലത്തു ചെയ്ത നന്മ അവധി കഴിഞ്ഞു വരുമ്പോഴേക്കും നഷ്ടപ്പെട്ടിരിക്കുന്നതായി കാണാം. മാതാപിതാക്കന്മാരിൽനിന്ന ലഭിക്കേണ്ട സഹായം ഉണ്ടായിക്കാണുന്നില്ല. സ്കൂളിൽ ശിക്ഷാക്രമം പരിപാലിച്ചു കൊണ്ടുപോകുന്നതിനു സ്കൂൾപഞ്ചായത്തു സഹായകരമായിരുന്നു.

| ക്ലാസ്സ് | ആകെയുള്ള സംഖ്യ. | കയററം കിട്ടിയവരുടെ സംഖ്യ. | വിട്ടുപോയവരുടെ സംഖ്യ. | ചേർക്കപ്പെട്ടവരുടെ സംഖ്യ. |
|---|---|---|---|---|
| I | 19 | 13 | 3 | 8 |
| II | 15 | 11 | 2 | 4 |
| III | 17 | 9 | 3 | 11 |
| IV | 7 | 4 | 2 | 3 |
| V | ... | ... | ... | 2 |

## VI

## കൈത്തൊഴിലും സാമൂഹ്യവേലയും

**കോട്ടയം കൈത്തൊഴിൽശാല.** ആണ്ടാരംഭത്തിൽ വിദ്യാൎത്ഥികളുടെ സംഖ്യ ഇരുപത്തിനാലു ആയിരുന്നു. പന്ത്രണ്ടുപേർ ആശാരിപ്പണിയും രണ്ടുപേർ കൊല്ലൻപണിയും പത്തുപേർ നെയ്ത്തും പരിശീലിച്ചുകൊണ്ടിരുന്നു. രണ്ടു മരപ്പണിക്കാരും നാലു നെയ്ത്തുകാരും അഭ്യസനം പൂൎത്തി ആക്കിയശേഷം സ്ക്കൂൾ വിട്ടുപോയി. മരപ്പണിക്കാരായ കുട്ടികൾക്കു ആവശ്യപ്പെട്ട പണിക്കോപ്പുകൾ വാങ്ങിച്ചുകൊടുക്കയും ദിവസക്കൂലിക്കു അവരെ സ്ക്കൂളിൽ തന്നെ ജോലിക്കു നിയമിക്കയും ചെയ്തു. അവൎക്കു കുറേക്കൂടെ പരിശീലനം സിദ്ധിക്കേണ്ടതിനാണ് ഇങ്ങനെ ചെയ്തതു്. നെയ്ത്തുശാല വിട്ടു പിരിഞ്ഞവരിൽ രണ്ടുപേർ പള്ളം ഇടവകയുടെ ഒരു ഉപസഭയായ ഈരയിൽനിന്നുള്ളവരാണ്. പി. ജെ. ജോസഫ അച്ചന്റെ ശുപാൎശിപ്രകാരം അവൎക്കു ഇരുപേൎക്കും കൂടി ഒരുമിച്ചു ജോലിചെയ്വാൻ ഒരു നെയ്ത്തുയന്ത്രം വാങ്ങിച്ചു കൊടുത്തു. മുട്ടുചിറക്കാരനായ വേറൊരു നെയ്ത്തുകാരനും എം. ജെ. ഫ്രാൻസിസ് അച്ചന്റെ ശുപാൎശിപ്രകാരം ഒരു യന്ത്രം വാങ്ങിച്ചുകൊടുത്തു. എങ്കിലും ഇവരാരും ഇതുവരെ ജോലി തുടങ്ങിയില്ല. മരപ്പണിക്ലാസ്സിൽ അഞ്ചും നെയ്ത്തുക്ലാസ്സിൽ മൂന്നും പേരെ വീതം പുതുതായി ചേൎത്തു. എന്നാൽ രണ്ടുമാസം കഴിഞ്ഞപ്പോൾ പുതുതായി ചേൎന്നിരുന്ന നെയ്ത്തുകാരിൽ രണ്ടുപേർ വിട്ടുപോയി. ശേഷിപ്പുണ്ടായിരുന്ന ഏഴുവരിൽ മൂവർ ക്രമത്തിനു ഹാജരായിട്ടില്ല. ഈ സ്ഥിതിക്കു, നെയ്ത്തുക്ലാസ്സു തുടരുന്നതുകൊണ്ടു വലിയ പ്രയോജനം ഉണ്ടാകാൻ ഇടയില്ലെന്നു കണ്ടു്, അതു നിൎത്തിക്കളയുന്നതിനും അതിൽ പഠിക്കുന്നവൎക്കു മനസ്സുള്ളപക്ഷം അവരെക്കൂടെ മരപ്പണിക്ലാസ്സിൽ ചേൎത്തുകൊള്ളുന്നതിനും വ്യവസായബോർഡ്, മാനേജരെ അധികാരപ്പെടുത്തി. അപ്രകാരം നെയ്ത്തുക്ലാസ്സു ഒക്ടോബർമാസത്തിൽ നിൎത്തൽചെയ്തു. ആ ക്ലാസ്സിൽ പഠിച്ചിരുന്ന രണ്ടുപേർ മരപ്പണിക്ലാസ്സിൽ ചേൎന്നു. ബാക്കിയുണ്ടായിരുന്ന അഞ്ചുപേർ സ്ക്കൂൾ വിട്ടുപോയി.

കൊല്ലൻപണി പരിശീലിക്കുന്നതിനു രണ്ടുപേർ മാത്രം ഉള്ളതുകൊണ്ടു ആ ക്ലാസ്സും നിൎത്തിയാൽ എന്താണ് എന്നൊരു ആലോചന വ്യവസായബോർഡിന്റെ ഒരു യോഗത്തിൽ ഉണ്ടായി. എങ്കിലും വീണ്ടും ആലോചിച്ചതിൽ ഈ ക്ലാസ്സു ൯൩൦ ജൂൺ വരെ നടത്തിക്കൊണ്ടുപോകണം എന്നും അതിനകം അദ്ധ്യേതാക്കളുടെ സംഖ്യ വൎദ്ധിപ്പിക്കുന്നതിനു ഉത്സാഹിക്കണം എന്നും തീരുമാനിച്ചു.

അടുത്തകാലത്തു ആശാരിപ്പണി പഠിച്ചിറങ്ങിയ ഒട്ടു മിക്കവാറും ആളുകൾ ഓരോ ദേശങ്ങളിൽ തൊഴിൽ ചെയ്തുകൊണ്ടിരിക്കുന്നു എന്നു റിപ്പോൎട്ടുചെയ്വാൻ സാധിച്ചതിൽ സന്തോഷമുണ്ടു. മരപ്പണി പഠിപ്പിക്കുന്ന ആശാൻ മേൽപ്പുരനിൎമ്മാണത്തിൽ വശമുള്ളവനാകുന്നു എന്നുള്ളതു ഈ ശാഖയുടെ അഭിവൃദ്ധിക്കു പ്രധാനകാരണമാണ്. സി. എൻ. ഐ. അദ്ധ്യക്ഷൻ വിവാഹം കഴിഞ്ഞിട്ടുള്ള അദ്ധ്യാപകന്മാൎക്കായി ഈ ഇട പുതുതായി പണിയിച്ച കെട്ടിടത്തിന്റെ മേൽപ്പുര ഉണ്ടാക്കുന്നതിനു കൈത്തൊഴിൽശാലക്കാരെ ആണു ഏല്പിച്ചതു. ആശാനും നാലു വൎഷം പഠിച്ച രണ്ടു കുട്ടികളും സ്ക്കൂളിലെ പഴയ വിദ്യാൎത്ഥികളിൽ ഏതാനുംപേരും കൂടി ആ വേല തൃപ്തികരമായവിധത്തിൽ തീൎത്തുകൊടുത്തു. തിരുചാപ്പിലുള്ള പള്ളിക്കൂടത്തിന്റെ മേൽപ്പുരപണിയും അവർ ഭരമേറ്റു ഈ ആണ്ടിൽ പൂൎത്തി ആക്കി. ഇങ്ങനെയുള്ള പ്രായോഗികമായ വേലകൂടാതെ മേൽപ്പുരനിൎമ്മാണം പരിചയിപ്പിപ്പാൻ അസാദ്ധ്യമാണ്. കുട്ടികൾക്കു—പ്രത്യേകം പഴയ വിദ്യാൎത്ഥികൾക്കു—മേൽപ്പുരപണിയിൽ പ്രായോഗികമായ പരിശീലനം കൊടുക്കുന്നതിനു ഈ രണ്ടു പണികൾ കിട്ടിയതു വലിയ ഉപകാരമായിഭവിച്ചു. പ്രസ്തുതആണ്ടിൽ സ്ക്കൂ

ഡിനോടു ചേർന്നുള്ള പണിപ്പുരയിൽനിന്നു തീർത്തുകൊടുത്തിട്ടുള്ളതും താഴെപറയുന്നതുമായ സാമാനങ്ങൾ, വിദ്യാർത്ഥികളാൽ പ്രത്യേകം പഴയ വിദ്യാർത്ഥികളാൽ നിർമ്മിതങ്ങളാണ്. കോന്നിപ്പള്ളിക്കു ഒരു പ്രസംഗപീഠം, ക്രൂശാട്ടുകാലം, വാഴൂർ പള്ളികൾക്കു പ്രാർത്ഥനപീഠങ്ങളും മല്ലപ്പള്ളിയിലേക്കുള്ള കസേരകളും, ബെയിക്കർസ്മാരകഹൈസ്ക്കൂളിലേക്കു ചില ഉപകരണങ്ങൾ, സി. എൻ. ഐ. ചാപ്പൽ മല്ലപ്പള്ളിയിലേക്കുള്ള കസേരകൾ, ചങ്ങനാശ്ശേരി ഹോസ്റ്റലിലേക്കു ഒരു ഡസൻ മേശകളും കസേരകളും (റവ. ഇ. എൻ. സ്ലീയർ മുഖാന്തിരം), സി. എം. എസ്സ്. പ്രസ്സിലേക്കു വേണ്ട പല സാമാനങ്ങൾ. ഇങ്ങനെയുള്ള സാമാനങ്ങൾ വാങ്ങിച്ച എല്ലാവരോടും വ്യവസായബോർഡിനുള്ള കൃതജ്ഞതയെ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

**തിരുവല്ലാ നെയിത്തുസ്ക്കൂൾ.** ൧൯൨൭ സെപ്റ്റംബർമാസത്തിൽ വി. എം. സ്ക്കൂളിൽ വി. എസ്. എൽ. പരീക്ഷയ്ക്കുള്ള ഒരു ഐച്ഛികവിഷയമായി നെയിത്തു ഏർപ്പെടുത്തി. അപ്പോൾ വിദ്യാഭ്യാസ ഉപാദ്ധ്യക്ഷനായിരുന്ന മിസ്റ്റർ രാമസ്വാമി അയ്യർ നെയിത്തു അദ്ധ്യാപകനെ അംഗീകരിക്കുന്നതിനു ശുപാർശചെയ്യുകയും അദ്ദേഹം ഒരു ഗ്രാണ്ടു അനുവദിക്കയും ഈ പരിശ്രമത്തെ എല്ലാവിധത്തിലും പ്രോത്സാഹിപ്പിക്കയും ചെയ്തു. എങ്കിലും ൧൯൨൫ ജൂലായിമാസത്തിൽ ഒരു ഗവമ്മെൻറു ഉത്തരവിൻപ്രകാരം നെയിത്തുശാഖ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽനിന്നു വേർതിരിച്ചു ഒരു സാങ്കേതികസ്ക്കൂൾ ആക്കി. അന്നുമുതൽ ഗവർമെൻറു സാങ്കേതികചട്ടം അനുസരിച്ചു നടത്തിവരുന്നു.

റിപ്പോർട്ടുവഷത്തിൽ തലേആണ്ടിലെപ്പോലെ ഒരു ക്ലാസ്സും ഒരു ആശാനും ഉണ്ടായിരുന്നു. ആണ്ടാരംഭത്തിൽ പന്ത്രണ്ടുപേർ ഉണ്ടായിരുന്നു. തന്നാണ്ടിൽ ഏഴുപേരെ പുതുതായി ചേർക്കയും ആറുപേർ വിട്ടുപിരികയും ചെയ്തു. ആണ്ടവസാനത്തിൽ റജിസ്റ്റർസംഖ്യ പതിമ്മൂന്നു ആയിരുന്നു. വിട്ടുപിരിഞ്ഞ ആറുപേരിൽ നാലുപേർ മാത്രമേ രണ്ടുവഷത്തേക്കുള്ള പാഠവിഷയം പൂർത്തിയാക്കീട്ടുള്ളു. പാഠവിഷയം പൂർത്തിയാക്കാതെ വിട്ടുപിരിഞ്ഞ രണ്ടുപേരിൽ ഒരാൾ മേല്കാവിൽനിന്നു വന്നവനായിരുന്നു. അയാളെ സ്ക്കൂളിൽ ചേർത്തു സന്ധിച്ചതു ഭക്ഷണച്ചെലവിലേക്കു പ്രതിമാസം ഒരു രൂപാ കൊടുക്കണം എന്നുള്ള വ്യവസായബോർഡിൻെറ വ്യവസ്ഥ അനുസരിച്ചായിരുന്നു. ഇതിനു നിവൃത്തി ഇല്ലെന്നു പറഞ്ഞുംവെച്ചാണു അയാൾ പിരിഞ്ഞുപോയതു. അയാൾ മുകളിൽ പ്രസ്താവിച്ച നാലുപേരിൽ ഒരുവനോടുകൂടി മേല്കാവിൽ നെയ്ത്തു തുടങ്ങുവാൻ ശ്രമിച്ചുവരുന്നതായി അറിയുന്നു. വിട്ടുപിരിഞ്ഞ വേറെ ചിലർ സ്ക്കൂളിൽതന്നേ ചില്ലറ വേലകൾ ചെയ്തുകൊണ്ടിരിക്കുന്നു. വിദ്യാർത്ഥികൾക്കു സാങ്കേതിക ചട്ടം അനുസരിച്ചുള്ള ഉപദേശങ്ങൾ ക്രമമായി നല്കിക്കൊണ്ടിരിക്കുന്നു. ഗവമ്മെണ്ടുഗ്രാൻറും ശരിയായി ലഭിച്ചുവരുന്നു.

കച്ചവടം ഇടിഞ്ഞുപോയിരിക്കുന്നു. നെയ്തുണ്ടാക്കുന്ന തുണിത്തരങ്ങൾ വിററുപിരിക്കുന്നതിനു ആവശ്യക്കാർ ചുരുക്കമാകയാൽ വളരെ പ്രയാസം നേരിട്ടു. വി. പി. ആയി കെട്ടുകൾ വരുത്തുന്നതിനും മററും ഒട്ടുവളരെ പണം ചെലവാക്കേണ്ടതായിട്ടും വന്നുകൂടി. അടുത്ത പ്രദേശത്തുനിന്നു ഒരുതരത്തിലുള്ള നൂൽ മാത്രമേ കിട്ടാൻ സൌകൎയ്യമുള്ളു. അതിനു വിലയും കൂട്ടിക്കൊടുക്കണം. ഈവക പ്രയാസങ്ങളെയും മററു അസൌകൎയ്യങ്ങളേയും ഒഴിക്കുന്നതിനു മാനേജർ താഴെപ്പറയുന്ന ആലോചനകൾ പറഞ്ഞിരിക്കുന്നു:—

(൧) ധാരാളം നൂൽ ശേഖരിച്ചുവെക്കുന്നതിനു ഒരു കേന്ദ്രസ്ഥാനം ഉണ്ടാകണം. (൨) നെയ്തുണ്ടാക്കുന്ന സാധനങ്ങൾ ധാരാളം ചെലവാക്കാൻ സൌകൎയ്യ

ളുള്ള വ്യാപാരസ്ഥലങ്ങൾ കണ്ടുപിടിക്കണം. (൩) നെയ്ത്തുകാർ ഈ വേല ഒരു കുടിൽവ്യവസായം ആയി മാത്രം കരുതണം. (൪) ഇപ്പോഴത്തെ അനാശാസ്യമായ നില മാറിവരും എന്നുള്ള പ്രത്യാശയിൽ ഈ വ്യവസായം കുറേക്കാലംകൂടെ തുടർന്നുകൊണ്ടിരിക്കണം.

**സാമൂഹ്യവേല.** സഭ അതിന്റെ ശരിയായ പ്രവൎത്തനം എന്നു വിചാരിച്ചു യാതൊരു സാമൂഹ്യവേലയും ചെയ്യുന്നില്ല. എന്നാലും സഭയുടെ പരിശ്രമങ്ങൾക്കെല്ലാം ഒരു സാമൂഹ്യവശം ഉണ്ട്. മറ്റു ആണ്ടുകളിലെപ്പോലെ പ്രസ്തുത ആണ്ടിലും സഭയോടു ചേൎന്ന സ്ഥാപനങ്ങളും അതിലെ അംഗങ്ങൾ ഒററയ്ക്കും ഒട്ടുവളരെ സാമൂഹ്യവേലകൾ ചെയ്തിട്ടുണ്ട്. സി. എൻ. ഐ. വിദ്യാൎത്ഥികൾ ഞായറാഴ്ചതോറും സ്ഥലത്തുള്ള ആസ്പത്രി സന്ദൎശിച്ചു, സാധുക്കളും ആവശ്യക്കാരും ആയ രോഗികൾക്കു സഹായിച്ചിട്ടുണ്ട്. പല കുട്ടികൾ ഒന്നിച്ചുചേൎന്നു പലപ്രാവശ്യം രോഗശുശ്രൂഷാൎത്ഥം രാത്രി മുഴുവൻ ചെലവഴിച്ചിട്ടുണ്ട്. അതുപോലെ തന്നെ സാധുക്കളുടെ വീടുകൾ സന്ദൎശിച്ചു സന്ദൎഭോചിതമായ സഹായം നല്കീട്ടുണ്ട്. തിരുവനന്തപുരത്തുള്ള സുവിശേഷമന്ദിരം, ബെഥേൽ ആശ്രമം, കരുണാലയം, കരപ്പുറം മിഷ്യൻ, ചില വിദ്യാശാലകളിലെ അദ്ധ്യേതാക്കൾ—പ്രത്യേകം വിദ്യാൎത്ഥിനികൾ—ഇവരൊക്കെ അതുപോലെയുള്ള വേലകൾ ചെയ്തിട്ടുണ്ട്. മഹാഇടവകയുടെ പല ഭാഗങ്ങളിൽ പരസ്പരസഹായസംഘങ്ങൾ വഴി നടത്തിയ വേലയുടെ വിവരങ്ങൾ ഒന്നും കിട്ടീട്ടില്ല. എങ്കിലും തൽസംബന്ധമായി നടത്തിയ അന്വേഷണത്തിന്റെ ഫലമായി ഈ സംഘങ്ങൾ ഉപകാരപ്രദങ്ങളായ വേലകൾ നടത്തിട്ടുണ്ടെന്നു മനസ്സിലായി. ഈ വേലയ്ക്കു സൂക്ഷ്മതയോടുകൂടിയ മേൽനോട്ടം ആവശ്യമാകുന്നു. അതു ഗവമ്മെൻറ് ഉദ്യോഗസ്ഥന്മാരും മററു പലരുംകൂടി നിൎവ്വഹിച്ചിട്ടുണ്ട്.

സഭയുടെ സ്വയസന്ധിപ്പിന്റെ അഭിവൃദ്ധി സഭാംഗങ്ങളിൽ ഒരു വലിയ ഭൂരിപക്ഷത്തിന്റെ സാമൂഹ്യപുരോഗമനത്തിന്മേലാണു ആശ്രയിച്ചിരിക്കുന്നതു എന്നു പ്രത്യക്ഷമാണല്ലോ. ഈ സംഗതി സഭാംഗങ്ങളിൽ വിചാരബുദ്ധിയുള്ള എല്ലാവരുടെയും ശ്രദ്ധയ്ക്കു വിഷയീഭവിച്ചിരിക്കയാണ്. ഈ വിഷമം പരിഹരിക്കുന്നതിനുള്ള തൃപ്തികരമായ ഒരു മാൎഗ്ഗം ഇതുവരെയും കാണ്മാൻ സാധിച്ചിട്ടില്ല.

## VII

## ക്രൈസ്തവപ്രസിദ്ധികരണങ്ങളും അച്ചടിശാലയും

നാട്ടുഭാഷയിൽ, ക്രൈസ്തവസാഹിത്യഗ്രന്ഥങ്ങളെ നിൎമ്മിക്കുന്നതിലും പ്രസിദ്ധീകരിക്കുന്നതിലും പ്രസ്തുത ആണ്ടിൽ ഒരു പുരോഗമനം ഉണ്ടായിട്ടുണ്ട്. മദ്രാസു പ്രാതിനിധ്യക്രൈസ്തവയോഗത്തോടു അനുബന്ധപ്പെട്ടിരിക്കുന്ന മലയാളക്രൈസ്തവസാഹിത്യകമ്മററി (ഇതിൽ മലയാളഭാഷ സംസാരിക്കുന്ന മിക്ക സഭകളുടെയും പ്രതിനിധികൾ ഉൾപ്പെട്ടിട്ടുണ്ട്) ചെറുതും വലുതും ആയ പത്തു പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. അവയുടെ പേരുകൾ പിന്നാലെയുള്ള ലിസ്റ്റിൽ ചേൎത്തിട്ടുണ്ട്. ഈ പരിശ്രമത്തിൽ ഇന്ത്യാസാഹിത്യമുതലിൽനിന്നു സഹായം ലഭിച്ചിട്ടുണ്ടു. ആണ്ടുമുഴുവൻ പ്രചരണവേലയിൽ സമയം മുഴുവനും ചെലവഴിക്കാൻതക്കവണ്ണം മൂന്നു ആളുകളെ കമ്മററിക്കാർ നിയമിച്ചിട്ടുണ്ട്. നാട്ടുഭാഷാക്രൈസ്തവസാഹിത്യഗ്രന്ഥങ്ങളിൽ പല സഭകൾക്കും അഭിരുചി ജനിക്കുമാറു അത്യുത്സാഹിച്ചും ഗുണകരവും ഉപയോഗപ്രദവും ആയ പുസ്തകങ്ങൾ ധാരാളം പ്രചരിക്കുന്നതിനാൽ ഉണ്ടാകാവുന്ന ഗുണങ്ങളെക്കുറിച്ചു ബോദ്ധ്യംവരുത്തിയുംകൊണ്ടു അവർ മലയാളരാജ്യ

ത്തിൻെറ പല ഭാഗങ്ങളിലും സഞ്ചരിച്ചിട്ടുണ്ട്. ക്രൈസ്തവ സാഹിത്യസംഘം (സി. എൽ. എസ്) അതിൻെറ വകയായി സി. എം. എസ്. പ്രസ്സിൽ സംഗ്രഹിച്ചിരുന്ന പുസ്തകങ്ങൾ എല്ലാം സൌജന്യമായി കൊടുത്തു കമ്മററിയെ സഹായിച്ചു.

മഹായിടവകസാഹിത്യബോർഡും മലയാളഭാഷയിൽ ചുരുക്കമായി മാത്രമുള്ള മതസംബന്ധങ്ങളായ പുസ്തകങ്ങളെ പുഷ്ടിപ്പെടുത്തേണ്ടതു അത്യാവശ്യമെന്നുള്ള വസ്തുത മനസ്സിലാക്കിക്കൊണ്ടു, ഇപ്പോൾ നടപ്പിലിരിക്കുന്ന സാഹിത്യഗ്രന്ഥങ്ങളുടെ എണ്ണം, വിവിധത്വം, പ്രചാരം, വില്പന എന്നീ സംഗതികളെക്കുറിച്ചു സൂക്ഷ്മമായി ആലോചിച്ചു. കുടുംബഭക്തി, ശുചിത്വം, വിവാഹബന്ധത്തിൻെറ പവിത്രത, മിതവ്യയം മുതലായി ഗ്രാമ്യസഭയുടെ ആവശ്യത്തിനു പററിയ വിഷയങ്ങളെക്കുറിച്ചു പുസ്തകങ്ങളും ഉപന്യാസങ്ങളും, പണമുള്ളപോലെ, പ്രസിദ്ധിപ്പെടുത്തണം എന്നു നിശ്ചയിച്ചു. ഇങ്ങനെയുള്ള പുസ്തകങ്ങളുടെ നിർമ്മാണത്തിലും വില്പനയിലും മലയാളക്രൈസ്തവസാഹിത്യകമ്മററിയോടു യോജിച്ചു പ്രവർത്തിക്കണം എന്നും തീരുമാനിച്ചു. നമ്മുടെ മഹായിടവകയിലുള്ള എല്ലാ അച്ചന്മാരും ഉപദേശിമാരും അദ്ധ്യാപകന്മാരും സി. എം. എസ്സ്. അച്ചടിശാലയിൽനിന്നും കൊള്ളാവുന്ന പുസ്തകങ്ങൾ വാങ്ങി അവരവരുടെ വേലസ്ഥലങ്ങളിൽ വിററുപരിക്കണമെന്നുള്ള അപേക്ഷയ്ക്കു ബോർഡു സമ്മതം നല്കി. നമ്മുടെ പ്രസിദ്ധീകരണങ്ങളിൽ ചിലവയെ സ്ക്കൂളുകളിൽ പാഠപുസ്തകങ്ങളായി സ്വീകരിപ്പിക്കുന്നതിനു സാദ്ധ്യമാകുമോ എന്നുള്ളതിനെക്കുറിച്ചും ബോർഡു ആലോചിച്ചു. ബോർഡിൻെറ സെക്രട്ടറിയായി ഡബ്ളിയു. ഒ. ഉമ്മനച്ചനെ നിയമിച്ചു.

ആർ. ററി. എസിൻെറ മലയാളംശാഖ ജ്ഞാനകീർത്തനപ്പുസ്തകം മുതലായവ പ്രസിദ്ധിപ്പെടുത്തുന്നതിനു ഒരിക്കൽക്കൂടി സഹായിച്ചു. സൌജന്യമായി വിതരണം ചെയ്യുന്നതിലേക്കു ഉപയോഗപ്രദങ്ങളായ ചില മലയാളം ചെറുപുസ്തകങ്ങളും ഒററക്കടലാസുകളും പ്രസിദ്ധിപ്പെടുത്തുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്തു.

മിസ്റ്റർ ഡബ്ളിയു. മാത്യു ഇങ്ങനെ എഴുതിയിരിക്കുന്നു :— 'ക്രൈസ്തവസാഹിത്യഗ്രന്ഥങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ആവശ്യം ഇപ്പോഴത്തെപ്പോലെ ഒരിക്കലും ഉണ്ടായിട്ടില്ല. ഈ പ്രവൃത്തിയെ മുമ്പേക്കാൾ വിഷമകരമാക്കിച്ചെയ്യുന്നതിനുള്ള എതിർശക്തികൾ പ്രവർത്തിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. എന്നിരുന്നാലും ഇതു അത്യധികം കൂടുതൽ ആവശ്യമാണ്. വലിയ കലക്കകാലത്താണ് നാം ജീവിക്കുന്നതു. നമ്മുടെ ദേശം വലിയ ഇളക്കത്തിൻെറ കേന്ദ്രസ്ഥാനമായിത്തീർന്നിരിക്കുന്നു. നമ്മുടെ നാട്ടിൻെറ ഭാവി ഉറപ്പും അന്യൂനതവും ആയിട്ടോ അസ്ഥിരവും വിപരീതശക്തികൾക്കധീനവും ആയിട്ടോ തീരുന്നതു ഇപ്പോഴത്തെ അവസരത്തെ നാം എത്രയും ബുദ്ധിയോടെ ഉപയോഗപ്പെടുത്തുന്നതിനെ ആശ്രയിച്ചാണ് ഇരിക്കുന്നതു്. അക്രൈസ്തവരുടെ ഇടയിൽ അതൃപ്തി മൂച്ഛപ്രാപിച്ചു വരികയാണ്. പണ്ടത്തെ കാലങ്ങളിൽ മതാനുശാസനങ്ങളെപ്പോലെ പ്രാമാണ്യമുണ്ടായിരുന്ന പൂർവ്വികആചാരങ്ങളെ തള്ളിത്തകർക്കത്തക്കവണ്ണമുള്ള ബലത്തരങ്ങളായ ശക്തികൾ പ്രവർത്തിച്ചുകൊണ്ടുതന്നെയിരിക്കുന്നു. ഇവരെല്ലാവരും നാട്ടുഭാഷാസാഹിത്യത്തെ ധാരാളം ഉപയോഗപ്പെടുത്തിക്കൊണ്ടു ആണ് ഇരിക്കുന്നതു്. ഈ കാലത്തു സുവിശേഷസത്യങ്ങളിന്മേൽ അടിസ്ഥാനപ്പെടുത്തിയ സാഹിത്യഗ്രന്ഥങ്ങൾ ധാരാളമായി പ്രചരിപ്പിക്കേണ്ടതിൻെറ ആവശ്യകത നിസ്സാരമായി ഗണിച്ചുകൂടാത്തതാണ്. ഇങ്ങനെയുള്ള ഒരുകാലത്തു, കൂടുതലായി പണത്തിനു അത്യാവശ്യം നേരിട്ടിരിക്കുമ്പോൾ, നമ്മുടെ വരുമാനമാർഗ്ഗങ്ങൾ കുറഞ്ഞുവരുന്നതു കണ്ടിട്ടും ഇളക്കംകൂടാതെ ഇരിക്കുക എന്നുള്ളതിനെക്കുറിച്ചു ചിന്തിപ്പാൻതന്നെ പ്രയാസമാണ്. ഇന്ത്യയുടെ ചിത്തത്തിനു ആനുകൂല്യവും ക്രിസ്തുവിൻെറ സ്നേഹംകൊണ്ടു

കത്തിജ്വലിക്കുന്നതുമായ വിധത്തിലുള്ള ക്രൈസ്തവസാഹിത്യം നിർമ്മിക്കുന്നതിനു ഉടനടി അത്യുത്സാഹം ചെയ്യേണ്ടതാണ്. നമ്മുടെ ഈ പുതിയ കാലാവസ്ഥയ്ക്കു അനുയോജ്യമായ വിധത്തിൽ സൃഷ്ടിക്കപ്പെടേണ്ടതാണ്. മതവിരോധകരങ്ങളായ ഘോരതാവികാരങ്ങളുടെ തിരമാലകൾ ശക്തിയോടെ അടിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്തു, സഭയെ ഉദാസീനതയിൽനിന്നുണർത്തേണ്ടതു നമ്മുടെ കർത്തവ്യകർമ്മമാണ്. മലയാളരാജ്യത്തു നിവസിക്കുന്ന ജനങ്ങളിൽ ഒരു വലിയ പങ്ക് ക്രിസ്ത്യാനികളാകകൊണ്ടു അച്ചടിച്ചിരിക്കുന്ന ഗ്രന്ഥങ്ങൾമൂലം ഇങ്ങനെയുള്ള വേല ചെയ്യുന്നതിനുള്ള അവസരം കൂടുതലായിട്ടുണ്ട്.'

താഴെപ്പറയുന്ന പ്രസിദ്ധീകരണങ്ങൾ ൧൯൨൮-ൽ പുറപ്പെടുവിച്ചിട്ടുള്ളവയാണ്.

| | | വില |
|---|---|---|
| 1. | റിക്കിൻറേറ് ബു, (തിരുവിതാംകോട്ടെ ഒന്നാമത്തെ പ്രൊട്ടെസ്റ്റാന്റു മിഷ്യനറി) | 3 ണ. |
| 2. | കാളീചരണ ബാനെർജി, (കീർത്തിമാനായ ബങ്കാളി മതാവലംബി) | 2 ,, |
| 3. | മോശ, (ഒരു വേദനാടകം) | 2 ച. |
| 4. | വിശു. അഗസ്റ്റിൻ, (ഒരു തർജ്ജിമ) | 4½ ണ. |
| 5. | ക്രിസ്റ്റഫർ എന്ന ഭക്തന്റെ ജീവചരിത്രം | 3 പൈ |
| 6. | ക്രിസ്തുസഹിതരും ക്രിസ്തുരഹിതരും, (സാധുസുന്ദരസിംഗ്) | 4 ണ. |
| 7. | വിശു. മർക്കോസിന്റെ സുവിശേഷവ്യാഖ്യാനം (റവ. സി. ഇ. ഏബ്രഹാം എം. എ., ബി. ഡി. എഴുതിയതു) | 5 ണ. |
| 8. | ക്രൂശിന്റെ താല്പര്യവും ക്രിസ്ത്യാനികളുടെ സാക്ഷ്യവും (ഡാക്ടർ എസ്സ്. യേശുദാസൻ, ബി. എ., എം. ബി, എഫ്. ആർ. സി. എഴുതിയതു്) | 3 ,, |
| 9. | സുവോപദേശ ദശകം ടി ,, | 1 ,, |
| 10. | വേദകഥകൾ, (വൎണ്ണ വിശേഷ പടങ്ങളോടുകൂടിയതു)(ആർ. ററി. എസ്സ്.) | 4 ,, |

൧൯൨൭ ഒക്ടോബർ ൧-ാംനു മുതൽ ൧൯൨൮ സെപ്തംബർ ൩൦ വരെ സി. എം. എസ്സ്. അച്ചടിശാലയിൽനിന്നും ൨൩,൪൨൭ ക. ൧൦ ണ. ൩ പൈ കിട്ടത്തക്കവണ്ണമുള്ള വേല ചെയ്തു. ഇതു കഴിഞ്ഞ ആണ്ടത്തെ വരവിനേക്കാൾ ൧,൩൨൭ ക. ൭ ണ. ൨ പൈ കുറവാണ്. ഈ കുറവിന്റെ പ്രധാന കാരണം പ്രസ്തുത ആണ്ടിൽ സ്ക്കൂൾ പാഠപുസ്തകങ്ങൾ അധികമായി അച്ചടിപ്പാൻ കിട്ടാഞ്ഞതാണ്.

കാര്യാലയത്തിലും വന്നിട്ടുള്ള തുകയുടെ വിവരം താഴെ ചേർക്കുന്നു :—

| | ക. | ണ. | പ. |
|---|---|---|---|
| വേദപുസ്തക സമൂഹംവക | 8,778 | 5 | 1 |
| ആർ. ററി. എസ്സ്. | 715 | 7 | 5 |
| സി. എൽ. എസ്സ്. | 434 | 1 | 11 |
| എസ്സ്. പി. സി. കെ. | 135 | 7 | 0 |
| സി. എം. എസ്സ്. ബുക്കഡിപ്പോ | 1,778 | 3 | 8 |
| മലയാള ക്രൈസ്തവസാഹിത്യകമ്മററി | 469 | 2 | 0 |
| സി. എസ്സ്. എസ്സ്. എം. | 711 | 6 | 1 |
| ബിഷോപ്പ് മൂർ ഷ്ലീസു | 1,125 | 3 | 0 |
| ററി. & സി. സി. എം. എ. | 624 | 2 | 0 |
| പാഠപുസ്തകങ്ങൾ | 1,037 | 7 | 0 |
| സി. എം. എസ്സ്. കോളജ് | 746 | 8 | 0 |

| | ക. | ണ. | പ. |
|---|---|---|---|
| മാസ്സ് മൂവ്മെൻറു പത്രിക | 1,819 | 9 | 0 |
| മാരോരുത്തർ തന്നതായി അച്ചടിപ്പിച്ചതു | 3,553 | 12 | 4 |
| പലവക | 1,500 | 0 | 0 |
| ആകെ | 23,428 | 10 | 6 |

ഇതിൽനിന്നു മഹായിടവക സെൻറർ മുതലിലേക്കു ൫൪൦ രൂപ കൊടുത്തിട്ടുണ്ട്.

## വേദപുസ്തകം, പള്ളിക്രമം മുതലായവസ്തുക്കളുള്ള മുതൽ

താഴെ പറയുന്ന പുസ്തകങ്ങൾ പ്രസ്തുത ആണ്ടിൽ സാധുക്രിസ്ത്യാനികൾക്കു പകുതിവിലയ്ക്കു വിററിട്ടുണ്ട്.

| | |
|---|---|
| വേദപുസ്തകം | 277 |
| പുതിയനിയമം | 40 |
| പള്ളിക്രമം | 194 |
| പാട്ടുപുസ്തകം | 267 |
| സങ്കീർത്തനങ്ങൾ | 43 |

ഈ വകയ്ക്കായി ഇടവകകളിൽനിന്നുള്ള പിരിവു ൯൪൫ ക. ൭ ണ. ൧൦ പൈ ആയിരുന്നു.

# VIII

## സുവിശേഷവേല

വെൻസായ്ക്കിൻെറ പദ്ധതി അനുസരിച്ചു സഭ, സ്വയഭരണം, സ്വയപ്രചാരണം, സ്വയത്രാണനം എന്നീ അവസ്ഥകളിൽ ആകണം എന്നാണ് കാംക്ഷിക്കുന്നതു്. ഇവയിൽ ആദ്യത്തേതു കരസ്ഥമായി. മൂന്നാമത്തേതു വിദൂരമായിരിക്കുന്നതേയുള്ളൂ. രണ്ടാമത്തേതിനെക്കുറിച്ചു എന്താണ് പറവാനുള്ളതു്? വേറൊരുവിധത്തിൽ പറഞ്ഞാൽ സഭയുടെ സുവിശേഷവേല എങ്ങനെയിരിക്കുന്നു? സ്വയഭരണം കിട്ടിയതിൻെറശേഷം അതു മുമ്പോട്ടു പോയിട്ടുണ്ടോ? സഭ തങ്ങളുടെ സ്വന്തമായിത്തീർന്നു എന്നും തങ്ങളാകുന്നു അതിനെ ഭരിക്കുന്നതു എന്നും അതിൻെറ വ്യാപ്തിക്കു തങ്ങളാണ് ചുമതലക്കാർ എന്നും അറിഞ്ഞിട്ടു, സുവിശേഷവേലയെക്കുറിച്ചുള്ള നിർബ്ബന്ധമായ ബോധം സഭാംഗങ്ങളിൽ വളർന്നിട്ടുണ്ടോ? കർത്താവിൻെറ അന്ത്യകല്പനയ്ക്കു അനുസരണമായി ആത്മാക്കളെ നേടുന്നതിനും അതു ചെയ്യേണ്ട ഭാരം ഇപ്പോൾ യൂറോപ്യമിഷ്യനറിമാരെ അല്ല, തങ്ങളെ ആണ് ആശ്രയിച്ചിരിക്കുന്നതു എന്നോർത്തു ആത്മാക്കളെ സ്നേഹിക്കുന്നതിനും അവർക്കു അത്യധികം ഉത്സാഹം ഉണ്ടായിട്ടുണ്ടോ? ഇങ്ങനെയുള്ള ചോദ്യത്തിനു ഉത്തരം കൊടുപ്പാൻ എളുപ്പമല്ല. സുവിശേഷപ്രചരണത്തിലും സഭയുടെ മിഷ്യനറിപരിശ്രമങ്ങളിലും താല്പര്യം വർദ്ധിച്ചുവരുന്നുണ്ടെന്നുള്ളതിനു ലക്ഷ്യങ്ങൾ കാണ്മാനുണ്ട്. പ്രത്യുത, മല്ലപ്പള്ളി മിഷ്യനറിഉത്സവത്തിൽ സംബന്ധിച്ച ഒരാൾ ഇങ്ങനെ ഒരു ണ്ട് എഴുതിയിരിക്കുന്നതു്: 'അന്നത്തെ ശുശ്രൂഷയിൽ പ്രസംഗിച്ച കൊളമ്പിലെ ബിഷോപ്പിനു, അവിടെ കൂടിയ ആൾ

പെരുപ്പം കണ്ടു നല്ല അഭിപ്രായം ഉണ്ടായിരിപ്പാൻ ഇടയുണ്ട്. ഒരു സഭയെന്നുള്ള നിലയിൽ നാം കേൾപ്പാൻ സന്നദ്ധതയും എന്നാൽ ക്രിസ്തുരാജ്യപ്രചാരത്തിനായി നമുക്കുള്ള സകലത്തെയും ബലിപീഠത്തിന്മേൽ വെക്കുന്നതിനു മാന്ദ്യവും ഉള്ളവരാകുന്നു എന്നു ഇവിടെ താമസിക്കുന്നവരായ നാം സമ്മതിച്ചു പറഞ്ഞേ മതിയാവൂ. ആ ശുശ്രൂഷസമയത്തു, ഇടയനില്ലാതെ കിടന്നവരോടു നമ്മുടെ കൎത്താവിനുള്ള മനസ്സലിവിനെക്കുറിച്ചു ബിഷോപ്പു നമ്മെ ഓൎമ്മപ്പെടുത്തി. അയ്യോ, നഷ്ടപ്പെട്ടുകിടക്കുന്നവരെ അന്വേഷിപ്പാൻ തക്കവണ്ണം ദൈവത്തിൻെറ മനസ്സലിവുകൊണ്ടു നമ്മുടെ ഹൃദയങ്ങൾ നിറഞ്ഞു കവിഞ്ഞെങ്കിൽ കൊള്ളായിരുന്നു!'

ഓരോരോ ശാഖയിൽ ചെയ്തിട്ടുള്ള വേലയുടെ ഒരു പരിശോധന പിന്നാലെ ചേൎത്തുകൊള്ളട്ടെ. മഹമ്മദീയരുടെ ഇടയിൽ സുവിശേഷം പ്രചരിപ്പിക്കേണ്ടതിനെക്കുറിച്ചു ക്രമീകരിക്കപ്പെട്ട യാതൊരു പ്രയത്നവും ചെയ്തിട്ടുള്ളതായി പ്രസ്താവിച്ചുകാണാത്തതു സാരമായിട്ടുള്ളതാണ്. ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ ഇങ്ങനെയുള്ള പരിശ്രമത്തിനായിട്ടുള്ള വിളി ഗംഭീരമായി മുഴങ്ങിക്കൊണ്ടിരിക്കയാണ്. മലബാർമുസ്ലീമന്മാരുടെ ഇടയിൽ വേല ചെയ്യുന്നതിനു ഒരു ആളിനെ കൂടുതലായി നിയമിച്ചിട്ടുണ്ട്.

**അട്ടൂർമിഷ്യൻ.** ഈ മിഷ്യൻവയലിൽനിന്നു കിട്ടിട്ടുള്ള റിപ്പോൎട്ടു വിശേഷാൽ ധൈൎയ്യപ്രദമാണ്. ശമ്പളം കൊടുത്തു ആക്കിട്ടുള്ള വേലക്കാർ ചുരുക്കമാണെങ്കിലും ദൈവം തൻെറ വേലയെ സ്വമേധവേലക്കാരെക്കൊണ്ടു നടത്തിപ്പോന്നു. അവൎക്കു സ്ഥിരവേലക്കാരിൽനിന്നു വേണ്ട സഹായവും നടത്തിപ്പും ലഭിച്ചുകൊണ്ടിരുന്നു. ൨൨൭൪ ഭവനങ്ങൾ സന്ദൎശിക്കയും ൫൨ വെളിയോഗങ്ങൾ നടത്തുകയും ൨൬൭ സുവിശേഷപ്രതികൾ വില്ക്കയും ചെയ്തിട്ടുണ്ട്. അക്രൈസ്തവരുടെ ഇടയിലുള്ള വേലയ്ക്കു പടങ്ങൾ ഉപകാരപ്രദമായി കാണപ്പെട്ടു. വെളിപ്രസംഗയോഗങ്ങളിൽ പെരിങ്ങനാട്ടു ബാൻഡുകാർ സഹായംചെയ്തിട്ടുണ്ട്.

സുവിശേഷവാരത്തിൽ ൫൦ സ്വമേധവേലക്കാരുടെ സഹായം ലഭിച്ചു. അമ്പതു സുവിശേഷപ്രതികൾ വിററഴിച്ചു. പ്രസ്തുത ആഴ്ചയിൽ എരുമാപ്ര അച്ചനും പെരുമ്പുളത്തി അച്ചനും വേറെ എട്ടു പേരുംകൂടി അട്ടൂർഡിസ്ത്രിക്ററും ഏനാത്തും സന്ദൎശനം നടത്തിട്ടുണ്ട്. ചില സ്ഥലങ്ങളിൽ പ്രത്യേക യോഗങ്ങൾ നടത്തിയതിനും പുറമെ, വെളിപ്രസംഗയോഗങ്ങളിലും പ്രസംഗിച്ചു. അവരുടെ സന്ദൎശനസമയത്തു അമ്പത്തഞ്ചു മുതിൎന്നവരെ സ്നാനപ്പെടുത്തി. എരുമാപ്രസഭക്കാർ അട്ടൂരിനു കിഴക്കുള്ള ചൂരക്കോടു എന്ന സ്ഥലത്തുള്ള വേല ചുമതലപ്പെട്ടു നടത്തിവരുന്നു എന്നു അറിയുന്നതു ധൈൎയ്യപ്രദമാണ്. അവർ എടുത്ത സ്ഥലത്തിനു 'വിശുദ്ധ അന്ത്രയോസിൻെറ മിഷ്യൻവയൽ' എന്നാണ് പേരിട്ടിരിക്കുന്നതു്. ആനന്ദപ്പള്ളിലെ ജനങ്ങളുടെ സുവിശേഷവേലയുടെയും ഉപദേശിമാരുടെ വീട്ടുസന്ദൎശനത്തിൻെറയും ഫലമായിട്ടു ഐക്കാടു ഒരു വേലസ്ഥലമായിത്തീൎന്നു. ഈ പുതിയ വേലയുടെ ഭാരം അട്ടൂർമിഷ്യൻെറമേൽ വരാതിരിപ്പാൻതക്കവണ്ണം മിസ്റ്റർ ഡബ്ളിയു. സി. ജോണിൻെറ കുടുംബക്കാർ അതിൻെറ ചെലവു വഹിച്ചുകൊള്ളാം എന്നു ഏററിട്ടുണ്ട്. ഈ ഡിസ്ത്രിക്ടിലുള്ള എല്ലാ മതാവലംബികൾക്കുംവേണ്ടി പ്രാൎത്ഥിക്കണം എന്നു അപേക്ഷിച്ചുകൊള്ളട്ടെ. അട്ടൂർ മിഷ്യൻവയലിലുള്ള ചില സഭകളുടെ സന്ധിപ്പിനു ചുമതലപ്പെട്ടിരിക്കുന്നവർ സന്തോഷത്തോടും പ്രാൎത്ഥനയോടുംകൂടി അതു തുടൎന്നുകൊണ്ടിരിക്കേണ്ടതുമാണ്.

അട്ടൂർമിഷ്യനിലുണ്ടായിരുന്ന ഉപദേശിനിമാരുടെ വേല നിന്നുപോയി. എങ്കിലും പ്രസ്തുത ആണ്ടിൻെറ ആരംഭമാസത്തിൽ അവർ ൩൦ വീടുകൾ സന്ദൎശിച്ചു; ഇതു തുടൎന്നുകൊണ്ടിരിക്കേണ്ട ഒരു വേലയാണ്. പെരിങ്ങനാട്ടിലുള്ള ചില

സ്ത്രീകൾ പാട്ടുപാടിയും സാക്ഷ്യം പറഞ്ഞും സുവിശേഷം അറിയിക്കുന്നതിൽ പങ്കെടുത്തു. നമ്മുടെ മഹായിടവകയിലുള്ള വിദ്യാഭ്യാസം സിദ്ധിച്ച സ്ത്രീകൾ ഈ ദൃഷ്ടാന്തം അനുകരിക്കേണ്ടതാണ്. സ്ത്രീകൾ, അദ്ധ്യാപകജോലിക്കു അഭ്യസിച്ചുകൊണ്ടിരിക്കുമ്പോൾ, അവരെ സുവിശേഷവേലയ്ക്കു യോഗ്യതപ്പെടുത്തുവാൻ തക്കവണ്ണം കുറച്ചുനാൾ പരിശീലനം കൊടുത്തു വിടുന്നതിനു നിവൃത്തി ഇല്ലേ? നല്ല കുടുംബക്കാരും വിദ്യാഭ്യാസം സിദ്ധിച്ചവരും ശരീരാരോഗ്യമുള്ളവരും നന്നാ ചെറുപ്പം അല്ലാത്തവരും ആയ സ്ത്രീകളെ ആണ് ഈ വേലയ്ക്കു ആവശ്യപ്പെട്ടിരിക്കുന്നതു്.

**വിദേശമിഷ്യൻ.** വിദേശമിഷ്യൻസംബന്ധിച്ചും പ്രസ്തുത ആണ്ടു ധൈര്യപ്രദമായ ഒന്നായിരുന്നു. തന്നാണ്ടത്തേക്കുള്ള അടങ്കൽതുക ൨൭൩൫ രൂപ ആയിരുന്നു. ൩൦൩൮ക. ൮ണ. ൫പൈ പിരിഞ്ഞു കിട്ടി. തന്നാണ്ടിൽ ചെലവായതു ൧൭൦൪ക. ൩ണ. ൪പൈ ആണ്. അതുകൊണ്ടു ൧൩൩൪ക. ൫ണ. ൧പൈ മിച്ചം കിട്ടി. അതിൽ ൧൦൦൦ രൂപ കരുതൽമുതലിനോടു ചേർത്തു.

ഇപ്പോൾ നമുക്കു രണ്ടു മിഷ്യനറിമാരും രണ്ടു തെലുങ്കു അസിസ്റ്റണ്ടന്മാരുമുണ്ട്. മിസ്റ്റർ കെ. ഇ. ഈപ്പൻ രണ്ടാമത്തെ ഭാഷാപരീക്ഷ ജയിച്ചതുകൊണ്ടു അദ്ദേഹത്തെ ജോലിയിൽ സ്ഥിരപ്പെടുത്തി. രണ്ടു മിഷ്യനറിമാരും കുറെ ദിവസത്തെ അവധിയിൽ തിരുവിതാംകൂറിലേക്കു പോരേണ്ടതായി വന്നുകൂടി. മിസ്റ്റർ ഈപ്പൻ ചികിത്സാർത്ഥം സെക്കണ്ട്റബാഡിലേക്കു പോകുവാനും നിർബ്ബന്ധനായി. അദ്ദേഹവും ഭാര്യയും കുട്ടിയുടെ സുഖക്കേടുനിമിത്തം ഡോർനക്കൽ ആസ്പത്രിയിൽ കൊണ്ടുപോകേണ്ടിവന്നതുകൊണ്ടു വളരെ വിഷമം സഹിക്കുന്നതിനു ഇടയായി.

കാത്രിയപ്പള്ളിൽ മിഷ്യനറിമാർ സ്ഥിരോത്സാഹത്തോടും ഫലകരമായും ചികിത്സ നടത്തി. ചികിത്സിപ്പാൻ വൈദ്യന്മാരൊ ആസ്പത്രികളോ ഇല്ലാത്ത ദേശത്തു ക്രിസ്തുവിന്റെ സ്നേഹത്തെ പ്രദർശിപ്പിപ്പാൻ ചികിത്സാവേലയെക്കാൾ ഉത്തമമായി മറെറാന്നുമില്ല. ലളിതമായ ചില ഔഷധങ്ങൾകൊണ്ടു മിഷ്യനറിമാർ അത്ഭുതകരങ്ങളായ വേലകൾ ചെയ്തു. ഔഷധം വാങ്ങിക്കുന്നതിനു ഡോർനക്കൽബിഷോപ്പുതിരുമനസ്സുകൊണ്ടു ൫൦ രൂപ ദയവായി ദാനംചെയ്തു. ഇന്ത്യയുടെ ആ പ്രദേശത്തു ചികിത്സമൂലം സുവിശേഷവേല നടത്തുന്നതിനു ധാരാളം സൌകര്യമുണ്ടു.

മിഷ്യനറിമാർ ചുററുപാടുമുള്ള പല സ്ഥലങ്ങളും സന്ദർശിച്ചു. ചിത്രപ്രദർശിനിപടങ്ങൾ കാണിച്ചു നടത്തിയ ചില യോഗങ്ങളിൽ ബ്രാഹ്മണരും ഉയർന്നജാതിസ്ത്രീകളും സന്നിഹിതരായിരുന്നു. സാധാരണമായി സുവിശേഷം സന്തോഷസമേതം സ്വീകരിച്ചുവരുന്നു. ചില ഗ്രാമങ്ങളിലുള്ള ആളുകൾ അവർ ആരാധിച്ചുവരുന്ന ദേവന്മാരുടെ കൂട്ടത്തിൽ യേശുസ്വാമിയോടും പ്രാർത്ഥിച്ചുവരുന്നതായി മിസ്റ്റർ ഈപ്പൻ പ്രസ്താവിക്കുന്നു. ക്രിസ്തുമസ്സിന്റെ തലേനാൾ വൈകിട്ടു, കത്തിച്ച പന്തങ്ങളും കയ്യിൽ ഏന്തി, ക്രിസ്തുമസ്സ്ഗീതങ്ങളും പാടിക്കൊണ്ടു ചിന്നകൊടിപാക്കാ എന്ന സ്ഥലത്തുകൂടി ചേതോഹരമായ ഒരു ഘോഷയാത്ര നടത്തി. ആ ഘോഷയാത്രയുടെ അവസാനത്തിങ്കൽ പിറേറദിവസം ക്രൈസ്തവശുശ്രൂഷ ഉണ്ടായിരിക്കും എന്നു അറിവുകൊടുത്തു. വളരെപ്പേർ സന്തോഷസമേതം ശുശ്രൂഷയിൽ സംബന്ധിച്ചു. വൈകിട്ടു അമ്മന്മാരു കുട്ടികൾക്കു സമ്മാനം കൊടുത്തു. ഈ കർമ്മം വിജയകരമായി നടത്തിക്കൊണ്ടുപോകുന്നതിനു സഹായിച്ച എല്ലാ മാന്യമഹത്തുക്കളോടും തങ്ങൾക്കുള്ള കൃതജ്ഞതയെ അവരെ അറിയിക്കണം എന്നു മിഷ്യനറിമാർ ആഗ്രഹിക്കുന്നു. ആഗസ്റ്റ് ൧൧-ാംനു കൂടിയ യോഗത്തിൽ, സ്ഥലത്തെ കമ്മററി, മിസ്റ്റർ ഈപ്പൻ ചിന്നകൊടിപാക്കായുടെ പ്രത്യേകമേൽനോട്ടം വഹിക്കണം എന്നു തീരുമാനിച്ചു. തെലുങ്കുദേശീയനായ മാണിക്കം എന്ന സഹായപ്രവർത്തകനും ഭാര്യയും ഈ പുതിയ സ്ഥലത്തേക്കു മാറിത്താമസിച്ചു. സുവിശേഷത്തോടു

താല്പര്യം കാണിച്ചവരുടെ കൂട്ടത്തിൽ ഗ്രാമപ്രമാണിയുടെ കാര്യം സവിശേഷം പ്രസ്താവയോഗ്യമാണ്. സൂക്ഷ്മബുദ്ധികളായ തിരക്കുകാരും ഉണ്ടായിരുന്നു. നാം തിരഞ്ഞെടുത്തിട്ടുള്ള മിഷ്യൻവയലിൽവെച്ചു ഏററവും വലിയവയിൽ ഒന്നു ചിന്നക്കൊടിപാക്കയാണ്. അവിടെ താമസംവിനാ ഫലം ഉണ്ടാകും എന്നുള്ളതിന്റെ ലക്ഷ്യം നല്ലപോലെ കാണാനുണ്ടു.

അസറിയാബിഷോപ്പും അദ്ദേഹത്തിന്റെ പത്നിയും പിതൃവാത്സല്യത്തോടുകൂടി ചെയ്തിട്ടുള്ള പരിപാലനത്തിനും സഹായത്തിനും, റവറന്റ് സോമസുന്ദരവും പത്നിയും കാണിച്ചിട്ടുള്ള ക്രിസ്തീയകൂട്ടായ്മക്കും, എൻ. എം. സമൂഹംമൂലം ലഭിച്ച ആലോചനക്കും സഹതാപത്തിനുംവേണ്ടി അവർ ഓരോരുത്തരോടും കൃതജ്ഞതയുണ്ടായിരിക്കേണ്ടതാണ്. എല്ലാററിലും ഉപരിയായി, നമ്മുടെ മാതൃഭൂമിയായ ഇന്ത്യയുടെ ഒരു ഇരുണ്ട കോണിലേക്കു സുവിശേഷവിളക്കുംകൊണ്ടു പോകുന്നതിനുള്ള പദവി നമുക്കു കല്പിച്ചുതന്ന നമ്മുടെ പിതാവായ ദൈവത്തോടും നാം കൃതജ്ഞതയ്ക്കു കടപ്പെട്ടവരാകുന്നു.

**ചേർത്തലമിഷ്യൻ.** ചേർത്തലമിഷ്യനെ സംബന്ധിച്ചിടത്തോളം ഈവർഷം ഒരു വിഷമംപിടിച്ച ആണ്ടു ആയിരുന്നു. ദീനംകൊണ്ടും പ്രവർത്തകന്മാരുടെ മാററംകൊണ്ടും അതിദൂരസ്ഥിതങ്ങളായ സ്ഥലങ്ങൾ പതിവുപോലെ സന്ദർശിപ്പാൻ കഴിഞ്ഞില്ല. എങ്കിലും ഔഷധശാല ദിവസേന തുറന്നു മരുന്നുകൊടുക്കയും ചികിത്സയ്ക്കായി വന്ന രോഗികളോടു ദൈവം ക്രിസ്തുമൂലം കാണിച്ച സ്നേഹത്തെക്കുറിച്ചു പറകയും ചെയ്തു. ചികിത്സയ്ക്കായി വന്നവരിൽ ചിലർ ആത്മീയകാര്യങ്ങളിൽ യഥാർത്ഥതാല്പര്യം കാണിച്ചു. എങ്കിലും സുവിശേഷശാലയിൽ വന്നവരിൽ ഒരു വലിയ പങ്കു ആളുകൾ താണ ആന്തരത്തോടുകൂടി വന്നവരാണ്. അവർ ധനവാനായ പള്ളിപ്രമാണിയെപ്പോലെ ദുഃഖിതന്മാരായി തിരിച്ചുപോയി.

ആലുവാ കോർപ്പോർട്ട്യരും കോട്ടയം കോളേജ് അദ്ധ്യാപകന്മാരും, വിദ്യാർത്ഥികളും മാത്രമേ കളവംകോടു സന്ദർശിച്ചിട്ടുള്ളു. അവർ, പ്രധാനസ്ഥലവും തണ്ണീർമുക്കവും സന്ദർശിച്ചു. ഒടുവിൽപറഞ്ഞ സ്ഥലത്തു സ്നാനപ്പെട്ട ഒരു കുടുംബം താമസിക്കുന്നുണ്ടു.

ഈ മിഷ്യൻപ്രദേശത്തു അത്യാവശ്യമായിരിക്കുന്നതു ഒരു ശവസംസ്കാരസ്ഥലമാണ്. സഭയിലുള്ള ഒരു കുട്ടി മരിച്ചപ്പോൾ ഒരു കാർ ഏർപ്പെടുത്തി ആ കുട്ടിയെ ആലപ്പുഴ കൊണ്ടുചെന്നു അടക്കുന്നതിനു വളരെ പ്രയാസം നേരിട്ടു.

നവംബർമാസത്തിൽ ആലപ്പുഴപള്ളിയിൽവെച്ചു പതിനൊന്നുപേരെ സ്ഥിരീകരിച്ചതു പ്രസ്തുതആണ്ടിൽ നടന്ന ഒരു സന്തോഷസംഗതി ആണ്. കളവംകോട്ട് താമസിക്കുന്ന പ്രവർത്തകന്മാർ പുതിയ ദർശനമുള്ളവരായി മുമ്പോട്ടു പോകുന്നതിനും സ്ഥിരീകരണം ഏററവർ ആരംഭംതൊട്ടുതന്നേ തങ്ങളുടെ ദിനംപ്രതിയുള്ള ജീവിതത്തിൽ സ്തുതി പ്രദർശിപ്പിക്കുന്നവരായും മററുള്ളവരെ, ക്രിസ്തുവിനെക്കുറിച്ചുള്ള അറിവിലേക്കു കൊണ്ടുവരുവാൻ താല്പര്യപ്പെടുന്നവരായും ഇരിപ്പാൻ അവർക്കുവേണ്ടി പ്രാർത്ഥിക്കണം എന്നും ആവശ്യപ്പെട്ടുകൊള്ളുന്നു.

**ആലപ്പുഴ ക്രൈസ്തവമണ്ഡപം.** ഈ സ്ഥാപനത്തിനു പ്രസ്തുതആണ്ടിൽ രണ്ടു അപജയങ്ങൾ നേരിട്ടു. (1) മിസ്റ്റർ മത്തായി മാർച്ച്മാസത്തിൽ കോട്ടയത്തിനു പോയി. അദ്ദേഹം തൃപ്പത്തൂർ ആശ്രമത്തിൽ ചെന്നു ആശ്വസിച്ചു ചികിത്സിപ്പിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതായിവന്നു. അദ്ദേഹം ആണ്ടു മുഴുവൻ സ്ഥലത്തില്ലായിരുന്നു. അദ്ദേഹത്തിന്റെ അഭാവം കഠിനമായി ബാധിച്ചുപെട്ടു. (2) സ്ഥാപനത്തിനു പണസംബന്ധമായ ഞെരുക്കം നേരിട്ടു. താഴത്തെ നിലയിലുള്ള മൂന്നു മുറികൾ കൂലിക്കു പോകാഞ്ഞതാണു അതിന്റെ കാരണം.

ഞായറാഴ്ചതോറും ഷാപ്പു അടച്ചിടണം എന്നുള്ള കരാറിന്മേൽ അവയെ വാടകയ്ക്കു എടുപ്പാൻ ആളുകളെ കണ്ടുകിട്ടുവാൻ പ്രയാസമാണ്. ഈ പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നിട്ടും ജോലി ക്രമമായി നടന്നു. മണ്ഡപം വിവിധാഭിപ്രായക്കാരുമായി ഇടപെട്ടുകൊണ്ടാണു ഇരിക്കുന്നത്. മണ്ഡപത്തിന്റെ പ്രതിനിധി അവരുടെ യോഗങ്ങളിൽ എപ്പോഴും ഉണ്ടായിരിക്കണം എന്നും, 'ഗീത ക്ഷേമകരമായ ജീവിതത്തിന്റെ സുവിശേഷം' എന്ന വിഷയത്തെക്കുറിച്ചു മിസ്റ്റർ തോമ്മാസ് പ്രസംഗിക്കണം എന്നും ഒരു ബ്രാഹ്മണയോഗം ആവശ്യപ്പെട്ടു. ബ്രഹ്മസമാജക്കാരും പട്ടണത്തിലും അയൽപ്രദേശങ്ങളിലും അവർ നടത്തുന്ന യോഗങ്ങളിൽ സിക്രട്ടറികൂടി പങ്കു എടുക്കണം എന്നു അപേക്ഷിച്ചു. വിഗ്രഹാരാധനം, വർണ്ണാചാരം, പൌരോഹിത്യം മുതലായവയുടെ ബദ്ധവൈരികളും ഒരു ഹൈന്ദവമതപരിഷ്കരണസമൂഹവും ആയ ആത്മവിദ്യാസംഘം സ്ഥാപനത്തിന്റെ പ്രതിപുരുഷൻ അവരുടെ യോഗങ്ങളിലും ഉണ്ടായിരിക്കണം എന്നു അപേക്ഷിച്ചു. ആ സംഘത്തിലെ അത്യുത്സാഹികളായ ആനുകൂല്യവാദികളിൽ ഒരാൾ അദ്ധ്യയനക്കൂട്ടത്തിലെ ഒരംഗമാണ്. മണ്ഡപത്തിൽ നടത്തുന്ന വേദപാരായണക്കൂട്ടത്തിൽ തിയോസഫിസംഘത്തിൽ ചേന്ന ഒരു എം. എ. കാരനും അംഗമാണ്. മഹമ്മദീയരല്ലാത്തവരോടു യോജിച്ചു പ്രവർത്തിക്കുന്നതിനു ശ്രമിക്കുന്നുണ്ടെങ്കിലും ക്രിസ്ത്യാനികളോടു അധികം അടുപ്പാൻ ധൈര്യമുള്ളവരായ സജ്ജനത്തിൽ മഹമ്മദീയസംഘവും അവരുടെ ചില യോഗങ്ങളിൽ സംബന്ധിക്കുന്നതിനു സിക്രട്ടറിയെ ക്ഷണിച്ചിരുന്നു. ആ സംഘത്തിൽ ഉൾപ്പെട്ട ചില യൌവനക്കാർ ക്രൈസ്തവമണ്ഡപത്തിൽ നടത്തിയ യോഗങ്ങളിൽ ക്രമമായി ഹാജരായിരുന്നു.

ശനിയാഴ്ച വൈകുന്നേരംതോറും നടത്തിവന്ന അദ്ധ്യയനക്കൂട്ടത്തിൽ ബ്രാഹ്മണരും നായന്മാരുമായി പത്തുപേരും ഏതാനും ക്രിസ്ത്യാനികളും ക്രമമായി ഹാജരായിക്കൊണ്ടിരുന്നു. ഫോസ്ഡിക്കിന്റെ 'പ്രാർത്ഥനയുടെ സാരാംശം' എന്ന പുസ്തകമാണു ആദ്യം പഠനത്തിനു എടുത്തത്. ഈ പാഠപദ്ധതികൾ തുടർന്നുകൊണ്ടിരുന്നപ്പോൾ ഉണ്ടായ വാദപ്രതിവാദങ്ങൾ, ക്രിസ്തുവിന്റെ ജീവചരിത്രം കുറെക്കൂടെ ശ്രദ്ധാപൂർവ്വം പഠിക്കുന്നതിനു ഹൈന്ദവസ്നേഹിതരെ ഉത്സാഹിപ്പിച്ചു. ആ പുസ്തകം തീർന്നപ്പോൾ ക്രിസ്തുവിന്റെ ജീവചരിത്രം പഠിപ്പാൻ തുടങ്ങി. ക്രിസ്തുവിനെക്കുറിച്ചു എന്തെങ്കിലും കുറെ സംഗതികൾ മനസ്സിലാക്കണം എന്നുള്ള ഉൽകണ്ഠയോടുകൂടി എല്ലാവരും പഠിച്ചുതുടങ്ങി; അധികം വാദപ്രതിവാദത്തിനു ആരും മുതിർന്നില്ല. താത്വികമാനസന്മാരായ ചിലർ അങ്ങുമിങ്ങും ചില ചോദ്യങ്ങൾ ചോദിച്ചതേയുള്ളു. നമ്മുടെ കർത്താവിന്റെ ജീവചരിത്രപഠനംമൂലം ഒരു സുവിശേഷമെങ്കിലും കാര്യമായി പഠിക്കണം എന്നുള്ള ആഗ്രഹം ജനിച്ചു. അങ്ങനെ നാലാമത്തെ സുവിശേഷം അവരുടെ മൂന്നാമത്തെ പഠനവിഷയമായി തിരഞ്ഞെടുത്തു. ഹൈന്ദവസ്നേഹിതരിൽനിന്നു ബുധനാഴ്ചതോറും ചോദ്യങ്ങൾ കിട്ടിക്കൊണ്ടിരുന്നു. ഈ ചോദ്യങ്ങൾ അംഗങ്ങളുടെ ഇടയിൽ പ്രചരിപ്പിച്ചു. ഈ ചോദ്യങ്ങളെ ആസ്പദമാക്കിക്കൊണ്ടാണു പഠനം നടത്തിയത്. ഈ പഠനം മുഴുവനും അത്യന്തം അദ്ധ്യാത്മശാസ്ത്രീയവും മാനസികവും ആയിത്തീർന്നു. ഈ ഉയർന്ന ജാതിക്കാരായ സ്നേഹിതരെ മാനസികനിലയിൽനിന്നു പ്രായോഗികവശത്തേക്കു കൊണ്ടുവരുന്നതു എങ്ങനെ ആണു എന്നു കണ്ടുപിടിക്കുന്നതിനാണു പ്രയാസം. ഹിന്ദുക്കളെ ക്രിസ്തുവിങ്കലേക്കു നടത്തുവാൻ വാസ്തവത്തിൽ ആഗ്രഹിക്കുന്ന എല്ലാവരുടെയും പ്രാർത്ഥനയോടുകൂടിയ സഹായം ഈ കാര്യത്തിൽ അത്യന്താപേക്ഷിതമാണ്.

ഒരുത്തമഗ്രന്ഥസഞ്ചയശാലയുടെ ആവശ്യം ഒഴിച്ചുകൂടാത്തതാണ്. പ്രസ്തുത സ്ഥാപനത്തിന്റെ ജോലിയിൽ അതു ഒഴിച്ചുകൂടാത്ത ഒന്നാകുന്നു എന്നാണു സിക്രട്ടറിയുടെ ബലമായ അഭിപ്രായം.

വായനശാല, കാലത്തു ഏഴര മണിമുതൽ വൈകിട്ടു ഏഴര വരെ തുറന്നിരിക്കും. അതു അനേകരെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. ഞായറാഴ്ചതോറും ഉച്ചയ്ക്കു മൂന്നര മണിക്കു തുറക്കുകയും ആറിനു അടയ്ക്കുകയും ആണു പതിവു. അന്നു മതസംബന്ധങ്ങളായ പുസ്തകങ്ങൾ മാത്രമേ മേശപ്പുറത്തു വെക്കാറുള്ളൂ.

**ബെഥേൽ ആശ്രമവാസികളുടെ സുവിശേഷവേല.** പ്രസ്തുത ആണ്ടിൽ ബെഥേൽ ആശ്രമവാസികൾ തോട്ടപ്പള്ളിയും പെരിങ്ങരയും സന്ദർശിച്ചു, സുവിശേഷവേല ചെയ്തു. ഓരോ സ്ഥലത്തും ഏകദേശം അഞ്ചുദിവസം വീതം താമസിച്ചു, ഈഴവരുടെയും അരയന്മാരുടെയും വീടുകൾ സന്ദർശിച്ചു. സന്ദർശിച്ച വീട്ടുകാരിൽ പലരും മുമ്പു സുവിശേഷം കേട്ടിട്ടുള്ളവരല്ല. പറഞ്ഞ വചനങ്ങളെ അവർ സസന്തോഷം ശ്രദ്ധിച്ചു. ബെഥേൽ ആശ്രമത്തിനു സമീപമുള്ള സ്ഥലങ്ങളിൽ ആഴ്ചയിൽ ഒരിക്കൽ സുവിശേഷവേല ചെയ്തു. ചില സ്ത്രീകളെ ക്രമമായി പഠിപ്പിച്ചുകൊണ്ടിരുന്നു. ചിലർ സ്നാനത്തിനായി ആഗ്രഹിച്ചു. എങ്കിലും പല കാരണങ്ങൾകൊണ്ടു അതിനു നിവൃത്തി ഇല്ലാതെ വന്നു. ആശ്രമത്തിലുള്ള മൂന്നു വിദ്യാർത്ഥിനികളെ സ്നാനത്തിനു പഠിപ്പിച്ചു.

**സുവിശേഷവാരത്തിൽ സ്ത്രീകൾ നടത്തിയ വേല.** സുവിശേഷ ഞായറാഴ്ചകളിൽ ഈ ആണ്ടിൽ സ്ത്രീകളെക്കൊണ്ടു ക്ലിപ്തമായ സുവിശേഷവേല ചെയ്യിക്കുന്നതിനു ബോർഡ് അംഗങ്ങൾ പ്രത്യേകശ്രമം ചെയ്തിരുന്നു. ബെയിക്കർ മെമ്മോറിയൽ സ്കൂളിൽനിന്നും ബുക്കാനാൻപാഠശാലയിൽനിന്നും കുറെ ആളുകൾ പുറപ്പെട്ടു, ആലുവാ, വാഴൂർ മുതലായ സ്ഥലങ്ങളെ സന്ദർശിച്ചു, അവിടവിടെയുള്ള സ്ത്രീകളെ ഈ വേലയിൽ ഭാഗഭാക്കുകളാക്കുന്നതിനു സഹായിച്ചു. ഒരാൾ ഇങ്ങനെ എഴുതിയിരിക്കുന്നു:—ക്രൈസ്തവമഹിളാമാരുടെ ഉത്സാഹം കാണുന്നതു നല്ലതാണ്; എന്നാൽ അവർതന്നെ സുവിശേഷവൃത്താന്തം പറയുവാൻ പഠിക്കയും മിഷ്യനറിവേലയിൽ പങ്കെടുക്കുകയും വേണമെന്നുള്ളതാണു ആവശ്യം. അടൂർ മിഷ്യൻ, വിദേശമിഷ്യൻ, കരപ്പുറംമിഷ്യൻ, ബെഥേൽ ആശ്രമവേല—ഇതുകൾക്കു എല്ലാം വേണ്ട സഹായങ്ങൾ പണമായിട്ടും സാധനങ്ങളായിട്ടും കൊടുത്തതിനാൽ നമ്മുടെ സ്ത്രീകൾ ഈ വേലകളിൽ യഥാർത്ഥമായി പങ്കെടുത്തു. വിദേശമിഷ്യന്റെ ആവശ്യത്തിലേക്കു മാജിക്കലാന്റൺ വാങ്ങിക്കുന്നതിനും കിണർ കുഴിക്കുന്നതിനും വേണ്ട സഹായം ചെയ്തു. തെലുങ്കനാട്ടിൽ വളരെ ഉപയോഗപ്രദങ്ങളായി കണ്ട ചില സുവിശേഷഗീതങ്ങൾ വരുത്തി മലയാളത്തിൽ തർജ്ജിമചെയ്തു പ്രസിദ്ധപ്പെടുത്തി. തീരെ അറിവില്ലാത്തവരുടെ ഇടയിലെ വേലയ്ക്കു അതുകൾ ഉപയോഗമുള്ളവയായിത്തീരാനിടയുണ്ട്.

**സുവിശേഷകന്മാരുടെ വേല.** ചങ്ങനാശ്ശേരിയിലും ഓച്ചിറയിലും താമസിക്കുന്ന ഉപദേശിമാർ അവരുടെ കൃത്യം നിഷ്ഠയോടും നടത്തിക്കൊണ്ടുപോരുന്നു. രണ്ടുകൂട്ടത്തിലുമുള്ള ഉപദേശിമാർ ഒന്നിച്ചു ഒരു പ്രസംഗയാത്ര നടത്തുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തിരുന്നു. സുവിശേഷകന്മാർ ആലപ്പുഴമുതൽ തൃപ്പൂണിത്തുറവരെ സഞ്ചരിച്ചു പ്രസംഗങ്ങൾ നടത്തി. അവരുടെ വേല ധൈര്യപ്രദമായിരുന്നു. പ്രസ്തുത ആണ്ടിൽ സുവിശേഷകന്മാർ [illegible] സുവിശേഷപ്രതികൾ വിറ്റിട്ടുണ്ടു. ലേമെൻമിഷ്യനിൽനിന്നും സമ്മാനം അയച്ചുതന്ന ൧൦൦൦ മലയാളം ഒറ്റക്കടലാസുകൾ കൃതജ്ഞതാപൂർവ്വം സ്വീകരിച്ചു.

**മുതിർന്നവരുടെ സ്നാനം.** രണ്ടാണ്ടിൽ ൧൪ മുതിർന്നവരെ സ്നാനപ്പെടുത്തി.

**മിഷ്യനറിപെരുനാൾ.** മിഷ്യനറിപെരുനാളിന്റെ വാർഷികയോഗം മ

ല്ലപ്പള്ളിൽവെച്ചു കൊണ്ടാടി. കൊളമ്പിലെ ബിഷോപ്പുതിരുമനസ്സുകൊണ്ടു ഹാജരായി അന്നത്തെ ശുശ്രൂഷയിൽ പ്രസംഗം നടത്തി. നമ്മുടെ ബിഷോപ്പുതിരുമനസ്സുകൊണ്ടു ഹാജരുണ്ടായിരുന്നു. അതു ഒരു സന്തോഷദിനമായിരുന്നു. വളരെ ആഹ്ലാദം പ്രത്യക്ഷപ്പെടുകയും ചെയ്തു.

**തിരുവനന്തപുരം സുവിശേഷാലയം.** ഇതു മഹായിടവകയുടെ ഒരു സ്ഥാപനമല്ല. എന്നാൽ അതിന്റെ സ്ഥാപകനും നടത്തിപ്പുകാരനും നമ്മുടെ സഭയുടെ ഒരു അംഗവുമായ മിസ്റ്റർ അലക്സാണ്ടർ ബി. എ. എൻ.ഡൻ—ൽ ആ സ്ഥാപനസംബന്ധിച്ചു നടത്തപ്പെട്ട പ്രവർത്തനങ്ങളുടെ ഒരു പരശോധന ഈ വാർഷിക റിപ്പോർട്ടിൽ ചേർക്കുന്നതിനു അയച്ചുതന്നിട്ടുള്ളതാണ്. അതിന്റെ ചുരുക്കം താഴെ ചേർക്കുന്നു:—

ആണ്ടു മുഴുവനും രാത്രിതോറും മന്ദിരത്തിന്റെ വിശാലമായ മുറിയിൽ യോഗങ്ങൾ നടത്തപ്പെട്ടു. ആ യോഗങ്ങളിൽ മദ്ധ്യസ്ഥപ്രാർത്ഥന, വിശുദ്ധി മുതലായ വിഷയങ്ങളെക്കുറിച്ചുള്ള പ്രസംഗങ്ങൾ, വേദപാരായണം ആദിയായവ നടത്തുന്നതിനു വേണ്ട കരുതൽ ചെയ്തിരുന്നു. ക്രിസ്തുവിന്റെ പുനരാഗമനം സംബന്ധിച്ചുള്ള ഒരുക്കം ഒരു വിശേഷ സംഗതി ആയിരുന്നു. സൌജന്യവായനശാല മിക്കവാറും എല്ലാ ദിവസവും തുറന്നിരുന്നു. അതിൽ സൂക്ഷ്മമായി തിരഞ്ഞെടുക്കപ്പെട്ട ക്രൈസ്തവപുസ്തകങ്ങളും സാധാരണവർത്തമാനപത്രങ്ങളും ശേഖരിച്ചിരുന്നു. അതുകളെ ആളുകൾ വായിച്ചുംവന്നു. ഏവർക്കും സൌജന്യമായി വായിക്കാവുന്ന ഒരു പുസ്തകസഞ്ചയം ഉണ്ട്. അതിൽ മതസംബന്ധങ്ങളായ പുസ്തകങ്ങൾ ശേഖരിച്ചിട്ടുണ്ട്. ആവശ്യപ്പെടുന്നവർക്കു അതുകളെ വായിപ്പാൻ കൊടുത്തുകൊണ്ടിരുന്നു. വേദപുസ്തകവും പുതിയനിയമവും വില്ക്കുകയും ചില അവസരങ്ങളിൽ അക്രൈസ്തവർക്കു ദാനമായി കൊടുക്കയും ചെയ്തുവന്നു.

ഞായറാഴ്ചതോറും ഉച്ചതിരിഞ്ഞു, യാചകന്മാരായ ആളുകളെ കൂട്ടിച്ചേർത്തു, അവരോടു ശുചിത്വത്തെക്കുറിച്ചും അതുപോലെയുള്ള മററു വിഷയങ്ങളെക്കുറിച്ചും പ്രസംഗിക്കുകയും, ധാർമ്മികവും ആത്മീയവുമായ ബോധനം നല്കുകയും, പാട്ടുപാടാൻ പഠിപ്പിക്കുകയും, തങ്ങളുടെ ഹൃദയവിചാരങ്ങളെ പ്രാർത്ഥനമൂലം ദൈവത്തോടു അറിയിപ്പാൻ ധൈര്യപ്പെടുത്തുകയും ചെയ്തു. ഒടുവിൽ സുവിശേഷത്തിൽനിന്നു ഒരു ചെറിയ ഗുണദോഷം പറഞ്ഞു, പ്രാർത്ഥനയോടുകൂടി യോഗം അവസാനിപ്പിക്കയും നല്ല ഭക്ഷണം കൊടുത്തു പറഞ്ഞയക്കുകയും ആണ് പതിവ്. ആണ്ടിൽ ഒരിക്കൽ അവർക്കു കോടിത്തുണിയും കൊടുക്കാറുണ്ട്.

സുവിശേഷാശ്രമത്തിൽ—അക്രൈസ്തവർ കച്ചവടം നടത്തിക്കൊണ്ടിരിക്കുന്ന പ്രധാന സ്ഥലത്തു കൂലിക്കെടുത്ത കെട്ടിടത്തിൽ— ആശ്രമവാസിയായ ഒരു പ്രവർത്തകൻ മുഴുവൻ സമയം ഉപയോഗിച്ചു ആളാംപ്രതി അതിശ്രദ്ധയോടുകൂടി വേല ചെയ്തുകൊണ്ടിരുന്നു. ഈ പ്രദേശത്തു പാർക്കുന്നവരുടെ ഭവനങ്ങളെ മുടങ്ങാതെ സന്ദർശിച്ചു രക്ഷാമാർഗ്ഗം അവർക്കു വിശദമാക്കിക്കൊടുത്തു. ചെറുപുസ്തകങ്ങളും സുവിശേഷപ്രതികളും യഥാക്രമം കൊടുക്കുകയും സൂക്ഷ്മമായി ആ വേലയെ തുടർന്നുകൊണ്ടിരിക്കയും ചെയ്തു.

ഒരു സുവിശേഷകൻ തോട്ടം, മുട്ടത്തറ, ചെന്തോന്നി മുതലായി ഈഴവരുടെ പ്രധാന കുടിപാർപ്പുസ്ഥലങ്ങളിൽ സഞ്ചരിച്ചു വേലചെയ്തു. ചെന്നിടത്തൊക്കെയും സുവിശേഷകനെ സന്തോഷസമേതം സ്വീകരിച്ചു. വേറൊരു പ്രവർത്തകൻ കിള്ളിയാർചാലത്തിന്റെ ഇരുവശങ്ങളിലുമുള്ള വയലുകളുടെ സമീപം പാർക്കുന്ന അധഃകൃതവർഗ്ഗക്കാരുടെ ഇടയിൽ വേല ചെയ്തു. സുവിശേഷദൂതു കേൾപ്പാൻ അവർ സന്തോഷമുള്ളവരായി കാണപ്പെട്ടു.

മെയി ൧൦-ാം൹ നന്തൻകോടിനു അടുത്തുള്ള ചാരച്ചിറ എന്ന സ്ഥലത്തു വാടകയ്ക്കു എടുത്ത ഒരു വലിയ കെട്ടിടത്തിൽ ഒരു അനാഥമന്ദിരം തുറക്കപ്പെട്ടു. തുറന്ന ആ ദിവസംതന്നെ അഞ്ചു അനാഥകുട്ടികളെയും രണ്ടു വിധവമാരെയും ചേർത്തു. പിന്നീടു അനാഥക്കുട്ടികളുടെ സംഖ്യ പത്തും വിധവമാരുടെ സംഖ്യ നാലും ആയി വർദ്ധിച്ചു. 'ബെത്ലഹേം ആനന്ദമന്ദിരം' എന്നു നാമകരണം ചെയ്യപ്പെട്ടിരിക്കുന്ന ഈ കെട്ടിടത്തിൽ പാർക്കുന്നവരുടെ പരിരക്ഷയ്ക്കായി ഒരു 'അമ്മയും' രണ്ടു 'പെങ്ങന്മാരും' തങ്ങളെ ഒഴിഞ്ഞുകൊടുത്തിരിക്കയാണ്. കുട്ടികളെ എഴുത്തും വായനയും കണക്കും പഠിപ്പിക്കുകയും പനയോലകൊണ്ടു പായ് മുടഞ്ഞുണ്ടാക്കുവാൻ വശമാക്കുകയും ചെയ്തുവരുന്നു. ആഴ്ചയിൽ മൂന്നു പ്രാവശ്യംവീതം സുവിശേഷയോഗങ്ങൾ നടത്തുന്നുണ്ട്. ദൈവാന്വേഷികളായ അക്രൈസ്തവസ്ത്രീകളെ സ്വീകരിച്ചു അവരുടെ തിരക്കത്തിൽ അവരെ സഹായിച്ചു. ഉച്ചകഴിഞ്ഞശേഷം ഉപദേശിനിമാർ ഈരണ്ടുപേരായി അടുത്തു പാർക്കുന്ന അക്രൈസ്തവസ്ത്രീകളെ അവരുടെ ഭവനങ്ങളിൽ ചെന്നു കാണുകയും ഗുണദോഷിക്കയും ചെയ്തു. ആ സ്ത്രീകളാവട്ടെ, അവരെ സ്വീകരിച്ചു് അവരുടെ സന്ദേശം താല്പര്യമായി ശ്രദ്ധിച്ചു കേട്ടു. നല്ല സ്ഥിതിയുള്ള കുടുംബങ്ങളിലെ ചില യുവതികൾ സുവിശേഷവേലയ്ക്കായി മന്ദിരത്തിൽ പരിശീലനം പ്രാപിച്ചു വരുന്നു. മന്ദിരംവക സ്വന്തം വീടു പണിയുന്നതിനു ഒരു സ്നേഹിതൻ കുറെ സ്ഥലം ദാനംചെയ്തു. ൧൯൨൯-ൽ ഏകദേശം ആകെ ചെലവായ ൩൫൦൦ രൂപയും അപേക്ഷകൂടാതെ കിട്ടീട്ടുള്ളതാണ് എന്നു മിസ്റ്റർ അലക്സാണ്ടർ പറയുന്നു.

---

## പണക്കണക്ക്

൧൯൨൮-ലെ റിപ്പോർട്ടിൽ മഹായിടവകയ്ക്കായി സ്ഥലത്തുനിന്നു പിരിഞ്ഞു കിട്ടിട്ടുള്ള പണത്തിന്റെ തുകകൾ ചേർത്തിരുന്നതുപോലെ പ്രസ്തുത ആണ്ടിൽ പിരിഞ്ഞിട്ടുള്ള പണത്തിന്റെ വിവരം താഴെ ചേർക്കുന്നു :—

| | 1928 | 1929 |
|---|---|---|
| | രൂപാ. | രൂപാ. |
| (എ) മാസപ്പിരിവു | 10,553 | 11,354 |
| ആയിരാഴ്ചപ്പിരിവു | 4,930 | 4.922 |
| സത്യകർമ്മ വഴിപാടു | 2,267 | 2,487 |
| പിടിഅരി, പിടിനെല്ലു | 5,499 | 6,136 |
| ആദ്യഫലകാഴ്ചകൾ | 6,793 | 6,110 |
| ദാനങ്ങൾ | 1,226 | 22,87 |
| പുറനാൾ സ്തോത്രകാഴ്ചകൾ | 1,026 | 1,039 |
| മററു സ്തോത്രകാഴ്ചകൾ | 2,571 | 2,628 |
| സാധുസംരക്ഷണമുതൽ | 90 | 168 |
| മററു വരുമാനങ്ങൾ | 1,401 | 652 |
| ആകെ | 26,356 | 37,783 |
| (ബി) അട്ടർമിഷ്യൻ | 80,42 | 4,640 |
| വിദേശമിഷ്യൻ | 2,400 | 2,078 |

| | 1928 | 1929 |
|---|---|---|
| | രൂപാ | രൂപാ |
| വേദപുസ്തകസംഘം | 2,110 | 2,326 |
| ബെഥേൽ | 1,931 | 1,229 |
| സ്ത്രീച്ചിലിസ്മാരകമുതൽ | 76 | 83 |
| രക്ഷാഭോഗമുതൽ | 34 | 68 |
| യൂദമിഷ്യൻ | 473 | 519 |
| വിദ്യാഭ്യാസമുതൽ | 72 | 92 |
| എസ്സ്. പി. സി. കെ. | 95 | 129 |
| എൻ. എം. എസ്സ്. | 60 | 73 |
| ആർ. ററി. എസ്സ്. | 86 | 10 |
| കരപ്പുറംമിഷ്യൻ | 1,63? | 2,097 |
| ബൈബിൾ & ബുക്ക് ഫണ്ട് | 99 | 158 |
| മാതൃസംഘം | 136 | 164 |
| സണ്ടേസ്ക്കൂൾശേഖരം | | 281 |
| ആകെ | 17,246 | 13,947 |
| (സി) കെട്ടിടപ്പണിയ്ക്കുള്ള പ്രത്യേക ശേഖരം | 8,936 | 6,280 |
| (ഡി) പലവക | 852 | 1,920 |
| (ഇ) പള്ളിഫീസു | 12,430 | 14,048 |
| എ, ബി, സി, ഡി, ഇ എല്ലാംകൂടി | 75,820 | 73,978 |
| (എഫ്) ഇടവകകളുടെ കീഴിൽ ഇരിക്കുന്ന വസ്തുക്കളിൽനിന്നുള്ള വരുമാനം | 16,800 | 15,347 |
| ഡിസ്ത്രിക്ട് കൌൺസിൽഭരണത്തിൽ | 750 | 750 |
| എ—എഫ് വരെ മൊത്തത്തിലുള്ള വരവു | 93,370 | 90,075 |

മാസപ്പിരിവിൽ കൂടുതൽ കാണുന്നതു തൃപ്തികരമാണ്. എന്നാൽ ഒരു കുടുംബത്തിന്റെ ഒരാണ്ടടക്കമുള്ള നിരന്തരപിരിവു ൧൨ ണം. മാത്രമേയുള്ളു എന്നോപ്പാനുള്ളതാണ്. ബി ഇനത്തിൽ ഏകദേശം ൩൩൦൦ രൂപയോളം കുറവു കാണുന്നുണ്ടു. മുമ്പ് അട്ടൂർമിഷ്യനുണ്ടായ കടം പരിഹരിക്കുന്നതിന്നായി ചെയ്ത പ്രത്യേക പരിശ്രമത്തിന്റെ ഫലമായിട്ടും ൧൯൨൭-ലെ കുടിശ്ശിക പിരിഞ്ഞുകിട്ടിയതുകൊണ്ടും ആണ് കഴിഞ്ഞ ഒരാണ്ടിൽ അതിലേക്കു ൪൦൦൦ രൂപ കിട്ടിയതു്. അസാധാരണയുണ്ടായ പിരിവും തന്നാണ്ടിലെ പിരിവുംകൂടെ ഒത്തുനോക്കുമ്പോഴാണ് ഈ വ്യത്യാസം കാണുന്നതു്. വസ്തുക്കളിൽനിന്നുള്ള വരവിൽ ൧൪൦൦ രൂപ കുറവുകാണുന്നതു അതൃപ്തികരമാണ്. ശരിയായി പാട്ടം കൊടുക്കാതെ കുടിശ്ശിക വരുത്തിയതുകൊണ്ടാണ് ഈ കുറവു വന്നതു എന്നു പ്രത്യക്ഷമാണ്.

ഇടവകകളിൽനിന്നു ഡിസ്ത്രിക്ട് കൌൺസിലുകളിലേക്കു അടച്ചിട്ടുള്ള തുക ൧൯൨൭-ൽ ൩൦,൫൯൯ രൂപ ആയിരുന്നതു ൧൯൨൯-ൽ ൩൧,൬൪൦ രൂപയായി വദ്ധിച്ചിട്ടുണ്ടു്. പൊതുമുതലിൽനിന്നു ഡിസ്ത്രിക്ട് കൌൺസിലുകൾക്കു ൭൯,൩൨൦ രൂപ

ഗ്രാൻറ് നല്കി. എന്നാൽ ആകെപ്പാടെയുണ്ടായ ചെലവു അധികരിച്ചതിനാൽ ൭൦൦൦ രൂപ കൂടുതൽ വേണ്ടിവന്നു. മേലാൽ കിട്ടാൻ നിവൃത്തിയില്ലാത്തതും ഈ തുകയോളം വരുന്നതുമായ വട്ടിസ്സൂക്ഷിട്ടിരുന്ന ഒരു സംഖ്യ എടുത്തു കുറവു നികത്തി. എന്നിട്ടും കൌൺസിൽകണക്കു അവസാനിപ്പിച്ചതു ൯൨൦൦ രൂപ കടമായിട്ടാണ്. ഈ കടത്തിന്റെ പ്രധാന കാരണം ഈ കൊല്ലവും സ്കൂളുകൾക്കുള്ള ഗവമ്മെണ്ട്ഗ്രാൻറ് സമയത്തിനു കിട്ടാഞ്ഞതാണ്. ഈ ഇനത്തിൽ തന്നാണ്ടിൽ ൭൮,൫൯൭ രൂപ കിട്ടുമെന്നു കണക്കാക്കിയിരുന്നു. എങ്കിലും ൩൩,൩൭൫ രൂപയേ കിട്ടിയുള്ളൂ. തലേആണ്ടത്തെ ഗവമ്മെണ്ടുഗ്രാൻറ് കുടിശ്ശിക ഉണ്ടായിരുന്നതിൽ ൭൯൦൦ രൂപകൂടെ ഈ ആണ്ടിൽ കിട്ടി. എന്നാൽ ഈ സംഖ്യ കൌൺസിലിന്റെ മുൻകടം പരിഹരിക്കുന്നതിനു ഉപയോഗപ്പെടുത്തണം എന്നുള്ള പണവിചാരകബോർഡിന്റെ തീരുമാനം അനുസരിച്ചു മാററിവെക്കുകയാണുണ്ടായതു്.

ഇങ്ങനെ കൌൺസിലുകളുടെ കടം വളരെ കുറഞ്ഞു. ഇനിയുമുള്ള കടത്തിന്റെ വിവരം താഴെ കാണിക്കുന്നു:—

| | ക. | ണ. | പ. | ക. | ണ. | പ. |
|---|---|---|---|---|---|---|
| 1929 ജനുവരി 1-ാം യുള്ള പഴയ കടം | 17,785 | 11 | 6 | | | |
| 1929-ലെ കടം | 3224 | 1 | 8 | 21,009 | 13 | 2 |
| 1929-ൽ കിട്ടിയ ഗവമ്മെൻറുഗ്രാൻറുകുടിശ്ശിക | 7921 | 12 | 6 | | | |
| നിത്യച്ചെലവു കുടിശ്ശിക ഈടായതു | 60 | 0 | 0 | | | |
| പൊതുമുതലിൽനിന്നുള്ള മിച്ചം എടുത്തതു | 2139 | 1 | 4 | 10,120 | 13 | 10 |
| 1930 ജനുവരി 1-ാംനു ഉള്ള കടം | | | | 10,888 | 15 | 4 |

രണ്ടു കൌൺസിലുകളുടെയും ആകപ്പാടെയുള്ള ചെലവു ൧,൩൧,൦൮൩ രൂപ ആയിരുന്നു. ഇതിലേക്കു ഇടവകകളിൽനിന്നും ൯൨,൩൨൨ രൂപ അടച്ചു. ഗവമ്മെൻറുഗ്രാൻറു കിട്ടിയതു ൩൩,൩൭൨ രൂപയാണ്. വട്ടിസ്സൂക്ഷിട്ട പണത്തിന്റെ പലിശ, പുരയിടവരവു മുതലായ മററു വരുമാനങ്ങൾ എല്ലാംകൂടി ൯൮൪൦ രൂപ കിട്ടി. ഇങ്ങനെ കിട്ടിയ തുകകൾ തട്ടിക്കഴിച്ചാൽ, കൌൺസിലുകളുടെ സഹായനിധിപ്പിലേക്കു ഇനി ആണ്ടുതോറും ൪൨,൨൭൮ രൂപ ഉണ്ടാകേണ്ടിയിരിക്കുന്നു.

ബെയിക്കർസ്മാരകഹൈസ്ക്കൂൾ ഒഴിച്ചുള്ള എല്ലാ പാഠശാലകളും പൊതുമുതലിൽനിന്നുള്ള ഗ്രാൻറുകൊണ്ടു ജോലി നടത്തിക്കൊണ്ടുപോകുകയും കുറച്ചു മിച്ചം വരുത്തുകയും ചെയ്തു. പൊതുമുതലിൽനിന്നു തന്നാണ്ടിൽ ആകപ്പാടെ ൧,൦൫,൧൯൩ രൂപ ൨ ണ. ൬ പ. ചെലവുചെയ്തിട്ടുണ്ട്. ചെലവുവിവരം താഴെ ചേർക്കുന്നു:—

| | ക. | ണ | പ. |
|---|---|---|---|
| എ. മിഷ്യനറിമാരുടെ ശമ്പളം, യാത്രച്ചെലവു, വീടുകളുടെ അററകുററപണി മുതലായവയ്ക്കു | 6028 | 0 | 0 |
| ബി. ഇടവകജോലിയ്ക്കു കൌൺസിലുകൾ മുഖേന കൊടുത്തിട്ടുള്ള ഗ്രാൻറ് | 56,176 | 7 | 3 |
| സുവിശേഷവേലയ്ക്കു | 3653 | 0 | 0 |
| ഡി. വിദ്യാഭ്യാസച്ചെലവിലേക്കും പാഠശാലകൾക്കു ഗ്രാൻറു മുതലായവ | 31,105 | 8 | 5 |
| ഇ. പൊതുവായി | 8230 | 2 | 10 |
| ആകെ | 10,5,193 | 2 | 6 |

ഇടവകകളുടെ ചെലവിൽ ൩൦൦ രൂപ കൂടിട്ടുണ്ട്. ഈ കൂടുതൽ, ഡിസ്ത്രിക്ട് കൌൻസിലുകൾക്കുണ്ടായ അധികച്ചെലവുമൂലം ഉണ്ടായിട്ടുള്ളതാണ്. ഗവമ്മെണ്ടു ഗ്രാൻറുവക കുടിശ്ശിക കിട്ടിയ ൮൨൧ രൂപ കൌൻസിലുകളുടെ പഴയ കടം വീട്ടുന്നതിലേക്കു ഉപയോഗപ്പെടുത്തി. തന്നാണ്ടിൽ കൌൻസിലുകൾക്കുണ്ടായ ചെലവു വഹിക്കേണ്ടതിലേക്കു മുൻപ്രസ്താവിച്ചിട്ടുള്ളതുപോലെ പലിശയ്ക്കു കിടന്നതും ആവൎത്തിപ്പാൻ നിവൃത്തിയില്ലാത്തതുമായ ൭൦൦൦ രൂപ പൊതുമുതലിൽനിന്നു എടുക്കേണ്ടിവന്നു. ഇങ്ങനെ ഒരു തുക ൧൮൯൦-ൽ ആശിപ്പാനില്ല. അതുകൊണ്ടു വേല കുറച്ച് ചെലവു ചുരുക്കുക എന്നൊരു മാൎഗ്ഗമേയുള്ളു. പണവിചാരകബോൎഡു അപ്രകാരം ചെയ്തുതുടങ്ങി.

സഭവകപൊതുമുതലിൽ ആണ്ടവസാനത്തിൽ ൨൧൯൮ രൂപ ൧ ണ. ൪ പ. മിച്ചമുണ്ടായിരുന്നതു ഡിസ്ത്രിക്ട് കൌൻസിലുകളുടെ കടംവീട്ടുവകയ്ക്കു മാററിവെച്ചു.

ഗവമ്മെണ്ട് ഗ്രാൻറ് വകയിൽ എത്ര രൂപ കിട്ടുമെന്നു നിശ്ചയിപ്പാൻ നിവൃത്തിയില്ലാത്തതുകൊണ്ടു വരവുചെലവു കണക്കു തൃപ്തികരമായി നിജപ്പെടുത്തുവാൻ പ്രയാസമാണ്. ഇതിനുള്ള ഏകപരിഹാരം ഗ്രാൻറുമെമ്മോകളിൽ ആവശ്യപ്പെട്ടിരിക്കുന്ന വ്യവസ്ഥകളെ അചിരേണ നിവൎത്തിക്കുക എന്നുള്ളതാണ്. അതിനും പണച്ചെലവുണ്ട്. ആണ്ടുതോറും അററകുററപ്പണിവകയ്ക്കായി കൌൻസിൽ ബഡ്ജററുകളിൽ കൊള്ളിക്കുന്ന തുകകൾ ഈ ആവശ്യങ്ങൾക്കു മതിയാകാതെയാണിരിക്കുന്നത്. തക്കസമയത്തു ഗ്രാൻറുവ്യവസ്ഥകൾ നിവൎത്തിക്കുന്നതിനു നമ്മുടെ പാവപ്പെട്ട ഉപസഭാംഗങ്ങൾക്കു ധനശക്തിയില്ല എന്നുള്ളതും ഓൎത്തിരിപ്പാനുള്ളതാണ്.

അമ്പതു വൎഷങ്ങൾക്കു മുമ്പു, മഹായിടവക രൂപീകരിക്കപ്പെട്ടപ്പോൾ, സ്ഥലത്തുനിന്നുള്ള വരുമാനം ൪,൩൧൫ രൂപയായിരുന്നു. 47-ാം പുറത്തു കാണിച്ചിരിക്കുംപോലെ ൧൮൨൮-ലെ വരുമാനം ൯൨,൮൯൭ രൂപയാണ്. ആദ്യത്തെ സംഖ്യ പിരിച്ചകാലത്തു മിഷ്യനിൽചേൎന്ന, സ്നാനപ്പെട്ട സഭാംഗങ്ങളായിട്ടു ൧൯,൫൩൫ ആളുകളെ ഉണ്ടായിരുന്നുള്ളു. ഇപ്പോഴാകട്ടെ, സ്നാനപ്പെട്ട സഭാംഗങ്ങൾ ൭൫,൫൧൧ ആണ്. കഴിഞ്ഞ ശതവൎഷത്തിൽ ജനസംഖ്യയിൽ ൫൯,൮൩൩ ആളുകളും വരുമാനത്തിൽ ൩൮,൨൩൨ രൂപയും കൂടുതലുള്ളതായി കാണാം. അതുകൊണ്ടു ൧൮൨൮-ലെ മാനനിരക്കു ൧൭൯൮-ലേതിനേക്കാൾ കൂടുതലാണ്. ഇതു തൃപ്തികരമത്രേ. എന്നാൽ ൧൭൯൮-ൽ കൌൻസിൽഏൎപ്പാടു നടപ്പാക്കിയതിനോടുകൂടിയാണ് സ്ഥലത്തുനിന്നു മുറയ്ക്കുള്ള പിരിവുകൾ ശേഖരിപ്പാൻ തുടങ്ങിയതു എന്നും, അപ്പോൾ കൌൻസിൽഏൎപ്പാടു തുടങ്ങീട്ടു പത്തു വൎഷം മാത്രമേ ആയിട്ടുള്ളു എന്നും ഓൎത്തിരിപ്പാനുള്ളതാണ്. നമ്മുടെ ജനങ്ങൾക്കു ഇപ്പോൾ, കൊടുക്കുന്ന കാൎയ്യത്തിൽ അറുപതു വൎഷത്തെ പരിചയം സിദ്ധിച്ചിട്ടുണ്ട്. തങ്ങളുടെ സ്വന്തമാണ് സഭ എന്നുള്ള നിലയിൽ സഭയുടെ ഉണ്മയായ സ്വയഭരണത്തെക്കുറിച്ചുള്ള ബോധം വളൎന്നുവരുന്നതോറും അതിന്റെ സ്വയസഹായിപ്പിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധവും വളൎന്നുകൊണ്ടുതന്നേയിരിക്കും എന്നു പ്രത്യാശിക്കാവുന്നതാണ്.

# X

## വസ്തുക്കൾ

ഓരോകാലത്തു പല പല സ്ഥലങ്ങളിൽ താമസിച്ചു വേലചെയ്ത മിഷ്യനറിമാർ, സി. എം. എസിൻെറ പേരിൽ വളരെ ഏക്കർ ഭൂമി സമ്പാദിച്ചിട്ടുണ്ട്. ഈ കാൎയ്യത്തിൽ പ്രവൎത്തിച്ചിട്ടുള്ളവരിൽ ആൎച്ച്ഡീക്കൻ കെയിലിസായ്പിൻെറയും എ. എഫ്. പെയിൻറർസായ്പിൻെറയും നാമങ്ങൾ സ്മരണീയങ്ങളാണ്. വളരെ അദ്ധ്വാനപ്പെട്ടും കഷ്ടം സഹിച്ചും അവർ വളരെ ഏക്കർ സ്ഥലങ്ങൾ സമ്പാദിച്ചിട്ടുണ്ട്; പ്രത്യേകം മലയിടവകകളായ മേലുകാവു, എരുമാപ്ര, മങ്കൊമ്പു സ്ഥലങ്ങളിലാണ്. ഗിൽബിമെത്രാപ്പൊലീത്താ, അദ്ദേഹത്തിൻെറ ഭരണകാലത്തു ആരംഭിച്ചിട്ടുള്ള ഉപസഭകൾക്കുവേണ്ടി ധാരാളം സ്ഥലങ്ങൾ വാങ്ങിട്ടുണ്ടെന്നു ആപ്പീസുറിക്കാർട്ടുകൾകൊണ്ടു കാണുന്നു. പാട്ടക്കാരിൽ അധികംപേരിൽനിന്നും ശരിയായ പാട്ടച്ചീട്ടുകൾ വാങ്ങിച്ചിട്ടില്ല. അവരവൎക്കു ചുമത്തീട്ടുള്ള നിസ്സാരമായ പാട്ടം സമയത്തിനു കൊടുത്തുതീൎക്കാതെ ഇട്ടിരുന്നതുകൊണ്ടു കുടിശ്ശിക വൎദ്ധിച്ചു. ചില പാട്ടക്കാർ വസ്തുവിന്മേൽ തങ്ങൾക്കുള്ള മേഹണ്ഡാവകാശം അന്യൎക്കു വിററു. വേറെ ചിലർ വസ്തുക്കളിന്മേൽ അസാധാരണങ്ങളായ അവകാശങ്ങൾ പറഞ്ഞു പാട്ടം മുട്ടം കൊടുക്കാതെയും ആയി.

മഹാഇടവക മുട്ടുകൾ, വസ്തുക്കളെ സംബന്ധിച്ചു ഇങ്ങനെയും ഇതുപോലെയുമുള്ള മററു വിഷമങ്ങളെയും കുറിച്ചു ധനകാൎയ്യവിചാരകബോർഡ് ശ്രദ്ധയോടെ ആലോചിച്ചുകൊണ്ടുവരികയായിരുന്നു.

ഈ പ്രയാസങ്ങളെ ഒഴിക്കുന്നതിനായി ആദ്യംതന്നെ ഓരോ ഇനത്തിലുള്ള സകല വസ്തുക്കളുടെയും വിവരത്തിനു റിക്കാർട്ടു ചമയ്ക്കേണ്ടതു അത്യാവശ്യമാണെന്നു വിചാരിച്ച്, ആ സാദ്ധ്യനിവൃത്തിക്കായി ഒരു സബ്ബ്കമ്മററിയെ നിയമിച്ചു. റിപ്പോർട്ടുവൎഷത്തിൽ ഈ കമ്മററി അധികമൊന്നും ചെയ്യുകാണാഞ്ഞതുകൊണ്ടു പ്രസ്തുത വേലയെ ഉദ്ധരിപ്പെടുത്തുന്നതിനായി പ്രത്യേക ഏൎപ്പാടു ചെയ്യേണ്ടതായി വന്നു. വസ്തുക്കളെക്കുറിച്ചു അറിഞ്ഞിരിക്കേണ്ട വിവരണങ്ങളോടുകൂടിയ ഒരു പുസ്തകം തയ്യാർചെയ്തു വരികയാണ്. ഇതു പൂൎത്തി ആയശേഷം, വസ്തുക്കളുടെമേൽ ഇടവകകൾക്കുള്ള അവകാശം, ഭാവിഭരണക്രമം ആദിയായ സംഗതികളെക്കുറിച്ചു ആലോചിക്കുന്നതാണ്.

ആൎച്ച്ഡീക്കൻ കെയിലി **ചേരിക്കൽ** എന്നു വിളിച്ചുവരുന്നതും മേലുകാവു, എരുമാപ്ര കുന്നുകൾക്കു മദ്ധ്യേ സ്ഥിതിചെയ്യുന്നതും ൭൦൦ ഏക്കറോളം വിസ്തീൎണ്ണമുള്ളതുമായ സ്ഥലത്തിൽനിന്നു ലഭിക്കുന്ന ആദായങ്ങൾ ആൎക്കാണ് മുറപ്രകാരം കിട്ടേണ്ടതു എന്നുള്ളതിനെക്കുറിച്ച്, മേലുകാവു, എരുമാപ്ര ഇടവകകൾ തമ്മിൽ ഒരു തൎക്കം ഉത്ഭവിച്ചു. ഇവരുടെ വാദമുഖങ്ങളെ കേട്ടു ഒരു റിപ്പോർട്ടു സമൎപ്പിക്കുന്നതിനു ധനകാൎയ്യവിചാരകബോർഡ് ഒരു സബ്ബ്കമ്മററിയെ നിയമിച്ചു. സബ്ബ്കമ്മററി റിപ്പോർട്ടു സമൎപ്പിച്ചും കഴിഞ്ഞു. എങ്കിലും അതിൻെറ പൎയ്യാലോചന നീട്ടിവെക്കേണ്ടി വന്നു.

പ്രസ്തുത ആണ്ടിൽ ആകെപ്പാടെയുള്ള ഭൂവരുമാനം തലേ ആണ്ടിൽ കിട്ടിയതിനെക്കാൾ ൫൦൦൦ രൂപാ കുറവാണ്. ഈ കുറവിൻെറ കാരണം പാട്ടം ശരിയായി പിരിഞ്ഞുകിട്ടായ്കകൊണ്ടോ ചൎച്ച്കമ്മററികൾ അന്വേഷിച്ചുവരുന്ന സ്ഥലങ്ങളിലെ രണ്ടു പ്രധാന ആദായമാൎഗ്ഗങ്ങളായ കുരുമുളകു, നാളികേരം എന്നിവയുടെ വില ഇടിഞ്ഞുപോയതുകൊണ്ടോ എന്നു നിശ്ചയിക്കുന്നതിനു വേണ്ട അറിവു ലഭിച്ചിട്ടില്ല. അടുത്ത ആണ്ടിൽ വസ്തുക്കളെ സംബന്ധിച്ചു പൂൎണ്ണമായ ഒരു റിപ്പോർട്ടു സമൎപ്പിക്കുന്നതിനു സാദ്ധ്യമാകും എന്നു പ്രത്യാശിക്കുന്നു.

## സമാപ്തി

ഈ മഹാഇടവക അമ്പതു വൎഷമായിട്ടു നിലനിന്നു പോരുന്നു. ജൂബിലി ആണ്ടും വന്നുകഴിഞ്ഞു. ഇതു പുറകോട്ടും മുമ്പോട്ടും നോക്കേണ്ട ഒരു കാലഘട്ടമാണ്. പുറകോട്ടു നോക്കുമ്പോൾ, കഴിഞ്ഞ കാലങ്ങളിൽ ദൈവം നമ്മുടെ ഇടയിൽ പ്രവൎത്തിച്ചിട്ടുള്ള എല്ലാവറെറയും—സഭയുടെ വളൎച്ച, പല വിഷയങ്ങളിലുമുള്ള അതിയായ പുരോഗതി, അവിടുത്തെ സേവയ്ക്കായി ഒഴിഞ്ഞുകൊടുത്ത ഭക്തന്മാരുടെ ശ്രേഷ്ഠവും പ്രതിഷ്ഠിതങ്ങളും ആയ ജീവിതങ്ങൾ, അമ്പതു വൎഷക്കാലം തന്റെ സഭയുടെ സേവനം മുതലായ എല്ലാവറെറയും—ഓൎക്കുമ്പോൾ താഴ്മയോടും വണക്കത്തോടുംകൂടി ദൈവത്തെ സ്തുതിക്കാതിരിപ്പാൻ നിവൃത്തി ഇല്ല. എന്നാൽ നമ്മുടെ അനേകം വീഴ്ചകളെയും അപജയങ്ങളെയും പുരോഗതിക്കുള്ള മന്ദതയെയും ഓൎത്തു നാം വിലപിക്കേണ്ടതുമാണ്. ഇങ്ങനെയുള്ള അവസരങ്ങളിൽ എല്ലായ്പോഴും ഉണ്ടാകാറുള്ളതുപോലെ, നമുക്കു സന്തോഷത്തിനും അഭിനന്ദനത്തിനും കാരണം കാണ്മാനുണ്ട്. അപ്രകാരം തന്നെ താഴുന്നതിനും കാരണമുണ്ട്. ദൈവം നമ്മോടുകൂടെയുള്ളതുകൊണ്ടു നാം പ്രത്യാശയോടുകൂടെ മുമ്പോട്ടു നോക്കുന്നു. 'നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലെപ്പോലെ ഭൂമിയിലും ചെയ്യപ്പെടേണമേ; നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ' എന്നുള്ള പ്രാൎത്ഥനയോടുകൂടെ നമുക്കു പുതുതായി പ്രവൎത്തിച്ചുതുടങ്ങാം.

തന്റെ ഇഷ്ടം ചെയ്കയും തന്റെ പരിശുദ്ധനാമം വിശുദ്ധീകരിക്കയും തന്റെ രാജ്യത്തിന്റെ വരവിനെ വേഗതപ്പെടുത്തുകയും ചെയ്യേണ്ടതാണ് എന്നുള്ളതു നമ്മുടെ ലാക്കാക്കിത്തീൎക്കുന്നപക്ഷം, നമ്മുടെ സഭയിൽ വാസ്തവമായ വൎദ്ധനവു—ഈ റിപ്പോർട്ടിന്റെ ആരംഭത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെയുള്ള വൎദ്ധനവു—നിശ്ചയമായി കാണും. എന്തെന്നാൽ നമ്മുടെ സഭ, 'യേശുക്രിസ്തു തന്നെ പ്രധാന മൂലക്കല്ലായിരിക്കെ, അപ്പോസ്തലന്മാരുടെയും പ്രവാചകന്മാരുടെയും അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിട്ടുള്ള' തന്റെ സഭയാകുന്നു.

# അനുബന്ധം I

## എലന്തൂർ ഡിസ്ത്രിക്ട് കൌൺസിലിൻെറ ൧൦൮൦-ലെ വരവുചെലവു കണക്ക്

| വരവു | അടങ്കൽ. ക. | സാക്ഷാൽ വരവു. ക. | ണ. | പ. |
|---|---|---|---|---|
| ഇടവകകളിൽനിന്നു നിത്യച്ചെലവു | | | | |
| ഇക | 2,200 | 2,201 | 0 | 0 |
| പള്ളിക്കൂടങ്ങൾക്കു സർക്കാർഗ്രാൻറു് | 9,336 | 7,532 | 12 | 7 |
| സെൻട്രൽഫണ്ടു ഗ്രാൻറു് | 5,285 | 5,285 | 0 | 0 |
| ടി തല്ക്കാലഗ്രാൻറു് | 889 | 889 | 0 | 0 |
| കോന്നിത്തോട്ടം | 240 | 200 | 0 | 0 |
| അട്ടർമിഷ്യൻ (ഏനാത്തിടവകയ്ക്കു) | 16,00 | 1,600 | 0 | 0 |
| ചർച്ച് ആർമി ഫണ്ട് | | 480 | 0 | 0 |
| കൌൺസിൽ കട കണക്കിലേക്കു മാററിയതു് | | 482 | 1 | 3 |
| ആകെ | 19,550 | 18,669 | 13 | 10 |

| ചെലവു | അടങ്കൽ. ക. | സാക്ഷാൽ ചെലവു. ക. | ണ. | പ. |
|---|---|---|---|---|
| ശമ്പളം, പെൻഷ്യൻ:— | | | | |
| പട്ടക്കാർ | 1,815 | 1,809 | 0 | 0 |
| ഉപദേശിമാർ | 710 | 1,038 | 0 | 0 |
| ആശാൻഉപദേശിമാർ | 5,860 | 5,842 | 0 | 0 |
| അദ്ധ്യാപകന്മാർ | 9,400 | 8,369 | 0 | 7 |
| ശമ്പളക്കൂടുതൽ | 150 | | | |
| പകരം ജോലിനോക്കിയവർ | 150 | 191 | 5 | 3 |
| സ്ഥലംമാററം | 75 | 106 | 9 | 0 |
| പെൻഷ്യനും മിനഅലവൻസും | 80 | 60 | 0 | 0 |
| സഞ്ചാരപ്പടി | 325 | 294 | 0 | 0 |
| വീട്ടുക്കൂലി | 190 | 186 | 0 | 0 |
| സ്ഥലംവാങ്ങിക്ക, കെട്ടിടംപണി, കേടുപോക്ക, സാമാനങ്ങൾ മുതലായവ | 350 | 350 | 0 | 0 |
| ഗ്രാൻറു:—സുവിശേഷകഫണ്ട് | 200 | 200 | 0 | 0 |
| ലാണ്ട് ഏജൻറു് | 20 | 20 | 0 | 0 |
| ആപ്പീസു ചെലവുകൾ | 100 | 100 | 0 | 0 |
| അച്ചടിച്ചെലവു | 40 | 32 | 13 | 0 |
| കൌൺസിൽ ഭക്ഷണച്ചെലവു | 45 | 52 | 10 | 0 |
| പ്രവൎത്തകന്മാരുടെ പരിക്ഷച്ചെലവു | 5 | 4 | 8 | 0 |
| പലവക | 35 | 14 | 0 | 0 |
| ആകെ | 19,550 | 18,669 | 13 | 10 |

## അനുബന്ധം II

### ഏററുമാനൂർ ഡിസ്ത്രിക്ക്കൌൺസിലിൻെറ ൧൧൨൫-ലെ വരവുചെലവു കണക്ക്

| വരവു | അടങ്കൽ. ക. | സാക്ഷാൽ വരവു. ക. | ണ. | പ. |
|---|---|---|---|---|
| ഇടവകകളിൽനിന്ന നിത്യച്ചെലവു | | | | |
| തുക | 1,522 | 1,522 | 0 | 0 |
| വസ്തുക്കളിൽനിന്നുള്ള വരുമാനം | 100 | 100 | 0 | 0 |
| പള്ളിക്കൂടങ്ങൾക്കു സർക്കാർ ഗ്രാൻറു് | 4,339 | 3,748 | 12 | 7 |
| സെൻട്രൽഫണ്ട് ഗ്രാൻറു് | 6,095 | 6,095 | 0 | 0 |
| ടി തല്ക്കാല ഗ്രാൻറു് | 779 | 779 | 0 | 0 |
| കൌൺസിൽ കട കണക്കിലേക്കു | | | | |
| മാററിയതു | | 519 | 5 | 2 |
| ആകെ | 12,835 | 12,764 | 1 | 9 |

| ചെലവു | അടങ്കൽ. ക. | സാക്ഷാൽ ചെലവു. ക. | ണ. | പ. |
|---|---|---|---|---|
| ശമ്പളം, പെൻഷ്യൻ :— | | | | |
| പട്ടക്കാർ | 2,005 | 1,903 | 0 | 0 |
| ഉപദേശിമാർ | 615 | 612 | 0 | 0 |
| ആശാൻ ഉപദേശിമാർ | 4,165 | 4,190 | 0 | 0 |
| അദ്ധ്യാപകന്മാർ | 4,250 | 4,381 | 14 | 0 |
| ശമ്പളക്കൂടുതൽ | 130 | ... | ... | ... |
| പകരം ജോലി നോക്കിയവർ | 150 | 198 | 9 | 6 |
| സ്ഥലംമാററം | 100 | 106 | 6 | 0 |
| പെൻഷ്യനും ദിനഅലവൻസും | 60 | 55 | 0 | 0 |
| സഞ്ചാരപ്പടി | 415 | 396 | 3 | 3 |
| വീട്ടുക്കൂലി | 55 | 51 | 0 | 0 |
| സ്ഥലം വാങ്ങിക്ക, കെട്ടിടംപണി, കേ | | | | |
| ടുപോക്ക, സാമാനങ്ങൾ മുതലായവ | 415 | 415 | 0 | 0 |
| ഗ്രാൻറു് :—സുവിശേഷകഫണ്ട് | 200 | 200 | 0 | 0 |
| ലാണ്ട് ഏജൻറു് | 20 | 20 | 0 | 0 |
| ആപ്പീസു ചെലവുകൾ | 100 | 100 | 0 | 0 |
| അച്ചടിച്ചെലവു | 40 | 32 | 13 | 0 |
| കൌൺസിൽ ഭക്ഷണച്ചെലവു | 50 | 53 | 0 | 0 |
| പ്രവർത്തകന്മാരുടെ പരീക്ഷച്ചെലവു | 5 | 6 | 0 | 0 |
| പലവക | 60 | 43 | 4 | 0 |
| ആകെ | 12,835 | 12,764 | 1 | 9 |

## അനുബന്ധം III

### കോട്ടയം ഡിസ്ട്രിക്റ്റ് കൌൺസിലിൻെറ ഫൻവൻ-ലെ വരവു ചെലവു കണക്ക്

| വരവു | അടങ്കൽ. | സാക്ഷാൽ വരവ് | | |
|---|---|---|---|---|
| | ക. | ക. | ണ. | പ. |
| ഇടവകകളിൽനിന്നു നിത്യച്ചെലവുവക | 6420 | 6420 | 0 | 0 |
| വസ്തുക്കളിൽനിന്നുള്ള വരുമാനം | 200 | 200 | 0 | 0 |
| പള്ളിക്കൂടങ്ങൾക്കു സർക്കാർ ഗ്രാൻറു് | 10,003 | 9176 | 14 | 5 |
| സെൻട്രൽഫണ്ടു് ഗ്രാൻറു് | 3990 | 3990 | 0 | 0 |
| ടി തൽകാല ഗ്രാൻറു് | 907 | 907 | 0 | 0 |
